കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കോഴിക്കോട് ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി.പി.14/21/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി 20.03.2019.

ജോയിന്റ് ഡയറക്ടർ

കോഴിക്കോട്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ജില്ലാ പഞ്ചായത്ത്, കോഴിക്കോട്

സർ

വിഷയം : കോഴിക്കോട് ജില്ലാ പഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് ജില്ലപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാപഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 20, 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)കാര്യാലയ പ്രതി

നം. കെ.എസ്.എ.കെ.കെ.ഡി.പി.14/21/2019 തീയതി : 20.03.2019.

## കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

2017-18 വർഷ ഓഡിറ്റ് രണ്ട് ഘട്ടങ്ങളായാണ് നടത്തിയത്. 01.04.2017 മുതൽ 31.12.2017 വരെയുള്ള ഇടക്കാല ഓഡിറ്റ് റിപ്പോർട്ട് ഈ ഓഫീസിൽ നിന്നും കെ.എസ്.എ.കെ.കെ.ഡി.പി.14/630/18 തീയതി 28.3.2018 ആയി പുറപ്പെടുവിക്കുകയും ആയതിന് സെക്രട്ടറി സമർപ്പിച്ച മറുപടി പരിശോധിച്ച് നമ്പർ കെ.എസ്.എ.കെ.കെ.ഡി.പി.14/2208/18 തീയതി 14.02.2019 ആയി അനന്തര പരാമർശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഇടക്കാല ഓഡിറ്റ് റിപ്പോർട്ടിലെ പരിഹരിക്കാതെ അവശേഷിക്കുന്ന പരാമർശങ്ങളും 01.01.2017 മുതൽ 31.03.2018 വരെയുള്ള രണ്ടാം ഘട്ട ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ 01.04.2017 മുതൽ 31.12.2017 വരെയുള്ള കെ.എസ്.എ. കെ.കെ.ഡി.പി.14/630/2018 നമ്പർ ഓഡിറ്റ് റിപ്പോർട്ടിന് 14.02.2019 ന് പുറപ്പെടുവിച്ച പുനരഭിപ്രായക്കുറിപ്പ് പ്രകാരം തീർപ്പാക്കാനവശേഷിക്കുന്ന പരാമർശങ്ങൾ കൂടി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ജില്ലാ പഞ്ചായത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. പി. ഉണ്ണികൃഷ്ണൻ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.01.2018 മുതൽ 06.03.2018 വരെയും<br>08.10.2018 മുതൽ 20.10.2018 വരെയും<br>13.03.2019 മുതൽ 14.03.2019 വരെയും |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.മനോഹരൻ.എം | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. കെ.പി.ഹരി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. ബാലകൃഷ്ണൻ. കെ.എം. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഗിരീശൻ പാറപ്പോയിൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.കെ.ബാലസുബ്രഹ്മണ്യൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജ്യോതിമോൻ. സി.സി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കരുണാകരൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. പ്രബോധ് കുമാർ. ഇ.എം. | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശ്യാംജിത്ത്.എം | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. പി. ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയകുമാർ പാലോളി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.എൻ രാജീവൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. രാജിമ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. മനോഹരൻ. എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ശ്രീ. ജാസിർ. സി.എം. | ഓഡിറ്റർ |
| ശ്രീ. വിജേഷ്. കെ.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബാബു പറശ്ശേരി | 01.04.2017 മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ.ഫിലിപ്പ്.പി.ഡി | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ശ്രീ ടി അഹമ്മദ് കബീർ | 1-04-2017 മുതൽ 31-3-2018 വരെ |
| 2 | മാനേജർ, ജില്ല വ്യവസായ കേന്ദ്രം കോഴിക്കോട് | ശ്രീ ടി വി ഷുഹൈബ് | 1-04-2017 മുതൽ 17.1.18 വരെ |
| | | ശ്രീ അബ്ദുൾ റാജിബ്.പി.വി | 17.1.18 മുതൽ 31.3.18 വരെ |
| 3 | പ്രോഗ്രാം ഓഫീസർ ജില്ലാതല ഐസിഡി എസ് സെൽ | ശ്രീമതി ഹഫ്സത്ത് ടി | 1-04 -2017 മുതൽ 31-03-2018 വരെ |
| 4 | സീനിയർ കൃഷി ഓഫീസർ സംസ്ഥാന വിത്തുൽപാദന കേന്ദ്രം | ശശി പൊന്നണ | 1-04 -2017 മുതൽ 31-03-2018 വരെ |
| 5 | സൂപ്രണ്ട്ജില്ല ആശുപത്രി, വടകര | ഡോ അലി കെ വി | 1-04-2017 മുതൽ 31-03-2018 വരെ |
| 6 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി | മുഹമ്മദ് അഷ്റഫ് എ | 1-04-2017മുതൽ 31-03-2018വരെ |
| 7 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി | അബ്ദുൾ സലിം.എം | 1-04-2017മുതൽ 31-03-2018വരെ |

| | | | |
|---|---|---|---|
| 8 | ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ എസ് എൻ രവികുമാർ അധികചുമതല | 1-04-2017മുതൽ 2-4-2017വരെ |
| | | ഡോ സരിത ആർ.എൽ | 3-4-2017 മുതൽ 7-4-2017 വരെ |
| | | ഡോ ആശാദേവി | 7-4-2017 മുതൽ 16-07-2017 വരെ |
| | | ഡോ ജയശ്രീ.വി | 17-07-2017 മുതൽ 31-03-2018 വരെ |
| 9 | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം ) | ഡോ എ സി മോഹൻദാസ് | 1-04-2017 മുതൽ 10-12-17 വരെ |
| | | ഡോ അബ്ദു സമദ് | 11-12-2017 മുതൽ 31-03-2018 വരെ |
| 10 | ജില്ലാ കോ ഓർഡിനേറ്റർ -ശുചിത്വമിഷൻ& അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി & എം) | കെ പി വേലായുധൻ | 1.4.2017 മുതൽ 16.7.2017 വരെ |
| | | ശ്രീമതി കബനി | 17.7.2017 മുതൽ 31.3.2018 വരെ |
| 11 | ജില്ല വിദ്യാഭ്യാസ ഉപ ഡയറക്ടർ | ഡോ ഗിരീഷ് ചോലയിൽ | 1-04-2017 മുതൽ 7-08-2017 വരെ |
| | | സുരേഷ് കുമാർ ഇ കെ | 08-08-2017 മുതൽ 31-3-2018 വരെ |
| 12 | ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ വി മണിക്കുട്ടൻ | 1-04-2017 മുതൽ 29-6-2017വരെ |
| | | ഡോ ടി വൈ ശ്രീലേഖ | 29-6-2017 മുതൽ 9-07-2017 വരെയും 1.8.17 മുതൽ 18.10.17 വരെയും |
| | | ഡോ റഫീഖാ ബീഗം | 10-07-2017 മുതൽ 31-07-2017 വരെ |

| | | | |
|---|---|---|---|
| | | ഡോ വി അബ്ദുൾ സലീം | 18.10.17 മുതൽ 31-03-2018 വരെ |
| 13 | ജില്ലാ മണ്ണസംരക്ഷണ ഓഫീസർ | ടി പി ആയിഷ | 1-04-2017 മുതൽ 31-03-2018 വരെ |
| 14 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | ടി എം മറിയംഹസീന | 1-04-2017മുതൽ 31-03-2018വരെ |
| 15 | ജില്ല മെഡിക്കൽ ഓഫീസർ ഭാരതീയ ചികിത്സാ വകുപ്പ് | ഡോ എം എസ് റസിയ | 1-04-2017 മുതൽ 30-4-2017 വരെ |
| | | ഡോ ഒ.കെ ഷെർളി | 2-5-2017 മുതൽ 31-07--2017 വരെ |
| | | ഡോ ലിൻസി പി മഞ്ഞളിയിൽ | 1-08-2017 മുതൽ 10-08-2017 വരെ |
| | | ഡോ. എം.എസ്. റസിയ | 10-8-2017 മുതൽ 13-10-2017 വരെ |
| | | ഡോ എൻ ശ്രീകുമാർ | 13-10-2017 മുതൽ 31-03-2018 വരെ |
| 16 | സൂപ്രണ്ട് ഗവൺമെന്റ് വിമൻസ് പോളിടെക്നിക്ക് മലാപ്പറമ്പ് | ബീന.പി.സി | 1-4-2017 മുതൽ 31-3-18 വരെ |
| 17 | സൂപ്രണ്ട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വടകര | സുരജിത്ത് എ വി | 1-04-2017മുതൽ 31-03-2018വരെ |
| 18 | സൂപ്രണ്ട് ജില്ല ആയുർവേദ ആശുപത്രി | ഡോ കെ എം ശ്രീദേവി | 1-04-2017 മുതൽ 12.7.17വരെ |
| | | ഡോ ലിൻസി പി.മഞ്ഞളി | 12-7-2017 മുതൽ 12.10.17വരെ |
| | | ഡോ ജെസ്സി പി സി | 12-10-2017 മുതൽ |

| | | | |
|---|---|---|---|
| | | | 31-03-2018 വരെ |
| 19 | ജില്ല സാമൂഹ്യ നീതി ഓഫീസർ | ശ്രീമതി ടി പി സാറാമ്മ | 1-04-2017മുതൽ 22-09-2017വരെ |
| | | ശ്രീമതി ഷീബ മുംതാസ്.സികെ | 22-09-2017 മുതൽ 31.12.2017 വരെയും 8.3.18 മുതൽ 31.3.18 വരെയും |
| | | ശ്രീ പരമേശ്വരൻ പി | 1-01-2018മുതൽ 8-03-2018വരെ |
| 20 | അസിസ്റ്റന്റ് ഡയറക്ടർ പ്രാദേശിക കോഴി വളർത്തുകേന്ദ്രം , ചാത്തമംഗലം | ഡോ സി ജലാലുദ്ദീൻ | 1-04-2017മുതൽ 31-03-2018വരെ |
| 21 | സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം കൂത്താളി | ശ്രീ.ശശി പൊന്നണ | 1.4.17 – 23.5.17<br>15.8.17 – 28.8.17<br>1.11.17 – 6.12.17 |
| | | ശ്രീമതി.ബിന്ദു.വി | 24.5.17 – 14.8.17<br>29.8.17 – 31.10.17 |
| | | ശ്രീ.ചന്ദ്രശേഖരൻ.എൻ | 7-12-2017 മുതൽ 31-03-2018 വരെ |
| 22 | പ്രോജക്ട് ഡയറക്ടർ , ദാരിദ്ര്യ ലഘൂകരണ വിഭാഗം | രവീന്ദ്രൻ പി | 1-04-2017 മുതൽ 31-03-2018 വരെ |
| 23 | ഡെപ്യൂട്ടി ഡയറക്ടർ YP കൃഷി | ശ്രീമതി ജയശ്രീ പി എൻ | 1.04.2017 മുതൽ 31.3.18 വരെ |
| 24 | ഡെപ്യൂട്ടി ഡയറക്ടർ WM കൃഷി | ജോജി ഫിലിപ്പ് | 1-04-2017 മുതൽ 30-06-2017 വരെ |
| | | സുരേഷ് എച്ച് (ഇൻ ചാർജ്ജ്) | 1-07-2017 മുതൽ 29-07-2017 വരെ |

| | | | |
|---|---|---|---|
| | | | |
| | | ബിന്ദു ആർ | 29-07-2017 മുതൽ<br>31-03-2018 വരെ |
| 25 | ഡെപ്യൂട്ടി ഡയറക്ടർ ,<br>ക്ഷീര വികസനം | ശോഭന എം | 1-04-2017 മുതൽ<br>31-03-2018 വരെ |
| 26 | ജില്ല പട്ടികജാതി<br>വികസന ഓഫീസര | എ കെ രഘുനാഥ് | 1-04-2017 മുതൽ<br>23-04-2017 വരെ |
| | | കെ ജി വിജയപ്രസാദ് | 24-04-2017 മുതൽ<br>31-7-2017 വരെ |
| | | കെ ജെ മൈക്കിൾ | 1-8 -2017 മുതൽ<br>31-03-2018 വരെ |
| 27 | ട്രൈബൽ ഡവലപ്മെന്റ്<br>ഓഫീസർ | ശ്രീ.സയ്യിദ് നയീം | 1.4.17 – 14.5.17<br>1.12.17 – 31.1.18 |
| | | ശ്രീ.രാജീവ് കുമാർ | 15.5.17 മുതൽ<br>30.11.17 വരെ |
| | | ശ്രീ.വിനോദ് കുമാർ.സി | 1.2.18 മുതൽ 31.3.18<br>വരെ |
| 28 | ജില്ലാ വനിതാ ക്ഷേമ<br>ഓഫീസർ | ശ്രീമതി.ശ്രീലത.വി.കെ | 1.4.17 മുതൽ 31.3.18<br>വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബഡ്ജറ്റ് 27.3.17 ലെ 35/17(4) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22.3.18 ലെ 18/18എ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദമായി പരിശോധിച്ചതിൽ നിശ്ചിത നടപടിക്രമങ്ങൾ പാലിച്ചിക്കുന്നതിൽ വീഴ്ച വന്നതായി കാണുകയുണ്ടായി. വാർഷിക പദ്ധതി തയ്യാറാക്കി ഡി പി സി അംഗീകാരം വാങ്ങിയത് ( 8.6.17 നാണ് വാർഷിക പദ്ധതി അംഗീകരിച്ചത്)ബജറ്റ് പാസാക്കിയതിന് ശേഷമായ സാഹചര്യത്തിൽ, അംഗീകാരം കിട്ടിയ മുറയ്ക്ക് തന്നെ അനുസൃതമായ മാറ്റം ബജറ്റിൽ വരുത്തേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

കേരള പഞ്ചായത്തീ രാജ് നിയമം സെക്ഷൻ 214 പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ) സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും

പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ്. (സെക്ഷൻ 214 (1)

(ബി) ഇതുകൂടി പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. [സെക്ഷൻ 214 (1എ)]

(സി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് [സെക്ഷൻ 214 (1എ)]

ഓഡിറ്റിന് സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചതിൽ വീഴ്ചകളുണ്ടായതായി കാണുകയുണ്ടായി. ഓഡിറ്റ് വർഷത്തെ റവന്യൂ വരവ് ചെലവുകൾ സംബന്ധിച്ചും ഇതുൾപ്പെടെ, ആകെ വരവ് ചെലവുകൾ സംബന്ധിച്ചും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കാൻ തയ്യാറാക്കിയ കരട് ബജറ്റ് നിർദ്ദേശങ്ങളും, ഇത് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകളും ഹാജരാക്കാനാവശ്യപ്പെട്ടതിന് ലഭ്യമാക്കിയ ഫയലിൽ ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ നൽകിയ നോൺപ്ലാൻ എസ്റ്റിമേററ് മാത്രമാണുള്ളത്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ അതാതിന്റെ മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. 2017-18വർഷത്തെ നോൺ പ്ലാൻ എസ്റ്റിമേററ് തയ്യാറാക്കുന്നതിനായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശം ലഭ്യമാകുന്നതു തന്നെ 20.1.2017 ന മാത്രമാണ്. നടപടികളിലുണ്ടായ വീഴ്ചകളിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഭരണസമിതിയുടെ അംഗീകാരത്തിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് സമർപ്പിച്ചത് 15.03.17 ന് മാത്രമാണ് എന്നതും നടപടിക്രമങ്ങളിലെ വീഴ്ചയാണ്.

ബജറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആകെ പ്രതീക്ഷിത വരവ് 117.58 കോടി രൂപയും ചെലവ് 116.70 കോടിയുമായിരുന്നു. എന്നാൽ വാർഷികകണക്കുകൾ പ്രകാരം ആകെ വരവ് 111.80 കോടിയും ചെലവ് 103.14 കോടിയുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. (വികസന ഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവയിൽ വകയിരുത്തിയതുക സർക്കാർ ബജറ്റ് പ്രകാരം അനുവദിച്ചതു തന്നെയെങ്കിലും, ചെലവ് അനുവദിച്ച തുകയേക്കാൾ 18.85 കോടി രൂപ കുറവാണ്. വാർഷികകണക്കുകൾ പ്രകാരം ആകെ വരവ് 111.80 രൂപയാണെങ്കിലും മേൽ വ്യത്യാസം കൂടി പരിഗണിച്ച് ആകെ വരവ് 130.65കോടിയെന്ന് പരിഗണിക്കാം) 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം വരവ് ചെലവുകൾ യഥാക്രമം 203.50 കോടിയും 189.17 കോടിയുമായിരിക്കെയാണ് ഇത്തരത്തിലുള്ള വൻ അന്തരം യഥാർത്ഥ വരവു ചെലവുകളിൽ വന്നിരിക്കുന്നതെന്ന് കാണാവുന്നതാണ്.

അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കാത്തതിനും അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 10.07.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 10.07.2018 | നം.കെഎസ്എ കെകെഡി ഇ2/1111/18 (83) 31.8.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 187460521 |
| വരവ് | 930614813 |
| ആകെ | 1118075334 |
| ചെലവ് | 1031452913 |
| നീക്കിയിരിപ്പ് | 86622421 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 414138000 | 414138000 | 318120807 | 9601793 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 12901500 | 12901500 | 98560616 | 30454384 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 5702000 | 5702000 | 5702000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 452056602 | 452056602 | 303578814 | 148477788 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 76083000 | 76083000 | 76083000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | ഇല്ല | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | ഇല്ല | | | |
| സാക്ഷരത | | | ഇല്ല | | | |
| ദുരിതാശ്വാസനിധി | | | ഇല്ല | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എസ്.എസ്.എ. | | 2721985 | 368994 | 3090979 | 854833 | 2236146 |
| ആർ.എം.എസ്.എ. | | | 55481491 | 55481491 | 4685464 | 50796027 |
| മറ്റുള്ളവ | | | 1200000 | 1200000 | 0 | 1200000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 1849770 | 1849770 | - | 1849770 |
| | ഗ്രാമപഞ്ചായത്ത് | | 7007150 | 7007150 | - | 7007150 |
| ബി ഫണ്ട് | | | 169000 | 169000 | 169000 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 27341000 | | 43780413 | (-)16439413 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് ഫാം റവന്യൂ | 5952783 | 23299339 | 29252122 | 8418228 | 20833894 |
| | ട്രഷറി അക്കൗണ്ട് | 178750753 | 52647656 | 231398409 | 222072516 | 9325893 |
| മറ്റിനം | | 15000 | 29481 | 44481 | 15087 | 29394 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1038 | 2014256621 | 409 | 818436210 | 145 | 484 | 39.40 |

<u>പദ്ധതി നിർവ്വഹണത്തിൽ വീഴ്ച - വകയിരുത്തിയ തുകയുടെ 40.63% മാത്രം ചെലവ് – സർക്കാർ ഗ്രാന്റിനത്തിൽ 90.82 കോടി രൂപ നഷ്ടപ്പെട്ടു.</u>

ഓഡിറ്റ് വർഷത്തിൽ പദ്ധതി നിർവ്വഹണത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് കണക്കുകൾ

സൂചിപ്പിക്കുന്നു. 201.42 കോടി രൂപ വകയിരുത്തി 1038 പ്രൊജക്റ്റുകൾക്ക് അംഗീകാരം വാങ്ങിയതിൽ ആകെ 81.84 കോടി രൂപ ചെലവിൽ 566 പ്രൊജക്റ്റുകൾ മാത്രമാണ് നിർവ്വഹിക്കാനായത്. ഇതിൽ പ്രൊജക്റ്റുകൾക്ക് ഭാഗികമായി മാത്രമാണ് തുക വിനിയോഗിച്ചിട്ടുള്ളത്.വിവിധ ഫണ്ടുകളിൽ നിന്നായി ആകെ വകയിരുത്തിയ തുകയും ആകെ ചെലവും പരിഗണിക്കുമ്പോൾ ചെലവ് ശതമാനം 40.63% മാത്രമാണെന്ന് കാണാം.ആകെ വകയിരുത്തിയ 201.42 കോടി രൂപയിൽ 170.1 കോടിരൂപയും ജനറൽ, എസ്.സി.പി, ടി എസ്.പി. എന്നീ ഇനങ്ങളിലെ പ്ലാൻ ഫണ്ട്, റോഡ്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളാണ്. ഈ തുകയിൽ നിന്നും 79.28 കോടി രൂപ മാത്രമാണ് ചെലവഴിക്കാനായതെന്ന് രേഖകൾ വ്യക്തമാക്കുന്നു. ഇതുമൂലം പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് സർക്കർ ലഭ്യമാക്കിയ 90.82 കോടിരൂപ എന്നന്നേക്കുമായി നഷ്ടപ്പെട്ടു.മേൽ നഷ്ടത്തിന്റെ 79% വും നഷ്ടപ്പെടുത്തിയത് (പൊതു മരാമത്ത് മേഖലയിൽ മാത്രം 62.79 കോടിരൂപയുടെ സർക്കാർ ഗ്രാന്റ് നഷ്ടമായിട്ടുണ്ട്.പ്രത്യേക ഖണ്ഡിക കാണുക) എക്സി.എഞ്ചിനീയറാണ്. മറ്റ് നിർവ്വഹണോദ്യോഗസ്ഥരെ പരിഗണിക്കുമ്പോൾ സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർ-മൃഗസംരക്ഷണം, ഡെപ്യൂട്ടി ഡയറക്ടർ-വിദ്യഭ്യാസം, ഡെപ്യൂട്ടി ഡയറക്ടർ-ക്ഷീരവികസനം എന്നിവരും വീഴ്ചയിൽ പങ്കാളികളാണെന്നു കാണാം. (ആകെ വകയിരുത്തിയ തുകയിൽ നിന്നുള്ള ചെലവ് അടിസ്ഥാനപ്പെടുത്തി).

ആസൂത്രണത്തിലെ അപാകതകൾ, പ്രൊജക്ടുകളുടെ ആധിക്യം , സമയബന്ധിതമായ നിർവ്വഹണ നടപടികൾ ഇല്ലാത്തത്, സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉൾപ്പടെയുള്ള മേൽനോട്ട സംവിധാനങ്ങളുടെ ഇടപെടലുകളിലെ വീഴ്ച എന്നിവ മേൽ സ്ഥിതിവിശേഷത്തിന് കാരണമായിട്ടുണ്ട്. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ ഇത് പ്രതിപാദിക്കുന്നുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഓർഫനേജ് ഗ്രാന്റ് ഇനത്തിൽ 2248266 രൂപയും വ്യവസായ വികസന വകുപ്പിലെ ക്രാഫ്റ്റ് തൊഴിലാളികൾക്ക് പെൻഷൻ നൽകാനായി 169000 രൂപയും പിൻവലിച്ചിട്ടുണ്ടെങ്കിലും അവയുടെ കൃത്യ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-11-2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7400/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിൽ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം മുഖ്യ പങ്കു വഹിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിൽ സ്ഥാപനം ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

ജില്ലാപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും വേണ്ടത്ര കാര്യക്ഷമമല്ല. തനതുഫണ്ടിൽ നിക്ഷേപിച്ചതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ ഗ്രാന്റ് തുകകൾ, സംയുക്തപ്രൊജക്ടിനായി ലഭിച്ച തുകകൾ എന്നിവക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രധാന വരവിനങ്ങളായ കെട്ടിട വാടക, ഫാം റവന്യൂ, വ്യവസായ എസ്റ്റേററ് തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന വരവുകൾ സംബന്ധിച്ച രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡിപ്പോസിററ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്തിന് കീഴിലുള്ള വിവിധഫാമുകളിൽ നിന്നും രശീതി പ്രകാരം പിരിച്ചെടുക്കുന്ന വരവുകളുടെയും അവയുടെ ഒടുക്കിന്റെയും കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം നിലവിലില്ല. ദൈനംദിന പിരിവു തുക ഫാമുകൾ നേരിട്ട് ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്തുവരുന്നത്. പിരിവിന്റെ കളക്ഷൻരജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ ന്യൂനതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. .

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്തരാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ്

നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്ററാൻഡിംഗ് കമ്മിററി ബജററ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെക്കേണ്ടതുമാണ്. 2017-18വർഷത്തെ നോൺ പ്ലാൻ എസ്റ്റിമേററ് തയ്യാറാക്കുന്നതിനായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്നതു തന്നെ 20.1.2017 ന മാത്രമാണ്. നടപടികളിലുണ്ടായ വീഴ്ചകളിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. കൂടാതെ വാർഷിക പദ്ധതി തയ്യാറാക്കി ഡി പി സി അംഗീകാരം വാങ്ങിയത് ( 08.06.2017 നാണ് വാർഷിക പദ്ധതി അംഗീകരിച്ചത്) ബജറ്റ് പാസാക്കിയതിന് ശേഷമായ സാഹചര്യത്തിൽ അംഗീകാരം കിട്ടിയ മുറയ്ക്ക തന്നെ അനുസൃതമായ മാറ്റം ബജറ്റിൽ വരുത്തേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ജില്ലാപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഫലപ്രദമല്ലാതിരുന്നതിനാൽ ഒട്ടേറെ പ്രൊജക്ടുകൾ ഓഡിറ്റ് വർഷം നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. പ്രവൃത്തി സ്ഥലം നേരിട്ട് സന്ദർശിക്കാതെ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കുന്നതിനാൽ പല എസ്റ്റിമേററുകളും നിർവ്വഹണ ഘട്ടങ്ങളിൽ പുതുക്കേണ്ടി വന്നത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പല പ്രൊജക്ടുകളും യഥാസമയം നടപ്പിലാക്കാൻ കഴിയാതെ ലഭ്യമായ ഫണ്ടുകൾ നഷ്ടപ്പെടാനിടയാക്കി. ആസ്തി രജിസ്റ്ററുകൾ യഥാസമയം കാലികമാക്കുന്നില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
വാർഷിക പദ്ധതികളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടിനായി വകയിരുത്തുന്ന തനത് ഫണ്ട് തുകകൾ ചെലവഴിക്കുമ്പോൾ വെബ് സാംഖ്യയിൽ ആവശ്യമായ രേഖപ്പെടത്തലുകൾ വരുത്താത്തതിനാൽ സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ജനറേറ്റ് ചെയ്യുന്ന ചെലവു സ്റ്റേറ്റ്മെന്റിൽ ഇവ പ്രതിഫലിക്കുന്നില്ല എന്ന അപാകതയും സ്ഥാപനത്തിൽ നിലവിലുണ്ടെന്ന് കാണുന്നു. പദ്ധതി ചെലവിനെകുറിച്ച് തെറ്റായ ചിത്രം നല്കാൻ ഇത് കാരണമാകുന്നതാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.09.2017 | 16.5.17-13.9.17 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.04.2018 | 2016-17 2017-18 | LBA(HQ) III/II/8A-33/ 2018-19/67 29.5.18 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വാർഷികകണക്ക് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ മാധ്യമ ശിക്ഷാ അഭിയാനായി തൻ വർഷം ലഭിച്ചതുക 54536945 രൂപയാണ്. എന്നാൽ ഈ ഇനത്തിന്റെ ലഡ്ജർ പരിശോധിച്ചതിൽ 53987381 രൂപയേ വരവ് വന്നിട്ടുള്ളൂ. ഇവതമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. 2017-18 വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികസംഗ്രഹം എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല, അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. തനത് ഫണ്ടിൽ നിക്ഷേപിച്ച ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ, സംയുക്തപ്രോജക്ടിനായി ലഭിച്ചതുകകൾ എന്നിവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4. സംയുക്തപ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയിൽ നിന്നും ലഭിച്ച തുകയുടെ വരവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
5. പ്രധാന വരവിനങ്ങളായ റെന്റ് ഫ്രം ബിൽഡിംഗ്, റെന്റ് ഫ്രം ഓഡിറ്റോറിയം, ഫാം റെവന്യൂ, പേൾടീഫാം, വ്യവസായ എസ്റ്റേറ്റ് തുടങ്ങിയവയിൽ നിന്നുള്ള വരവ് സംബന്ധിച്ച രജിസ്റ്ററുകൾ തയ്യാറാക്കിസൂക്ഷിച്ചിട്ടില്ല.
6. വാർഷികകണക്കിനൊപ്പം സമർപ്പിക്കേണ്ട പത്രികകളിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), ക്യാഷ് ഫ്ളോസ്റ്റേറ്റ്മെന്റ്, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.
7. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇ ടെണ്ടർ ഫീ കൈമാറുന്നതിൽ വീഴ്ച

ജി.ഒ.(പി)524/2015/ഫിൻ./17.11.2015 നമ്പർ ഉത്തരവു പ്രകാരം എസ്റ്റിമേററ് തുക 5 ലക്ഷം രൂപയും അതിനു മുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയുണ്ടായി. കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെയും വിവിധ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെയും മരാമത്ത് പ്രവൃത്തികളുടെ ഇടെണ്ടർ നടത്തിയ വകയിൽ ലഭിച്ച ടെണ്ടർ ഫീ എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എരഞ്ഞിപ്പാലം എസ്.ബി.ഐ.ബാങ്കിലെ 672746215നമ്പറിലുള്ളഅക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ബാങ്ക് അക്കൗണ്ട്, ഫയൽ എന്നിവ പരിശോധിച്ചതിൽ 3.2.2015 മുതൽ 30.10.2018 വരെ ടെണ്ടർ ഫീ ഇനത്തിൽ 16234615/-രൂപ വരവു വന്നിട്ടുണ്ട്. അതിൽ 7590863/-രൂപ താഴെ പറയുംപ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ട്.

| സ്ഥാപനം | തിരികെ നൽകിയ തുക | ചെക്ക് നം./തീയതി |
|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 1000000 | 042617/24.3.2015 |
| ടി | 2500000 | 923421/4.10.2016 |
| ടി | 3500000 | 923422/16.9.2017 |
| കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 530722 | 266857/15.12.2017 |
| കൂത്താളി ഗ്രാമപഞ്ചായത്ത് | 60141 | 266856/28.11.2017 |
| ആകെ | 7590863 | |

മേൽപ്രകാരം തുക കൈമാറിയതിനുശേഷം 30.10.2018 ന് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 8643752/-രൂപയാണ്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ഫീ ഇനത്തിൽ വരവു വന്ന തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്. എന്നാൽ വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കായി ലഭ്യമായ ഇ ടെണ്ടർ ഫീയുടെ വിശദാംശം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമല്ല.

ഫയൽ പരിശോധിച്ചതിൽ കോഴിക്കോട് ജില്ലാപഞ്ചായത്തിന് ഇ ടെണ്ടർ ഫീ ഇനത്തിൽ 31.03.2018 വരെ ലഭിച്ച ആകെവരവ് 6649519 രൂപയാണെന്ന് കാണുന്നു. എന്നാൽ ഈയിനത്തിൽ 7000000/-രൂപ ജില്ലാപഞ്ചായത്തിന് തിരികെ നൽകിയിട്ടുണ്ട്. 350481/-രൂപ അധികമായി നൽകി കാണുന്നു.

ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ വരവു തുക (സ്ഥാപനം തിരിച്ച്) എത്രയാണെന്ന് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചു കാണുന്നില്ല. ഇക്കാര്യത്തിൽ മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/17-18/13.12.2018) എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ലക്ഷക്കണക്കിന് രൂപ രണ്ടു വർഷത്തിലധികമായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുന്നു. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ഇടെണ്ടർ ഫീ ഇനത്തിൽ വരവു വന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പുവരുത്തിയതിനുശേഷം അർഹമായ വിഹിതം

തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാപഞ്ചായത്തിന് കൈമാറിയ അനുവദനീയമായതിൽ കൂടുതലുള്ള തുക തിരികെ ഈടാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് വരവ് വെക്കേണ്ടതാണ്.

## 2-2 ഫാം റവന്യൂ പരിശോധന-അപാകതകൾ

കോക്കനട്ട് നഴ്സറി-തിക്കോടി

(1) 2017 ഏപ്രിൽ 1 മുതൽ 2017 നവംബർ 30 വരെയുള്ള റസീറ്റ് ബുക്കുകൾ പരിശോധിച്ചതിൽ ഇഷ്യൂ ചെയ്ത റസീറ്റ് പുസ്തകങ്ങളുടെ വിവരം ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ രശീതികളുടെ സ്റ്റോക്ക്, ഇഷ്യൂ, നീക്കിബാക്കി എന്നിവയുടെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(2) 2017 ഏപ്രിൽ 1 മുതൽ 2017 നവംബർ 30 വരെയുള്ള ഫാം റവന്യൂ റസീറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 3684463/- (മുപ്പത്തി ആറ് ലക്ഷത്തി എൺപത്തി നാലായിരത്തി നാനൂറ്റി അറുപത്തി മൂന്ന് രൂപ ) അടവാക്കിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ റസീറ്റുകളിലെ തുകകൾ കൂട്ടി നോക്കിയപ്പോൾ ലഭിക്കുന്ന തുക 3670858/- ( മുപ്പത്തി ആറ് ലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റി അൻപത്തി എട്ട് രൂപ) രൂപയാണ്. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും റസീറ്റുകൾ കൂട്ടി നോക്കിയപ്പോൾ ലഭിച്ച തുകയും തമ്മിൽ 13605/- രൂപയുടെ വ്യത്യാസം കാണുന്നു. യഥാർത്ഥ വരവിനേക്കാൾ കൂടുതൽ തുക അടവാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. (01.04.2017 മുതൽ 31.12.2017 വരെയുള്ള ചെലവ് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(1) കൂടി കാണുക).

## 2-3 സ്റ്റേറ്റ് സീഡ്ഫാം പുതുപ്പാടി - രശീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കീഴിലുള്ള പുതുപ്പാടി SSF എന്ന സ്ഥാപനത്തിന്റെ രശീത് പിരിവ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. താഴെപ്പറയുന്ന രശീതുകളിൽ തുക ആരിൽ നിന്നു ലഭിച്ചു എന്നതോ, ഏത് ഇനം വരവ് ആണെന്നതോ രേഖപ്പെടുത്തിയിട്ടില്ല.

| രശീത് നമ്പർ /തിയ്യതി | തുക (രൂ) |
|---|---|
| 2209 / 47 /15.02.2018 | 29329 |
| 2209 / 48 / 15.02.2018 | 107230 |
| 2209 / 50 / 15.02.2018 | 1000 |
| 2209 / 51 / 15.02.2018 | 1000 |
| 2209 / 10 / 08.12.2017 | 35000 |
| 2209 / 11 / 08.12.2017 | 900 |
| 2209 / 12 / 08.12.2017 | 900 |

2. താഴെപ്പറയുന്ന farm produce വില്പനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| Rt No / date | തുക (രൂ) | വില്പന നടത്തിയത് | അളവ് |
|---|---|---|---|
| 370 /98<br>17.6.2017 | 660 | നേന്ത്രൻ | 16.5 കിലോ |
| 370/94<br>17.06.2017 | 720 | നേന്ത്രൻ | 18 കിലോ |
| 370/91<br>9.6.2017 | 705 | നേന്ത്രൻ<br>കപ്പ | 15 കിലോ<br>7 കിലോ യഥാക്രമം |
| 370/90<br>9.6.2017 | 1600 | മാങ്ങ<br>നേന്ത്രൻ | 20കിലോ<br>27.5 കിലോ |

| | | | |
|---|---|---|---|
| | | | യഥാക്രമം |
| 370/85<br>6.6.2017 | 1080 | പച്ചക്കറികൾ | Cow pea ,<br>മുളക്<br>40 കിലോ,<br>10 കിലോ യഥാക്രമം |
| 2209/3<br>6.12.2017 | 5300 | ഗ്രോബാഗ് ,<br>പച്ചക്കറിത്തൈകൾ | 100 എണ്ണം<br>ഗ്രോബാഗ് ,<br>100 തൈകൾ |
| 2209/4<br>6.12.2017 | 5280 | അടക്ക | 40 കിലോ |
| 2209 / 5<br>8.12.2017 | 2100 | ക്കൂർക്ക | 70 കിലോ |
| 2209/6<br>8.12.2017 | 2260 | ഞാലിപ്പൂവൻ | 56.5 കിലോ |
| 2209/7<br>8.12.2017 | 1710 | മൈസൂർപ്പഴം | 95 കിലോ |

മേൽപറഞ്ഞവയുടെ കാര്യത്തിൽ ഒന്നും തന്നെ സർക്കാർ അംഗീകരിച്ച നിരക്ക് വ്യക്തമാക്കിക്കൊണ്ടുള്ള രേഖ പരിശോധനക്ക് ലഭിച്ചിട്ടില്ല . കൂടാതെ മാങ്ങ, cow pea, ക്കൂർക്ക, മൈസൂർപ്പഴം എന്നിവ വില്പന നടത്തുമ്പോൾ FPR (farm produce register ) vol. XIII ൽ കുറവ് വരുത്തുന്നതായും കാണുന്നില്ല .

അപാകതകൾക്ക് കാരണം വിശദീകരിക്കേണ്ടതാണ് . (01.04.2017-31.12.2017ചെലവ് ഓഡിറ്റ് ഖണ്ഡിക 2(4) കാണുക).

## 2-4 തിക്കോടി കോക്കനട്ട് ഫാം -ഉല്പന്നങ്ങൾ credit sale നടത്തിയ ഇനത്തിൽ വൻ തുക ലഭിക്കുവാൻ ബാക്കി

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ചെലവ് ഓഡിറ്റിനോടനുബന്ധിച്ച് തിക്കോടി ഫാമിലെ ചെലവ് രേഖകളും ഫാമിലെ ഉല്പന്നങ്ങളുടെ വില്പനയും പരിശോധിച്ചു. ഫാമിലെ ഡെസ്പാച്ച് രജിസ്റ്റർ ( planting materials 17.6.2016 മുതലുള്ളത് ) പരിശോധിച്ചതിൽ credit sale നടത്തിയ ധാരാളം കേസുകളിൽ ഉല്പന്നങ്ങളുടെ വില ഫാമിലേക്ക് ലഭിച്ചിട്ടില്ല എന്ന് കാണുന്നു. താഴെപ്പറയുന്ന പട്ടികയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

| ക്രമ നമ്പർ | ഇഷ്യൂ നോട്ട്/ ഡെസ്പാച്ച് തിയ്യതി | വിറ്റഴിച്ച ഉല്പന്നങ്ങൾ, എണ്ണം | ഉല്പന്നങ്ങൾ വാങ്ങിയത് | കുടിശ്ശിക വരുത്തിയ തുക(രൂ) |
|---|---|---|---|---|
| 1. | 264/2017<br>265/17-18<br>266/17-18<br>19.12.17 | വിവിധ ഇനം പൂച്ചെടികൾ | കൃഷി ഭവൻ<br>കോട്ടൂർ | രേഖപ്പെടുത്തിയിട്ടില്ല |
| 2. | 263/2017<br>25.10.17 | West coast<br>tall തെങ്ങിൻതൈ (wct),<br>250 എണ്ണം | കൃഷി ഭവൻ<br>ഈസ്റ്റ് എളേരി,<br>കാസർക്കോട് | 18750 |
| 3. | 256/2017<br>25.10.17 | Wct,<br>200 | കൃഷി ഭവൻ<br>വലിയ പറമ്പ് ,<br>കാസർക്കോട് | 15000 |
| 4. | 245/2017 | Wct , | കൃഷി ഭവൻ പള്ളിക്കര , | 18750 |

| | | | | |
|---|---|---|---|---|
| | 25.10.17 | 250 | കാസർക്കോട് | |
| 5 | 246/2017<br>25.10.17 | Wct ,250 | കൃഷി ഭവൻ പുള്ള്യ പെരിയ ,<br>കാസർക്കോട് | 18750 |
| 6 | 247/2017<br>25.10.17 | Wct ,250 | കൃഷി ഭവൻ അജാമ,<br>കാസർക്കോട് | 18750 |
| 7 | 248/17<br>25.10.17 | Wct ,250 | കൃഷി ഭവൻ കാഞ്ഞങ്ങാട്,<br>കാസർക്കോട് | 18750 |
| 8 | 242/17<br>25.10.17 | Wct ,250 | കൃഷി ഭവൻ പുത്തിഗെ,<br>കാസർക്കോട് | 18750 |
| 9 | 224/17<br>25.10.17 | Wct ,250 | കൃഷി ഭവൻ മൊഗ്രാൽ പുത്തൂർ,<br>കാസർക്കോട് | 18750 |
| 10 | 225/17<br>25.10.17 | Wct ,250 | കൃഷി ഭവൻ ചെങ്കള,<br>കാസർക്കോട് | 18750 |
| 11 | 227/17<br>25.10.17 | Wct ,250 | കൃഷി ഭവൻ ചെമ്മാട്,<br>കാസർക്കോട് | 18750 |
| 12 | 229/17<br>25.10.17 | Wct ,250 | കൃഷി ഭവൻ ബദിയടുക്ക,<br>കാസർക്കോട് | 18750 |
| 13 | 230/2017 | Wct ,250 | കൃഷി ഭവൻ, Delampady,<br>കാസർക്കോട് | 18750 |
| 14 | 232/2017 | Wct ,250 | കൃഷി ഭവൻ, ബദിയടുക്ക,<br>കാസർക്കോട് | 18750 |
| 15 | 234/2017 | Wct ,200 | കൃഷി ഭവൻ, ബേലൂർ,<br>കാസർക്കോട് | 15000 |
| 16 | 235/2017 | Wct ,250 | കൃഷി ഭവൻ, Kumbadaje,<br>കാസർക്കോട് | 18750 |
| 17 | 236/2017 | Wct ,250 | കൃഷി ഭവൻ , കുറ്റിക്കോൽ,<br>കാസർക്കോട് | 18750 |
| 18 | 237/2017 | Wct ,250 | കൃഷി ഭവൻ, മഞ്ചേശ്വരം, കാസർക്കോട് | 18750 |
| 19 | 238/2017 | Wct ,250 | കൃഷി ഭവൻ, Barkady,<br>കാസർക്കോട് | 18750 |
| 20 | 239/2017 | Wct,250 | കൃഷി ഭവൻ, Meenja,<br>കാസർക്കോട് | 18750 |
| 21 | 241/2017 | Wct ,<br>200 | കൃഷി ഭവൻ, Mangalpady,<br>കാസർക്കോട് | 15000 |
| 22 | 223/2017<br>26.10.17 | Wct,<br>250 | കൃഷി ഭവൻ, Madhur,<br>കാസർക്കോട് | 18750 |
| 23 | 198/2017<br>20.9.2017 | Wct,<br>165 | കൃഷി ഭവൻ,<br>ആറളം | 12375 |
| 24 | 185/2017,<br>18.9.17 | Wct,<br>165 | കൃഷി ഭവൻ, മാലൂർ | 12375 |
| 25 | 160/2017<br>1.8.17 | Wct<br>200 | കൃഷിഭവൻ, വളയം | 15000 |
| 26 | 161/2017<br>1.8.17 | Wct,<br>280 | കൃഷിഭവൻ, വളയം | 210 |
| 27 | 96/17<br>21.7.17 | Wct,<br>200 | കൃഷിഭവൻ, പുത്തൂർ,<br>പാലക്കാട് | 15000 |

| | | | | |
|---|---|---|---|---|
| 28 | 93/2017 21.7.17 | Wct, 500 | കൃഷിഭവൻ, തേങ്കര, പാലക്കാട് | 27500 ബാക്കി |
| 29 | 328/16.3.17 | Amaranthus seeds, 52 packets | കൃഷിഭവൻ, മേപ്പയൂർ | 520 |
| 30 | 323/16.3.17 | | കൃഷിഭവൻ, നടുവണ്ണൂർ | 520 |
| 31 | 320/16.317 | | കൃഷിഭവൻ, പേരാമ്പ്ര | 520 |
| 32 | 317/16.3.17 | | കൃഷിഭവൻ, കൂരാച്ചുണ്ട് | 520 |
| 33 | 314/16.3.17 | | കൃഷിഭവൻ, കൂത്താളി | 520 |
| 34 | 313/16.3.17 | | കൃഷിഭവൻ, നൊച്ചാട് | 520 |
| 35 | 311/16.3.17 | | കൃഷിഭവൻ, ചെറുവണ്ണൂർ | 520 |
| 36 | 309/14.3.17 | | കൃഷിഭവൻ, ആയഞ്ചേരി | 520 |
| 37 | 308/14.3.17 | | കൃഷിഭവൻ, വില്ല്യാപ്പള്ളി | 520 |
| 38 | 298/14.3.17 | | കൃഷിഭവൻ, നരിപ്പറ്റ | 520 |
| 39 | 296/14.3.17 | | കൃഷിഭവൻ, കായക്കൊടി | 520 |
| 40 | 294/14.3.17 | Amaranthus seeds, 56 packets | കൃഷിഭവൻ, മരുതോങ്കര | 560 |
| 41 | 291/14.3.17 | | കൃഷിഭവൻ, തിക്കോടി | 560 |
| 42 | 290/14.3.17 | Amaranthus seeds, 52 packets | കൃഷിഭവൻ, ചേമഞ്ചേരി | 520 |
| 43 | 285/14.3.17 | | കൃഷിഭവൻ, വടകര | 520 |
| 44 | 282/14.3.17 | | കൃഷിഭവൻ, ഒഞ്ചിയം | 520 |
| 45 | 281/14.3.17 | | കൃഷിഭവൻ, അഴിയൂർ | 520 |
| 46 | 273/8.3.17 | പച്ചക്കറി വിത്തുകൾ , 1500 എണ്ണം | കൃഷിഭവൻ, എടച്ചേരി | 3300 |
| 47 | 268/7.3.17 | | കൃഷിഭവൻ, വടകര | എഴുതിയിട്ടില്ല |
| 48 | 265/6.3.17 | തക്കാളി 500, മുളക് 450 etc | കൃഷിഭവൻ, കൊയിലാണ്ടി | 4400 |
| 49 | 257/18.1.17 | Amaranthus seeds 2 kg | കൃഷിഭവൻ, കൊയിലാണ്ടി | 2400 |
| 50 | 254/7.12.16 | Papaya seeds etc | സെക്രട്ടറി, മേലടി ബ്ലോക്ക് | 1315 |
| 51 | 258/21.1.17 | Amaranthus seeds ,80packets | അസി.ഡയറക്ടർ അഗ്രി , തോടന്നൂർ | 150 ബാക്കി |
| 52 | 221/15.7.16 | Wct ,200 | കൃഷിഭവൻ, ന്യൂമാഹി | 1500 |
| 53 | 84/27.6.16 | Wct,290 | കൃഷിഭവൻ, അജാനൂർ | 21750 |
| 54 | 76/27.6.16 | Wct,250 | കൃഷിഭവൻ , കാങ്കോൽ | 18750 |
| 55 | 47/23.6.16 | T x d , 50 | കൃഷിഭവൻ,ആയഞ്ചേരി | 6250 |
| 56 | 46/23.6.16 | wct40 | കൃഷിഭവൻ, ആയഞ്ചേരി | 3000 |

കുടിശ്ശിക തുകകൾ തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. (01.04.2017-31.12.2017 ചെലവ് ഓഡിറ്റ് ഖണ്ഡിക 2(5) കൂടി കാണുക).

## 2-5 സ്റ്റേറ്റ് സീഡ്ഫാം പേരാമ്പ്ര-ക്രഡിറ്റ് സെയിൽ -ഉല്പന്നങ്ങൾ വിറ്റവകയിൽ തുകലഭിക്കാൻ ബാക്കി (01.04.2017-31.12.2017 ചെലവ് ഓഡിറ്റ് ഖണ്ഡിക 2(5) കൂടി കാണുക)

പേരാമ്പ്ര സീഡ് ഫാമിലെ വിവിധ ഉല്പന്നങ്ങൾ 2017-18 വർഷത്തിൽ credit sale നടത്തിയ നിരവധി സ്ഥാപനങ്ങളിൽ നിന്നും ധാരാളം തുകകൾ ലഭിക്കുവാനുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ഇനം | ഉല്പന്നങ്ങൾ വാങ്ങിയത് |
|---|---|---|---|---|
| 1 | 90/17 12.12.17 | 1650 | പച്ചക്കറി വിത്തുകൾ , 1കിലോ | അസി.ഡയറക്ടർ , അഗ്രി. തിക്കോടി |

| | | | | |
|---|---|---|---|---|
| 2 | 91/17<br>19.12.17 | 45550 | നെൽവിത്ത് ,1500 കിലോ | കൃഷിഭവൻ ,<br>തിക്കോടി |
| 3 | 89/17<br>12.12.17 | 23686 | നെൽവിത്ത്,<br>780 കിലോ | കൃഷിഭവൻ, തലക്കുളത്തൂർ |
| 4 | 86/17<br>21.11.17 | 4620 | കാബേജ്,<br>കോളിഫ്ലവർ etc | കൃഷിഭവൻ, തലക്കുളത്തൂർ |
| 5 | 82/17<br>13.11.17 | 14576 | നെൽവിത്ത്, 480 കിലോ | കൃഷിഭവൻ, കക്കോടി |
| 6 | 81/17<br>7/11/17 | 8800 | കാബേജ്,<br>കോളിഫ്ലവർ etc, | കൃഷിഭവൻ, ഉള്ള്യേരി |
| 7 | 79/17<br>7.11.17 | | കാബേജ്,<br>കോളിഫ്ലവർ etc, | കൃഷിഭവൻ, ഉണ്ണികുളം |
| 8 | 78/17<br>31.10.17 | 18220 | നെൽവിത്ത്,600 kg | കൃഷിഭവൻ, അരിക്കുളം |
| 9 | 72/17<br>25.10.17 | 8800 | കാബേജ്,<br>കോളിഫ്ലവർ etc | കൃഷിഭവൻ, കായണ്ണ |
| 10 | 70/17<br>24.10.17 | 8800 | കാബേജ്,<br>കോളിഫ്ലവർ etc | കൃഷിഭവൻ, ചെറുവണ്ണൂർ |
| 11 | 69/17<br>24.10.17 | 8800 | കാബേജ്,<br>കോളിഫ്ലവർ etc | കൃഷിഭവൻ, കൂരാച്ചുണ്ട് |
| 12 | 68/17<br>24.10.17 | 8800 | കാബേജ്,<br>കോളിഫ്ലവർ etc | കൃഷിഭവൻ, ചക്കിട്ടപ്പാറ |
| 13 | 67/17<br>24.10.17 | 8800 | കാബേജ്,<br>കോളിഫ്ലവർ etc | കൃഷിഭവൻ, കൂത്താളി |
| 14 | 66/17<br>24.10.17 | 8800 | കാബേജ്,<br>കോളിഫ്ലവർ etc | കൃഷിഭവൻ, ചങ്ങരോത്ത് |
| 15 | 62/17<br>20.10.17 | 50000 | TC banana | കൃഷിഭവൻ, കാക്കൂർ |
| 16 | 59/17<br>7.10.17 | 50000 | TC banana | കൃഷിഭവൻ, ചേളന്നൂർ |
| 17 | 58/17<br>6.10.17 | 4000 | പച്ചക്കറി<br>വിത്തുകൾ | കൃഷിഭവൻ, ആയഞ്ചേരി |
| 18 | 57/17<br>6.10.17 | 4000 | | കൃഷിഭവൻ, വില്യാപ്പള്ളി |
| 19 | 56/17<br>6.10.17 | 4000 | | കൃഷിഭവൻ,<br>തിരുവള്ളൂർ |
| 20 | 54/17 | 2600 | പച്ചക്കറി | കൃഷിഭവൻ, |

| | | | | |
|---|---|---|---|---|
| | 5.10.17 | | etc | കായണ്ണ |
| 21 | 53/17<br>5.10.17 | 2600 | കോവൽ | കൃഷിഭവൻ,<br>ചക്കിട്ടപ്പാറ |
| 22 | 47/17<br>13.9.17 | 6450 | പച്ചക്കറി<br>വിത്തുകൾ | കൃഷിഭവൻ, ഉണ്ണികുളം |
| 23 | 45/17<br>13.9.17 | 6450 | | കൃഷിഭവൻ,<br>കൂരാച്ചുണ്ട് |
| 24 | 41/17<br>13.9.17 | 6450 | | കൃഷിഭവൻ,<br>നടുവണ്ണൂർ |
| 25 | 38/17<br>13.9.17 | 6450 | | കൃഷിഭവൻ,<br>ചെറുവണ്ണൂർ |
| 26 | 36/17<br>13.9.17 | 6450 | | കൃഷിഭവൻ,<br>ചങ്ങരോത്ത് |
| 27 | 35/17<br>13.9.17 | 6450 | | കൃഷിഭവൻ,<br>ചക്കിട്ടപ്പാറ |
| 28 | 34/17<br>13.9.17 | 6450 | | കൃഷിഭവൻ,<br>കായണ്ണ |
| 29 | 32/17<br>13.9.17 | 6450 | | കൃഷിഭവൻ,<br>ചേമഞ്ചേരി |
| 30 | 25/17<br>13.9.17 | 6450 | | കൃഷിഭവൻ,<br>കോഴിക്കോട് |
| 31 | 24/17<br>13.9.17 | 6460 | | കൃഷിഭവൻ,<br>ഒളവണ്ണ |
| 32 | 23/17<br>13.9.17 | 6460 | | കൃഷിഭവൻ,<br>ഫറോക്ക് |
| 33 | 21/17<br>13.9.17 | 6460 | പച്ചക്കറി<br>വിത്ത് | കൃഷിഭവൻ,<br>ചെറു - നല്ലളം |
| 34 | 20/17<br>15.9.17 | 6460 | | കൃഷിഭവൻ,<br>ബേപ്പൂർ |
| 35 | 19/17<br>21.8.17 | 2600H | പച്ചക്കറി etc | കൃഷിഭവൻ,<br>ചങ്ങരോത്ത് |
| 36 | 18/17<br>21.8.17 | 1300 ബാക്കി | | കൃഷിഭവൻ,<br>ചെറുവണ്ണൂർ |
| 37 | 16/17<br>10.8.17 | 1150<br>ബാക്കി | | കൃഷിഭവൻ,<br>നരിപ്പറ്റ |
| 38 | 15/17<br>10.8.17 | 1150<br>ബാക്കി | | കൃഷിഭവൻ,<br>മരുതോങ്കര |

| | | | | |
|---|---|---|---|---|
| 39 | 13/17 10.8.17 | 1150 ബാക്കി | പച്ചക്കായ etc | കൃഷിഭവൻ, കുന്നമ്മൽ |
| 40 | 10/17 10.8.17 | 1150 ബാക്കി | | കൃഷിഭവൻ, കാവിലുംപാറ |
| 41 | 9/17 3.8.17 | 1300 ബാക്കി | | കൃഷിഭവൻ, പേരാമ്പ്ര |

കുടിശ്ശിക തുകകൾ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. 2017-18 മുമ്പുള്ള സാമ്പത്തിക വർഷങ്ങളിലും ഇതുപോലെ ലഭിക്കുവാൻ ബാക്കിയുള്ള തുകകൾ തിരികെ ലഭിക്കുവാൻ സ്വീകരിച്ച നടപടികളും വിശദീകരിക്കേണ്ടതാണ്.

## 2-6 കൂത്താളി SSF – ഫാം ഉല്പന്നങ്ങൾ credit sale നടത്തിയ വകയിൽ ധാരാളം തുക കുടിശ്ശിക തുകകൾ ഇനിയും ലഭിച്ചിട്ടില്ല .

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2017 -18 വർഷത്തെ ചെലവ് ഓഡിറ്റിനോടനുബന്ധിച്ച് കൂത്താളി സീഡ് ഫാമിലെ ചെലവ് രേഖകളും ഫാം ഉല്പന്നങ്ങൾ വില്പന നടത്തിയതും പരിശോധിച്ചു. ഫാമിലെ ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ, credit sale നടത്തിയ ധാരാളം കേസുകളിൽ ഉല്പന്നങ്ങളുടെ വില ഇനിയും ഫാം ഫണ്ടിലേക്ക് ലഭിച്ചിട്ടില്ല എന്ന് കാണുന്നു. west coast tall(wct)തെങ്ങിൻ തൈകൾ, പ്ലാവ്, കശുമാവ്, കൊക്കോ, നെല്ലിക്ക തൈകൾ, കുരുമുളക് തൈകകൾ, പച്ചക്കറി വിത്തുകൾ എന്നിവയാണ് വിപണനം നടത്തിയിട്ടുള്ളത്. 2017-18 വർഷത്തെ ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക തുകകളുടെ പട്ടിക താഴെപ്പറയുന്നു. (01.04.2017-31.12.2017 ചെലവ് ഓഡിറ്റ് ഖണ്ഡിക 2(7) കൂടി കാണുക).

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/ തിയ്യതി | വിപണനം നടത്തിയ ഉല്പന്നം | കുടിശ്ശിക വരുത്തിയ സ്ഥാപനം | കുടിശ്ശിക തുക (രൂ) |
|---|---|---|---|---|
| 1 | 42/17-18 12.7.17 | കുരുമുളക് തൈകൾ | കൃഷിഭവൻ ചങ്ങരോത്ത് | 22000 |
| 2 | 43/17-18 | | കൃഷിഭവൻ കൂത്താളി | 22000 |
| 3 | 44/17-18 14.7.17 | | കൃഷിഭവൻ ചെറുവണ്ണൂർ | 22000 |
| 4 | 45/17-18 18.7.17 | | കൃഷിഭവൻ ചക്കിട്ടപ്പാറ | 22000 |
| 5 | 46/17-18 5.8.17 | | കൃഷിഭവൻ നൊച്ചാട് | 22000 |
| 6 | 47/17-18 23.9.17 | | കൃഷിഭവൻ പേരാമ്പ്ര | 7500 |
| 7 | 51/17-18 18.7.17 | Wct , dwarf | കൃഷിഭവൻ വേളം | 16875 |
| 8 | 55/17-18 17.7.17 | | കൃഷിഭവൻ കുറ്റ്യാടി | 16875 |
| 9 | 56/17-18 20.7.17 | | കൃഷിഭവൻ പേരാമ്പ്ര | 16785 |
| 10 | 69/17-18 | Wct | കൃഷിഭവൻ തൂണേരി | 75000 |

| | | | | |
|---|---|---|---|---|
| | 19.7.17 | | | |
| 11 | 109/17-18<br>31.7.17 | Dwarf | കൃഷിഭവൻ വടകര | 1875 |
| 12 | 110/17-18<br>31.7.17 | | കൃഷിഭവൻ ചോറോട് | 1875 |
| 13 | 111 /17-18<br>31.7.17 | | കൃഷിഭവൻ ആയഞ്ചേരി | 1875 |
| 14 | 115/17-18<br>31.7.17 | | കൃഷിഭവൻ കാക്കൂർ | 1875 |
| 15 | 125/17-18<br>31.7.17 | | കൃഷിഭവൻ വളയം | 1875 |
| 16 | 130/17-18<br>31.7.17 | പച്ചക്കറി<br>വിത്തുകൾ | കൃഷിഭവൻ അഴിയൂർ | 6470 |
| 17 | 132/17-18<br>31.7.17 | | കൃഷിഭവൻ ഒഞ്ചിയം | 6470 |
| 18 | 133/17-18<br>31.7.17 | | കൃഷിഭവൻ ചോറോട് | 6470 |
| 19 | 134/17-18<br>31.7.17 | | കൃഷിഭവൻ വടകര | 6470 |
| 20 | 137/17-18<br>31.7.17 | | കൃഷിഭവൻ വില്ല്യാപ്പള്ളി | 6470 |
| 21 | 138/17-18<br>31.7.17 | | കൃഷിഭവൻ തിരുവള്ളൂർ | 6470 |
| 22 | 140/17-18 | | കൃഷിഭവൻ തിക്കോടി | 6470 |
| 23 | 146/17-18<br>18.9.17 | | കൃഷിഭവൻ വേളം | 6480 |
| 24 | 151/17-18<br>19.9.17 | | കൃഷിഭവൻ തൂണേരി | 6470 |
| 25 | 155/17-18<br>19.9.17 | | കൃഷിഭവൻ ചെക്യാട് | 6470 |
| 26 | 157/17-18<br>19.9.17 | | കൃഷിഭവൻ നാദാപുരം | 6470 |
| 27 | 172/17-18<br>14.8.17 | വഴുതിന ,<br>മുരിങ്ങ , നാരങ്ങ , കറിവേപ്പില | കൃഷിഭവൻ അരിക്കുളം | 4000 |
| 28 | 182/17-18<br>10.10.17 | | കൃഷിഭവൻ ചാത്തമംഗലം | 1900 |
| 29 | 184/17-18<br>10.10.17 | | കൃഷിഭവൻ കുന്ദമംഗലം | 1900 |

| | | | | |
|---|---|---|---|---|
| 30 | 186/17-18<br>3.11.17 | | കൃഷിഭവൻ കാരശ്ശേരി | 2040 |
| 31 | 192/17-18<br>4.10.17 | Curry leaves ,brinjal etc | കൃഷിഭവൻ വടകര | 3200 |
| 32 | 193/17-18<br>4.10.17 | | കൃഷിഭവൻ അഴിയൂർ | 1525 |
| 33 | 194/17-18<br>4.10.17 | | കൃഷിഭവൻ ചോറോട് | 3200 |
| 34 | 197/17-18<br>21.10.17 | Tissue culture banana | കൃഷിഭവൻ കാരശ്ശേരി | 12500 |
| 35 | 202/17-18<br>26.10.17 | Cabbage<br>cauliflower<br>capsicum | കൃഷിഭവൻ താമരശ്ശേരി | 8800 |
| 36 | 210/17-18<br>30.10.17 | | കൃഷിഭവൻ മേപ്പയ്യൂർ | 8800 |
| 37 | 213/17-18<br>1.11.17 | | കൃഷിഭവൻ പയ്യോളി | 8800 |
| 38 | 215/17-18<br>1.11.17 | | കൃഷിഭവൻ അരിക്കുളം | 8800 |
| 39 | 216/17-18<br>1.11.17 | | കൃഷിഭവൻ തിക്കോടി | 7700 |
| 40 | 217/17-18<br>2.11.17 | | കൃഷിഭവൻ വാണിമേൽ | 8800 |
| 41 | 219/17-18<br>2.11.17 | | കൃഷിഭവൻ തൂണേരി | 8800 |
| 42 | 220/17-18<br>2.11.17 | | കൃഷിഭവൻ ചെക്യാട് | 8800 |
| 43 | 221/17-18<br>4.11.17 | | കൃഷിഭവൻ ചോറോട് | 4400 |
| 44 | 222/17-18<br>4.11.17 | | കൃഷിഭവൻ ചോറോട് | 4400 |
| 45 | 223/17-18<br>4.11.17 | Seed packet | കൃഷിഭവൻ ചോറോട് | 800 |
| 46 | 224/17-18<br>4.11.17 | Cabbage<br>cauliflower<br>capsicum | കൃഷിഭവൻ ഒഞ്ചിയം | 1100 |
| 47 | 225/17-18<br>4.11.17 | | കൃഷിഭവൻ ഒഞ്ചിയം | 1100 |
| 48 | 227/17-18 | | കൃഷിഭവൻ തിരുവള്ളൂർ | 4400 |

| | | | | |
|---|---|---|---|---|
| | 6.11.17 | | | |
| 49 | 228/17-18 6.11.17 | | കൃഷിഭവൻ തിരുവള്ളൂർ | 4400 |
| 50 | 229/17-18 6.11.17 | | കൃഷിഭവൻ മണിയൂർ | 5280 |
| 51 | 230/17-18 6.11.17 | | കൃഷിഭവൻ മണിയൂർ | 3520 |
| 52 | 231/17-18 7.11.17 | | കൃഷിഭവൻ തിരുവമ്പാടി | 8800 |
| 53 | 233/17-18 8.11.17 | | കൃഷിഭവൻ ആയഞ്ചേരി | 3520 |
| 54 | 234/17-18 8.11.17 | | കൃഷിഭവൻ ആയഞ്ചേരി | 5280 |
| 55 | 235/17-18 8.11.17 | | കൃഷിഭവൻ വില്ല്യാപ്പള്ളി | 5500 |
| 56 | 236/17-18 8.11.17 | | കൃഷിഭവൻ വില്ല്യാപ്പള്ളി | 3300 |
| 57 | 237/17-18 8.11.17 | തക്കാളി, വഴുതിന വിത്തുകൾ | കൃഷിഭവൻ മണിയൂർ | 3520 |
| 58 | 238/17-18 8.11.17 | | കൃഷിഭവൻ ആയഞ്ചേരി | 1738 |
| 59 | 239/17-18 8.11.17 | | കൃഷിഭവൻ വില്ല്യാപ്പള്ളി | 770 |
| 60 | 242/17-18 14.11.17 | Cabbage cauliflower capsicum | കൃഷിഭവൻ എടച്ചേരി | 8800 |
| 61 | 249/17-18 17.11.17 | Cabbage cauliflower capsicum | കൃഷിഭവൻ ചാത്തമംഗലം | 5500 |
| 62 | 252/17-18 20.11.17 | | കൃഷിഭവൻ കാരശ്ശേരി | 5500 |
| 63 | 258/17-18 22.11.17 | | കൃഷിഭവൻ വളയം | 5500 |
| 64 | 261/17-18 22.11.17 | പച്ചക്കറി വിത്തുകൾ | കൃഷിഭവൻ വടകര | 1050 |
| 65 | 262/17-18 22.11.17 | | കൃഷിഭവൻ ഏറാമല | 800 |
| 66 | 268/17-18 12.12.17 | Bhindy seeds | Asst Director Agriculture | 250 |

| | | | | |
|---|---|---|---|---|
| | | | തിക്കോടി | |
| 67 | 269/17-18<br>12.12.17 | മണ്ണിരകൾ | Asst Director<br>Agriculture<br>തിക്കോടി | 500 |

മേൽ പറഞ്ഞ പട്ടിക പ്രകാരമുള്ള കുടിശ്ശിക തുകകൾ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 റീജിയനൽ പൌൾടി ഫാം - രശീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2017 – 18 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് റീജിയനൽ പൌൾടി ഫാം, ചാത്തമംഗലത്തെ തൻവർഷത്തെ രശീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. 2017-18 കാലയളവിൽ ഉപയോഗിച്ച 397, 398, 399, 401, 402 നമ്പർ രശീത് പുസ്തകങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

2. ഫാമിലെ ദിവസ വരവ് അടക്കുന്ന പഞ്ചാബ് നാഷനൽ ബാങ്ക് കുന്ദമംഗലം ബ്രാഞ്ചിലെ 4258000105059401 നമ്പർ അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനക്ക് ലഭിച്ചിട്ടില്ല.

3. 19.2.2018 ലെ ആകെ കലക്ഷൻ, കലക്ഷൻ രജിസ്റ്റർ പ്രകാരം 77933 രൂപയാണ്. (രശീത് നമ്പർ 486 / 90 മുതൽ 487 / 38 വരെ). എന്നാൽ അടുത്ത ദിവസം ബാങ്കിൽ അടച്ചത് 76493 രൂപയാണ്. അതായത് 1440 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. രശീത് പുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾക്ക് കാരണം വിശദീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക മേഖല -സ്റ്റാറ്റസ് റിപ്പോർട്ടിൽ അടിസ്ഥാന വിവരങ്ങൾ വിശകലനം ചെയ്തിട്ടില്ല

കില തയ്യാറാക്കിയ, 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനമേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി' അടിസ്ഥാനപ്പെടുത്തി കാർഷികമേഖലയിലെ സ്റ്റാററസ് റിപ്പോർട്ട് സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്. ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ, കാർഷിക വിളകളുടെ വിള സമ്പ്രദായം, മണ്ണിന്റെ ഘടന,കർഷകരുടെയും കർഷകതൊഴിലാളികളുടെയും വിവരങ്ങൾ, ജലസേചന സൗകര്യം, കാർഷിക തൊഴിലാളി ലഭ്യത, കാർഷിക യന്ത്രങ്ങളുടെ ലഭ്യത, കാർഷിക മൈക്രോ സംരഭങ്ങൾ സംബന്ധിച്ച വിവരം, കാർഷിക വായ്പാ ലഭ്യത, കാർഷികോത്പന്ന വിപണന സംവിധാനം, കാർഷികോത്പന്ന ശേഖരണ സംവിധാനങ്ങൾ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം നിലവിലെ അവസ്ഥയെന്തെന്ന് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ അപഗ്രഥിച്ച് കാർഷിക മേഖലയിൽ പ്രശ്നങ്ങളുണ്ടോയെന്നും ,ഉണ്ടെങ്കിൽ ഏതെന്നും, എപ്രകാരം പരിഹാരം സാധ്യമാകുമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ കാർഷിക മേഖലയിൽ ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ചുമതലകളുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങളൊന്നും തന്നെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുകയോ വിശകലനം ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല (ഫോറങ്ങൾ മാതൃകകൾ മാത്രമാണെന്നും യുക്തമായ രീതിയിൽ ഇത് പരിഷ്കരിക്കുകയോ ആവശ്യമെങ്കിൽ കൂടുതൽ ഫോറങ്ങൾ ഉൾച്ചേർക്കുകയോ ആകാമെന്ന് സഹായിയിൽ വ്യക്തമാക്കിയിട്ടുണ്ട്) കേരള പഞ്ചായത്ത് രാജ് ആക്ട് സെ.73(1)പട്ടിക 5 പ്രകാരം കാർഷിക മേഖലയിൽ ചുമതല നല്കപ്പെട്ട വിഷയങ്ങളായ ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെടുന്ന നീർമറികളിൽ സംയോജിത നീർമറികൾ നടത്തുക, കീടങ്ങളെ നിയന്ത്രിക്കുക, അലങ്കാര ചെടികൾ കൃഷിചെയ്യുക, വാണിജ്യവിളകളെ വികസിപ്പിക്കുക, ബയോടെക്നോളജി പ്രയോഗിക്കുക, പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രൊജക്ടുകളും പ്രചരിപ്പിക്കുക, ജലസേചന മേഖലയിൽ ചുമതലപ്പെട്ട ഒന്നിലധികം ഗ്രാമ പഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പിലാക്കുകയും പരിപാലിക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളിൽ അടിസ്ഥാന വിവരങ്ങൾ സമാഹരിക്കാത്തത് ഇതിനുദാഹരണമാണ്.

കൈമാറിക്കിട്ടിയ ചുമതലകളുടെ കാര്യത്തിൽ അടിസ്ഥാന വിവരങ്ങൾ സമാഹരിക്കാത്തതിനാൽ തന്നെ റിപ്പോർട്ടിലെ പ്രശ്നവിശകലനം, പ്രശ്ന പരിഹാര സാധ്യതകൾ എന്നിവ പ്രതിപാദിക്കുന്ന ഭാഗത്ത് ഇവ സംബന്ധിച്ച പരാമർശങ്ങളില്ല. പുതുപ്പാടി ഫാം സംബന്ധിച്ച പ്രശ്നങ്ങളും പ്രശ്നപരിഹാര സാധ്യതകളും മാത്രമാണ് ഈ ഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്.

ഓഡിറ്റ് വർഷത്തിൽ കാർഷികമേഖലയിലെ പ്രൊജക്ടുകൾ നിർവ്വഹണത്തിനായി അംഗീകാരം വാങ്ങിയത് ഡെപ്യൂട്ടി ഡയറക്ടർ (കൃഷി)(ആകെ രണ്ട് പ്രൊജക്ടുകൾ), അസി.എക്സി.എഞ്ചിനീയർ (കൃഷി) (ആകെ 28 പ്രൊജക്ടുകൾ) എന്നിവരാണ്.

ഇതിൽ 29 പ്രൊജക്ടുകളും സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയാണ്.ചുമതലയിൽപ്പെടുന്ന ചില കാര്യങ്ങൾ ഫാമുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി നിർവ്വഹിക്കപ്പെടുന്നുണ്ടെങ്കിലും ഭൂരിഭാഗം ചുമതലകളും ആസൂത്രണത്തിലും നിർവ്വഹണത്തിലും അവഗണിക്കപ്പെടുന്നതായി സ്റ്റാറ്റസ് റിപ്പോർട്ട്, വികസനരേഖ, വാർഷിക പദ്ധതി രേഖ എന്നിവ സാക്ഷ്യപ്പെടുത്തുന്നു.

കാർഷിക മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മറ്റൊരു പ്രധാന ചുമതലയായ ചെറുകിട ജലസേചനം പൂർണ്ണമായും ആസൂത്രണത്തിൽ അവഗണിക്കപ്പെടുന്നുണ്ട്. വികസന രേഖയുടെ പൊതു വിവരങ്ങൾ ലഭ്യമാക്കുന്നിടത്ത് കാർഷിക മേഖലയുടെ പ്രധാന പ്രശ്നങ്ങളിലൊന്നായി സൂചിപ്പിച്ചിരിക്കുന്നത് ജലസേചനസൗകര്യകുറവാണ് എന്നത് ഇവിടെ ശ്രദ്ധേയമാണ് (സ്റ്റാറ്റസ് റിപ്പോർട്ടിൽ വിശകലനം ചെയ്യാതെ ഇത് എപ്രകാരം ലഭ്യമായി എന്നത് വ്യക്തമല്ല). ആകെ 155677ഹെക്ടറിൽ കൃഷി ചെയ്യുന്നതിൽ ജലസേചനസൗകര്യം ഉപയോഗപ്പെടുത്തുന്നത് 8069 ഹെക്ടറിൽ മാത്രമാണെന്ന് അടിസ്ഥാന വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിൽ നിന്നും ജലസേചനത്തിന്റെ അപര്യാപ്തത വ്യക്തമാകുന്നുണ്ട്. സ്ഥാപനം നിലവിൽ വന്ന് നാളിതുവരെ നിയമപ്രകാരം ചുമതലപ്പെടുത്തിയ തരത്തിൽ, ഈമേഖലയിൽ ഇടപെടലുകൾ നടത്തിയിട്ടില്ലെന്ന് കാണാവുന്നതാണ്.

മേഖലയുടെ വർക്കിംഗ് ഗ്രൂപ്പിൽ 20 അംഗങ്ങൾ ഉണ്ട്.ഗ്രൂപ്പിന്റെ മിനിട്സ് പ്രകാരം, ആദ്യ യോഗം ചേർന്നിരിക്കുന്നത് 20.02.17 നാണ്. കൺവീനർ ഉൾപ്പടെ 17 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ പ്രധാനമായും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഫാമുകളുടെ പ്രവർത്തനമാണ് ചർച്ച ചെയ്യപ്പെട്ടത്. 25.2.17ന് നടന്ന അടുത്ത യോഗത്തിൽ ആകെ 8 പേരാണ് പങ്കെടുത്തത്. ക്വോറം തികയാത്ത ഈ യോഗത്തിൽ ഓഡിറ്റ് വർഷത്തിൽ പ്രൊജക്ട് ആയി മാറിയ നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 10 പേർ പങ്കെടുത്ത 18.04.17 ന് ചേർന്ന യോഗത്തിൽ കാര്യമായ നിർദ്ദേശങ്ങളൊന്നും രേഖപ്പെടുത്തുന്ന തരത്തിൽ ചർച്ചകൾ നടത്തിക്കാണുന്നില്ല. മേല്പറഞ്ഞ യോഗങ്ങളിലൊന്നും തന്നെ സ്ഥാപനത്തെ ചുമതലപ്പെടുത്തിയ മുഴുവൻ കാര്യങ്ങളിലും, അടിസ്ഥാനവിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ചർച്ച നടക്കുകയോ, വികസനവിടവ് കണ്ടെത്താൻ ശ്രമം നടത്തുകയോ ചെയ്തിട്ടില്ല. യാതൊരു ഡാറ്റായുടെയും അടിസ്ഥാനത്തിലല്ലാതെ ചർച്ചയിൽ ഉയർന്നു വന്ന ആവശ്യങ്ങൾ അതേപടി പ്രൊജക്ട് ആശയങ്ങളായി മാറുന്ന പ്രവണതയാണ് ഈമേഖലയിലും കാണുന്നത്. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

ആസൂത്രണത്തിൽ വന്ന അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ,നിയമം അനുശാസിക്കുന്ന ചുമതലകളുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് ആവശ്യമായ വിലയിരുത്തലുകൾ നടത്തി വികസന വിടവുകൾ കണ്ടെത്തേണ്ടതും, ഇത് നികത്തുന്നതിനാവശ്യമായ, ദീർഘവും ഹ്രസ്വവുമായ വികസന കാഴ്ചപ്പാടുകൾക്ക് രൂപം കൊടുക്കേണ്ടതുമാണ്. ഇപ്രകാരം പുന:സൃഷ്ടിച്ച സ്റ്റാററസ് റിപ്പോർട്ട് ആവശ്യമായ അംഗീകാരം വാങ്ങേണ്ടതും പകർപ്പ് ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്. 2018-19 മുതലുള്ള വർഷങ്ങളിലെ ഈ മേഖലയിലെ ആസൂത്രണം മേൽ സ്റ്റാററസ് റിപ്പോർട്ടിന് അടിസ്ഥാനപ്പെടുത്തിയായിരിക്കേണ്ടതുമാണ്. (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-2 <u>വിദ്യാഭ്യാസം- സ്റ്റാറ്റസ് റിപ്പോർട്ടിൽ അപാകതകൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യഭ്യാസം

വിദ്യഭ്യാസ മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. <u>സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും ഇല്ല</u>

കില തയ്യാറാക്കിയ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനമേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി ഉപയോഗപ്പെടുത്തിയാണ് വിദ്യഭ്യാസ മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.സ്റ്റാറ്റസ് റിപ്പോർട്ട് എങ്ങിനെ തയ്യാറാക്കണമെന്ന് വിശദമാക്കുന്ന ആദ്യഭാഗത്ത്, ക്രമനം 2 ൽ, നാലു ഭാഗങ്ങളുള്ള സ്റ്റാററസ് റിപ്പോർട്ടിലെ വികസന മേഖലയുടെ അവസ്ഥാവിശകലനം നടത്തുന്ന ആദ്യഭാഗത്തിന് അടിസ്ഥാന വിവരങ്ങൾ, പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും എന്നീ രണ്ട് ഘടകങ്ങളുണ്ടെന്നും , പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും വിശദമാക്കാൻ സ.ഉ.(എം. എസ്)10/2017 തസ്വഭവ തീയതി 9.01.17 നമ്പർ ഉത്തരവിലെ ഫോറം 5 ഉപയോഗപ്പെടുത്തണമെന്നും (ഇതിനായി പ്രത്യേക ഫോറം സഹായിൽ ഉൾപ്പെടുത്തിയിട്ടില്ല, ഫോറം 5 ഫോറം 1.2 എന്ന ഖണ്ഡിക നമ്പരിൽ സ്വീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്) നിർദ്ദേശിച്ചിരുന്നു. എന്നാൽ സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ, പ്രൊജക്ട് നിർദ്ദേശങ്ങൾക്ക് ആധാരമാകേണ്ട ഫോറം 5 ഒഴിവാക്കപ്പെട്ടു പോയതായി പരിശോധയിൽ വ്യക്തമാകുന്നു. ആസൂത്രണം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടു തന്നെയാണോ സ്റ്റാററസ് റിപ്പോർട്ട് ഉൾപ്പടെയുള്ള ആസൂത്രണ പ്രക്രിയ, മേഖലയിൽ നടത്തിയത് എന്ന കാര്യത്തിൽ ഇത്

സംശയത്തിനിടയാക്കുന്നു.പ്രശ്ന വിശകലനം നടത്താതെ എപ്രകാരം വികസന പരിപ്രേക്ഷ്യവും അതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് ആശയങ്ങളും രൂപീകരിച്ചുവെന്ന് വിശദമാക്കേണ്ടതുണ്ട്.

2.അടിസ്ഥാന വിവരങ്ങൾ വ്യക്തമാക്കുന്ന വികസന വിടവ് പൂർണ്ണമായും നികത്തുന്നതല്ല വികസന കാഴ്ചപ്പാട്

ആസൂത്രണത്തിന്റെ അടിസ്ഥാനശിലയാകേണ്ട പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും സ്റ്റാററസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും ,റിപ്പോർട്ടിൽ ലഭ്യമായ അടിസ്ഥാന വിവരങ്ങൾ മേഖലയിലെ വികസനവിടവ് വ്യക്തമാക്കുന്നുണ്ട്. എന്നാൽ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതുൾപ്പടെയുള്ള ഈ വിടവ് പൂർണ്ണമായും ഉൾക്കൊള്ളുന്നതല്ല മേഖലയിലെ വികസനകാഴ്ചപ്പാട് ശുചിമുറി, കുടിവെള്ളസ്രോതസ്സ്, ഇലക്ട്രിഫിക്കേഷൻ, ജലസംരക്ഷണം, അടുക്കള സൗകര്യം തുടങ്ങിയ സൗകര്യങ്ങളുടെ കാര്യത്തിൽ കുറവുകളുണ്ടെന്ന് റിപ്പോർട്ട് സാക്ഷ്യ പ്പെടുത്തുന്നുണ്ടെങ്കിലും വികസന പരിപ്രേക്ഷ്യത്തിലും, പ്രൊജക്ട് ആശയങ്ങളിലും അവ പ്രതിഫലിക്കുന്നില്ല. വികസന പരിപ്രേക്ഷ്യത്തിലും പ്രൊജക്ട് ആശയങ്ങളിലും പ്രതിഫലിക്കാത്ത ഈ മേഖലകളിലിലെ ആവശ്യങ്ങളുടെ വിശദാംശങ്ങളിൽ ചിലത് താഴെ പറയും പ്രകാരമാണ്.

1. ശുചിമുറി- 72 (ആൺ), 134 (പെൺ), 33 (ഗേൾസ് ഫ്രണ്ട് ലി)

   ആകെ ആവശ്യമായത്- 239
2. കുടിവെള്ള സ്രോതസ്സ്- കിണർ-9 പൈപ്പ്- 42 കുഴൽക്കിണർ- 8
3. ഇലക്ട്രിഫിക്കേഷൻ ആവശ്യമായ ക്ലാസ്സ് മുറികളുടെ എണ്ണം-258
4. ജലസംരക്ഷണം-മതിയായ തോതിൽ വെള്ളം ലഭിക്കാത്ത സ്കൂളുകൾ-9, ശുദ്ധീകരണ സംവിധാനമില്ലാത്ത സ്കൂളുകൾ-44, മഴവെള്ള സംഭരണി ആവശ്യമായ സ്കൂളുകൾ-20
5. അടുക്കള സൗകര്യം-ആവശ്യമായവ-4, ഡൈനിംഗ് ഹാൾ ആവശ്യമായ സ്കൂളുകൾ - 12

മേഖലയിലെ വികസനത്തിന് മതിയായ ഫണ്ട് വകയിരുത്തുന്നതിനും ആവശ്യകതകൾ സമയബന്ധിതമായി നിറവേറ്റുന്നതിനും സ്റ്റാററസ് റിപ്പോർട്ടിലെ മേൽപ്പറഞ്ഞ അപാകതകൾ കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ആവശ്യകതകൾക്കനുസരിച്ച് പ്രൊജക്ട് തയ്യാറാക്കാത്തതിനും വ്യക്തമായ വിശദീകരണം നൽകേണ്ടതും, അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് വസ്തുതാപരമാക്കി അംഗീകാരം നേടേണ്ടതുമാണ്. ഇതിന്റെ പകർപ്പ്, പരിശോധയ്ക്കായി ഓഡിറ്റിന് സമർപ്പിക്കുന്നതിനൊപ്പം തന്നെ 2018-19 വർഷത്തെ പദ്ധതി രൂപീകരണത്തിന് അടിസ്ഥാനമാക്കേണ്ടതുമാണ്. (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(2) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-3 കുടിവെള്ളം ,ശുചിത്വം- അടിസ്ഥാന വിവരങ്ങളും അവസ്ഥാ വിശകലനവും ഇല്ലാതെ പ്രൊജക്ടുകൾ തയ്യാറാക്കി

കൺവീനർ/നിർവ്വഹണം - എക്സി.എഞ്ചിനീയർ

ജലവിതരണ മേഖലയിൽ ഓഡിറ്റ് വർഷത്തിൽ 53 സ്പിൽ ഓവർ പ്രൊജക്ടും 60 പുതിയ പദ്ധതികളും അടക്കം ആകെ 67 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. പുതിയ പ്രൊജക്ടുകളുടെ കാര്യത്തിൽ 16പദ്ധതികൾക്ക് നിർവ്വഹണത്തിനായി തുക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. മുഴവൻ പ്രൊജക്ടുകളും ഓരോ ഗ്രാമപഞ്ചായത്തുപരിധിക്കുള്ളിൽ ഒതുങ്ങുന്നതാണെന്നും ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

13-ാം പദ്ധതിക്കാലത്തെ മേഖലയിലെ ആദ്യവർഷത്തെ പ്രൊജക്ടുകളുടെ രൂപീകരണം പരിശോധിച്ചതിൽ , ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളൊന്നും തന്നെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ പാലിക്കപ്പെട്ടിട്ടില്ലെന്ന് വ്യക്തമാകുന്നു. മേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും, അവസ്ഥാ വിശകലനത്തിന്റെ പ്രധാന ഘടകമായ അടിസ്ഥാനവിവരങ്ങളുടെ വിശകലനം തയ്യാറാക്കാതെയാണ് ഈ മേഖലയിലെ പ്രശ്ന വിശകലനവും പരിഹാര സാധ്യതകളും തയ്യാറാക്കിയിരിക്കുന്നത്. അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിൽ ഈ മേഖലയിൽ സ്ഥാപനം എവിടെ എത്തിനിൽക്കുന്നുവെന്ന് വിലയിരുത്തിയിട്ടില്ല. കുടിവെള്ള, ശുചിത്വ മേഖലയിലെ പ്രധാന പ്രശ്നമായി കണ്ടെത്തിയിരിക്കുന്നത് കുടിവെള്ള സ്രോതസ്സുകളുടെ അപര്യാപ്തത, ക്രിമറ്റോറിയം, ആധുനിക അറവുശാലകൾ, എം.ആർ.എഫ് റീസൈക്ലിംഗ് യൂണിറ്റുകൾ എന്നിവയുടെ അപര്യാപ്തത എന്നിവയാണ്. എന്നാൽ അടിസ്ഥാന വിവരങ്ങളില്ലാതെ എപ്രകാരം പ്രശ്നങ്ങളെ കണ്ടെത്തിയെന്ന് വ്യക്തമല്ല. അടിസ്ഥാന വിവരങ്ങളായ കുടിവെള്ളത്തിന്റെ ലഭ്യത(തുറന്ന കിണർ,കുഴൽ കിണർ,പൈപ്പ് കണക്ഷൻ,മറ്റ് ജല സ്രോതസ്സുകൾ എന്നിവ അടിസ്ഥാനമാക്കി) വിവിധ സ്രോതസ്സുകൾ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം(സ്വന്തം കിണർ, പൊതുകിണർ, പൊതു ടാപ്പ് മുതലായവ) ഈ മേഖലയിൽ നാളിതുവരെ സൃഷ്ടിച്ച നിഷ്ക്രിയ ആസ്തികളുടെ വിവരം, KWA പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള ആവശ്യകതയുള്ള പ്രദേശങ്ങളുടെ വിശദാംശം എന്നീ വിവരങ്ങൾ സംബന്ധിച്ച ഭാഗം (സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കില

തയ്യാറാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനമേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി കാണുക) സ്റ്റാറ്റസ് റിപ്പോർട്ടിൽ ഒന്നും രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുകയാണ്. 13-ാം പദ്ധതിക്കാലത്തെയും 2030 വരെയുള്ള കാലയളവിലെയും വികസന കാഴ്ചപ്പാടുകളും (പരിപ്രേക്ഷ്യം) തയ്യാറാക്കിയിട്ടില്ല. ഇതുകൊണ്ട് തന്നെ പ്രൊജക്ട് ആശയങ്ങളും സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടില്ല.

13-ാം പദ്ധതിക്കാലത്തെ വികസനരേഖയിൽ,വികസന നയം,ലക്ഷ്യം , വികസനതന്ത്രങ്ങൾ എന്നിവ പ്രതിപാദിക്കുന്ന അദ്ധ്യായം 2 ൽ ലക്ഷ്യങ്ങളും സ്വപ്നങ്ങളും എന്ന ഭാഗത്ത് ക്രമനം 15,16 എന്നിവയായി ഈ മേഖലയിലെ ലക്ഷ്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്.മഴവെള്ള സംരക്ഷണവും സംഭരണവും വിപുലമാക്കി അടുത്ത 5 വർഷം കൊണ്ട് ജില്ലയിൽ ചുരുങ്ങിയത് ഒരു ലക്ഷം കിണറുകൾ റീ ചാർജ്ജ് ചെയ്യുക ,ചുരുങ്ങിയത് ഒരു ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഓരോ കുളങ്ങൾ ഓരോ ബ്ലോക്കിൽ/ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക, ബ്ലോക്ക്/ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ശേഖരണ, വേർതിരിവ് കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഈ പ്ലാസ്ററിക് മുഴവൻ റീസൈക്കിൾ ചെയ്യാനുള്ള യൂണിറ്റ് ജില്ലാടിസ്ഥാനത്തിൽ സ്ഥാപിച്ച് ജില്ലയിലെ മുഴവൻ പ്ലാസ്റ്റിക് മാലിന്യങ്ങളും റീസൈക്കിൾ ചെയ്ത് ജില്ലയെ പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുക എന്നിവയാണ് ഈ ലക്ഷ്യങ്ങൾ. അടിസ്ഥാന വിവരങ്ങളുടെയും അവസ്ഥാ വിശകലനത്തിന്റെയും പിൻബലത്തിൽ തയ്യാറാക്കിയതല്ലെങ്കിലും വികസനരേഖയിൽ പ്രതിപാദിച്ച ഈ ലക്ഷ്യങ്ങൾക്കനുസൃതമായ ഒരു പ്രൊജക്ടുപോലും ഓഡിറ്റ് വർഷത്തിൽ തയ്യാറാക്കിയിട്ടില്ല.ഇതുകൊണ്ടു തന്നെ അഞ്ചു വർഷം കൊണ്ട് എത്രത്തോളം ലക്ഷ്യപ്രാപ്തി ഇക്കാര്യത്തിൽ നേടുമെന്ന് വ്യക്തമല്ല.

പ്രൊജക്ടുകളുടെ ആസൂത്രണത്തിൽ സ്ഥാപനത്തിന്റെ ദിശാസൂചികയായി മാറേണ്ടത്,നിയമപരമായി സ്ഥാപനത്തിൽ ഏല്പിക്കപ്പെട്ട ചുമതലകളാണ്. ജലവിതരണ മേഖലയിൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ നടപ്പാക്കുക, ഇത്തരം പദ്ധതികൾ ഏറ്റെടുക്കുക എന്നിവയാണ് കേരള പഞ്ചാ. രാജ് ആക്ട്, സെക്ഷൻ 173(1) അഞ്ചാം പട്ടിക പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ളത്. എന്നാൽ ഇത്തരം വലിയ പദ്ധതികളുടെ ആവശ്യകത സംബന്ധിച്ച പഠനങ്ങളോ ചർച്ചകളോ ഒരു വേദിയിലും ഉയർന്നു വന്നിട്ടില്ല. ഇതുമൂലം മേല്പറഞ്ഞതുപോലെ ഓരോ ഗ്രാമപഞ്ചായത്തു പരിധിക്കുള്ളിൽ ഒതുങ്ങുന്ന ചെറിയ പ്രൊജക്ടുകൾ മാത്രം ഓഡിറ്റ് വർഷത്തിലും ഏറ്റെടുക്കപ്പെട്ടു.

മേഖലയുടെ വർക്കിംഗ് ഗ്രൂപ്പിൽ 18 അംഗങ്ങൾ ഉണ്ട്.ഗ്രൂപ്പിന്റെ മിനിട്സ് പ്രകാരം, ആദ്യ യോഗം ചേർന്നിരിക്കുന്നത് 20.7.17 നാണ്. കൺവീനർ ഉൾപ്പടെ ആകെ 5 അംഗങ്ങൾ പങ്കെടുത്തിനാൽ യോഗം നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. 9.3.17 ന് നടന്ന അടുത്ത യോഗത്തിൽ 18പേരും പങ്കെടുത്തു. എന്നാൽ തീരുമാനങ്ങൾ കൈക്കൊണ്ടു കാണുന്നില്ല. മിനിട്സിന്റെ അടുത്ത പേജിൽ 12.4.17 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം എന്ന് രേഖപ്പെടുത്തി 9 നിർദ്ദേശങ്ങൾ രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ യോഗത്തിൽ പങ്കെടുത്തവരുടെ യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. യാതൊരു ഡാറ്റായുടെയും അടിസ്ഥാനത്തിലല്ലാതെ ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ അതേപടി മിനിട്സിൽ രേഖപ്പെടുത്തുകയായിരുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതികളുടെ ആസൂത്രണം എന്നിവയിൽ വന്ന അപാകതകൾക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച 9.01.17 ലെ എം.എസ് 10/2017 / തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.4 (4) മുതൽ (9) വരെയുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും, പകർപ്പ് ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ് (കില തയ്യാറാക്കിയ വികസനമേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായിയിലെ ആവശ്യമായ ഫോറങ്ങളിൽ വിവരശേഖരണം നടത്തി). 2018-19 വർഷത്തെ ഈ മേഖലയിലെ ആസൂത്രണം മേൽ സ്റ്റാററസ് റിപ്പോർട്ടിന് അടിസ്ഥാനപ്പെടുത്തിയായിരിക്കേണ്ടതുമാണ്. (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-4 ചുമതലാ നിർവ്വഹണത്തിന് ലഭിക്കുന്ന ഫണ്ടിന്റെ വലിയൊരു ഭാഗം മറ്റ് സ്ഥാപനങ്ങളുടെ റോഡ് ആസ്തികൾക്ക് വിനിയോഗിക്കുന്നു.

ഓഡിറ്റ് വർഷത്തിൽ സ്ഥാപനത്തിന് ബജറ്റ് അലോട്ട് മെന്റായി ലഭിച്ച വികസനഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളായ റോഡുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

(തുക ലക്ഷത്തിൽ)

| ഫണ്ടിനം | ആകെ ബജറ്റ് വിഹിതം | ഗ്രാമപഞ്ചായത്തു റോഡുകൾക്ക് വകയിരുത്തിയത് (തുക ലക്ഷത്തിൽ) | | | വകയിരുത്തലിന്റെ ശതമാനം |
|---|---|---|---|---|---|
| | | സ്പിൽ ഓവർ | പുതിയ | ആകെ | |

| | | | | | |
|---|---|---|---|---|---|
| | | പ്രൊജക്ടുകൾക്ക് | പ്രൊജക്ടുകൾക്ക് | | |
| വികസനഫണ്ട് (ജനറൽ) | 5291.71 | 448.44 | 625.40 | 1073.84 | 20.29 |
| വികസനഫണ്ട് (എസ് സി പി) | 1624.56 | 319.9 | 192.72 | 512.62 | 31.55 |
| ആകെ | 6916.56 | 768.34 | 818.12 | 1586.46 | 22.94 |

വികസനഫണ്ടിൽ (ജനറൽ) നിന്നും ആകെ ലഭ്യമായ തുകയുടെ 20.29% തുക വകയിരുത്തിയിരിക്കുന്നത് സ്വന്തമല്ലാത്ത റോഡ് ആസ്തികൾക്കാണ്. എസ് സി പി വിഹിതത്തിന്റെ 31.55% ഇത് വരുന്നുണ്ടെന്നും കാണാവുന്നതാണ്. ഇപ്രകാരം റോഡുകൾക്ക് തുക വകയിരുത്തി വിനിയോഗിച്ചത് മറ്റ് മേഖലകളിൽ സ്ഥാപനത്തെ ഏല്പിച്ച ചുമതലകൾ നിറവേറ്റാതെയാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. ഓഡിറ്റ് വർഷത്തിൽ തയ്യാറാക്കപ്പെട്ട വിവിധ മേഖലകളിലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലെ വീഴ്ചമൂലം (ബന്ധപ്പെട്ട ഖണ്ഡികകൾ കാണുക) കൈമാറിക്കിട്ടിയ ചുമതലകളുടെ കാര്യത്തിൽ നിറവേറ്റാൻ എന്തൊക്കെ ആവശ്യകതകൾ ഉണ്ടെന്ന് തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലെന്നു കാണാം. ചില മേഖലകളിൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തിരിച്ചറിഞ്ഞ ആവശ്യകതകൾക്ക് പൂർണ്ണമായും തുക വകയിരുത്തിയിട്ടില്ലെന്നും ബോധ്യപ്പെടുന്നുണ്ട്. (ഉദാ: വിദ്യഭ്യാസം)

സ്വന്തം ചുമതലകൾ മറന്നുകൊണ്ട് മറ്റ് സ്ഥാപനങ്ങളുടെ ആസ്തികൾക്ക് തുക വിനിയോഗിക്കുന്ന പ്രവണത മുൻ കാലം മുതൽക്കേ തുടർന്നു വരുന്നതാണെന്ന് ബന്ധപ്പെട്ട രേഖകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. 2012-13 വർഷം മുതലുള്ള 5 വർഷക്കാലം ഗ്രാമപഞ്ചായത്തുകളുടെ റോഡുകൾക്കായി വികസന ഫണ്ടിൽ നിന്നും സ്ഥാപനം തുക ചെലവഴിച്ചതിന്റെ വിശദാംശത്തിൽ നിന്നും ഇതിന്റെ വ്യാപ്തി ബോധ്യപ്പെടുന്നു. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിലെ, ഗ്രാമപഞ്ചായത്തുകളുടെ 8 മീറ്ററിൽ (നിലവിൽ ഇത് 6 മീറ്ററായി കുറച്ചു) കുറയാത്ത വീതിയിലുള്ള റോഡുകൾ ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്താമെന്ന നിർദ്ദേശത്തിന്റെ ചുവടുപിടിച്ചാണ് ഇപ്രകാരം വൻതുക സ്വന്തമല്ലാത്ത റോഡുകൾക്ക് വിനിയോഗിക്കുന്നത്.വിശദാംശം താഴെ കൊടുക്കുന്നു.

I.പ്ലാൻ ഫണ്ടിൽ (ജനറൽ)നിന്നും തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം

(തുക ലക്ഷത്തിൽ)

| വർഷം | പ്ലാൻഫണ്ടിൽ നിന്നും ആകെ വകയിരുത്തിയ തുക (ജനറൽ) | പ്ലാൻഫണ്ടിൽ നിന്നും റോഡുകൾക്ക് വകയിരുത്തിയതുക | പ്ലാൻഫണ്ടിൽ നിന്നും ആകെ ചെലവ് (ജനറൽ) | പ്ലാൻഫണ്ടിൽ നിന്നും റോഡുകൾക്കുള്ള ചെലവ് | റോഡുകൾക്ക് വകയിരുത്തിയതിന്റെ ശതമാനം (ആകെ വകയിരുത്തിയത് അടിസ്ഥാനപ്പെടുത്തി) | റോഡുകൾക്ക് ചെലവഴിച്ചതിന്റെ ശതമാനം (ആകെ ചെലവ് അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 2012-13 | 2659.56 | 652.14 | 1104.34 | 150.67 | 24.52 | 13.64 |
| 2013-14 | 4373.3 | 1502.47 | 2330.13 | 429.13 | 34.35 | 18.42 |
| 2014-15 | 4775.21 | 1783.13 | 3600.11 | 1212.35 | 37.34 | 33.67 |
| 2015-16 | 4724.16 | 1300.18 | 2796.32 | 878.64 | 27.52 | 31.42 |
| 2016-17 | 4592.19 | 781.67 | 2419.18 | 259.26 | 17.02 | 10.72 |
| ആകെ | 21124.42 | 6019.59 | 12250.08 | 2930.05 | 28.49 | 23.92 |

II.പ്ലാൻ ഫണ്ടിൽ (SCP)നിന്നും തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം

(തുക ലക്ഷത്തിൽ)

| വർഷം | പ്ലാൻഫണ്ടിൽ നിന്നും ആകെ വകയിരുത്തിയതുക | പ്ലാൻഫണ്ടിൽ നിന്നും റോഡുകൾക്ക് വകയിരുത്തിയതുക | പ്ലാൻഫണ്ടിൽ നിന്നും ആകെ ചെലവ് | പ്ലാൻഫണ്ടിൽ നിന്നും റോഡുകൾക്കുള്ള ചെലവ് | റോഡുകൾക്ക് വകയിരുത്തിയതിന്റെ ശതമാനം (ആകെ വകയിരുത്തിയത് അടിസ്ഥാനപ്പെടുത്തി) | റോഡുകൾക്ക് ചെലവഴിച്ചതിന്റെ ശതമാനം (ആകെ ചെലവ് അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|
| 2012-13 | 1052.17 | 305.03 | 781.7 | 83.16 | 24.52 | 10.64 |
| 2013-14 | 1158.32 | 513.65 | 760.96 | 229.51 | 44.34 | 30.16 |
| 2014-15 | 1418.4 | 491.59 | 970.46 | 345.29 | 34.66 | 35.58 |
| 2015-16 | 1453.99 | 584.09 | 803.81 | 238.73 | 40.17 | 29.7 |
| 2016-17 | 1621.93 | 406.14 | 872.56 | 160.02 | 25.04 | 18.33 |
| ആകെ | 6704.81 | 2300.5 | 4189.49 | 1056.71 | 34.31 | 25.22 |

വാർഷിക പദ്ധതിയ്ക്കായി കഴിഞ്ഞ 5 വർഷക്കാലം വകയിരുത്തിയ പൊതുവികസനഫണ്ടിന്റെ ശരാശരി 28.49 ശതമാനം തുക നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളായ റോഡുകൾക്കായാണ് വകയിരുത്തി യിരിക്കുന്നത്. 5 വർഷത്തേക്കുള്ള ചെലവ് പരിശോധിക്കുമ്പോൾ, ആകെ ചെലവിന്റെ ശരാശരി 23.92 ശതമാനം മേൽ റോഡുകൾക്ക് വിനിയോഗിച്ചിട്ടുണ്ട്. പ്രത്യേക ഘടക പദ്ധതിയ്ക്കായി ലഭിക്കുന്ന ഫണ്ടിന്റെ കാര്യത്തിൽ ഇത് ശരാശരി 34.31 ശതമാനവും 28.49 ശതമാനവുമാണെന്ന് കാണാം.

94ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 173(1) പ്രകാരമുള്ള 5-ാം പട്ടികയിൽ, ജില്ലാ പഞ്ചായത്തിന്റെ ചുമതലയായി നല്കിയ എല്ലാ മേഖലകളിലും ഇടപെടലുകൾ നടത്താൻ, നിയമം നിലവിൽ വന്നതു മുതൽ നാളിതുവരെ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല. ചെറുകിട ജലസേചന മേഖലയിൽ ഒന്നിലധികം ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തിയുള്ള ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക,കമാന്റ് ഏരിയ വികസിപ്പിക്കുക, ഭവന നിർമ്മാണമേഖലയിൽ കെട്ടിട സമുച്ചയവും അടിസ്ഥാനസൗകര്യ വികസനവും നടപ്പാക്കുക,ജലവിതരണ രംഗത്ത് ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ നടപ്പിലാക്കുക, ഏറ്റെടുക്കുക വിദ്യുച്ഛക്തി, ഊർജ്ജ മേഖലയിൽ മൈക്രോ ഹൈഡൽ പദ്ധതികൾ ഏറ്റെടുക്കുക, പൊതുജനാരോഗ്യം ശുചിത്വം മേഖലയിൽ പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടെയും മാനസിക രോഗികളുടെയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുക

സാമൂഹ്യ ക്ഷേമ മേഖലയിൽ വികലാംഗർ, അഗതികൾ മുതലായവർക്കായി ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുക, ദാരിദ്ര്യ നിർമ്മാർജ്ജന മേഖലയിൽ സ്വയം തൊഴിൽ പരിപാടികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾക്കായി നാളിതുവരെ പദ്ധതികൾ ആവിഷ്കരിക്കുകയോ നിർവ്വഹണം നടത്തുകയോ ചെയ്തിട്ടില്ല. ചുമതലയിൽപെട്ട വലിയൊരു വിഭാഗം മേഖലകളെ നാളിതുവരെ സ്പർശിച്ചിട്ടില്ല എന്നിരിക്കെയാണ് , മേൽ ചുമതലാ നിർവ്വഹണത്തിനായി കൂടി ലഭിക്കുന്ന വികസന ഫണ്ടിന്റെ വലിയൊരു വിഹിതം മറ്റ് സ്ഥാപനങ്ങളുടെ ആസ്തികൾക്കായി വിനിയോഗിച്ചുവരുന്നത്. വികസനത്തിന്റെ കാര്യത്തിൽ കർമ്മമേഖല തിരിച്ചറിയുന്നതിൽ സ്ഥാപനം പരാജയപ്പെട്ടതായും, പ്രവർത്തനങ്ങൾക്ക് ദിശാബോധം നഷ്ടപ്പെട്ടുന്നും മേൽ വസ്തുതകൾ വ്യക്തമാക്കുന്നു.സ്ഥാപനത്തിന് കൈമാറിയ ചുമതലകളിൽ മറ്റ് സർക്കാർ ഏജൻസികൾ ഇടപെടില്ല/ഇടപെടുന്നതിൽ പരിമിതിയുണ്ടെന്നിരിക്കെ, മേൽ ചുമതലകൾ നിറവേറ്റുന്നതിലെ വീഴ്ച ജില്ലാപഞ്ചായത്തിന്റെ സാമൂഹ്യവും, ഉല്പാദനപരവുമായ മുന്നേറ്റത്തിന് വിഘാതമാകുമെന്ന കാര്യം ശ്രദ്ധേയമാണ്.

അപാകതകൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണ്. (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-5 പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ)-സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണ്ണം

കൺവീനർ/നിർവ്വഹണം- എക്സി.എഞ്ചിനീയർ

പൊതുമരാമത്ത് മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.സ്റ്റാറ്റസ് റിപ്പോർട്ടിലെ അടിസ്ഥാനവിവരങ്ങൾ പൂർണ്ണമല്ല

സ്റ്റാററസ് റിപ്പോർട്ടിലെ അടിസ്ഥാനവിവരങ്ങൾ പൂർണ്ണമല്ല.പ്രധാനമായും ഊർജ്ജ മേഖലയിലാണ് അപാകതയുള്ളത്. പട്ടിക 5 പ്രകാരം ഊർജ്ജ മേഖലയിലെ ചുമതലകളിൽപ്പെടുന്നത്,മൈക്രോ ഹൈഡൽ പദ്ധതികൾ ഏറ്റെടുക്കുക,വിദ്യുച്ഛക്തി വികസനത്തിനായി മുൻഗണന നല്കേണ്ട സ്ഥലങ്ങൾ തീരുമാനിക്കുക എന്നിവയാണ്. സ്ഥാപനത്തെ സംബന്ധിച്ചടത്തോളം മാതൃക ഫോറങ്ങൾ പൂർണ്ണായും പ്രസക്തമല്ലെങ്കിലും ജില്ലയിലെ ഊർജ്ജ്യാവശ്യകതയുടെ തോത് കണക്കാക്കാൻ ഈ വിവരങ്ങൾ ആവശ്യമാണ്. എന്നാൽ വൈദ്യുതി കണക്ഷൻ സംബന്ധിച്ച വിവരങ്ങൾ, സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പൊതു സംവിധാനങ്ങളുടെ വിവരം തുടങ്ങിയ കാര്യങ്ങൾ റിപ്പോർട്ടിൽ ലഭ്യമല്ല. ഇത് മൂലം മേഖലയുടെ വികസനാവശ്യങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്താൻ കഴിയില്ലെന്ന് കാണാം.

2. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും ഇല്ല

കില തയ്യാറാക്കിയ, 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനമേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി' ഉപയോഗപ്പെടുത്തിയാണ് പൊതുമരാമത്ത് മേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.സ്റ്റാറ്റസ് റിപ്പോർട്ട് എങ്ങിനെ തയ്യാറാക്കണമെന്ന് വിശദമാക്കുന്ന ആദ്യഭാഗത്ത്, ക്രമനം 2 ൽ, നാലു ഭാഗങ്ങളുള്ള സ്റ്റാററസ് റിപ്പോർട്ടിലെ വികസന മേഖലയുടെ അവസ്ഥാവിശകലനം നടത്തുന്ന ആദ്യഭാഗത്തിന് അടിസ്ഥാന വിവരങ്ങൾ,പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും എന്നീ രണ്ട് ഘടകങ്ങളുണ്ടെന്നും , പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും വിശദമാക്കാൻ സ.ഉ.(എം എസ് )10/2017 തസ്വഭവ തീയതി 9.01.17 നമ്പർ ഉത്തരവിലെ ഫോറം 5 ഉപയോഗപ്പെടുത്തണമെന്നും (ഇതിനായി പ്രത്യേക ഫോറം സഹായിൽ ഉൾപ്പെടുത്തിയിട്ടില്ല,ഫോറം 5 ഫോറം 1.2 എന്ന ഖണ്ഡിക നമ്പരിൽ സ്വീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്) നിർദ്ദേശിച്ചിരുന്നു. എന്നാൽ സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ, പ്രൊജക്ട് നിർദ്ദേശങ്ങൾക്ക് ആധാരമാകേണ്ട ഫോറം 5 ഒഴിവാക്കപ്പെട്ടു പോയതായി പരിശോധയിൽ വ്യക്തമാകുന്നു.ആസൂത്രണം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടു തന്നെയാണോ സ്റ്റാററസ് റിപ്പോർട്ട് ഉൾപ്പടെയുള്ള ആസൂത്രണ പ്രക്രിയ, മേഖലയിൽ നടത്തിയത് എന്ന കാര്യത്തിൽ ഇത് സംശയത്തിനിടയാക്കുന്നു. പ്രശ്നവിശകലനം നടത്താതെ എപ്രകാരം വികസന പരിപ്രേക്ഷ്യവും അതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് ആശയങ്ങളും രൂപീകരിച്ചുവെന്ന് വിശദമാക്കേണ്ടതുണ്ട്.

3.വികസന വിടവ് നികത്തുന്നതല്ല വികസന പരിപ്രേക്ഷ്യം

ആസൂത്രണത്തിന്റെ അടിസ്ഥാനശിലയാകേണ്ട പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും സ്റ്റാററസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും, റിപ്പോർട്ടിൽ ലഭ്യമായ അടിസ്ഥാന വിവരങ്ങൾ മേഖലയിലെ വികസനവിടവ് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഈ വിടവ് നികത്തുന്നതിന് പര്യാപ്തമല്ല, മേഖലയിലെ ദീർഘവും ഹ്രസ്വവുമായ വികസനകാഴ്ചപ്പാടുകൾ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൈമാറിക്കിട്ടിയ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, അടിസ്ഥാനവിവരങ്ങളുടെ വിശദാംശങ്ങളിൽ വ്യക്തമാകുന്നുണ്ടെങ്കിലും വികസനകാഴ്ചപ്പാടുകളിൽ ശുചിത്വപൂർണ്ണമായ റോഡുകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഊർജ്ജ മേഖലയും പൂർണ്ണമായും അവഗണിക്കപ്പെട്ടു. കേരള

പഞ്ചായത്ത് രാജ് ആക്ട്,സെക്ഷൻ 173(1) പട്ടിക 5 ൽ പൊതുമരാമത്ത് മേഖലയിൽ, സ്ഥാപനത്തിൽ നിക്ഷിപ്തമായ റോഡുകൾ പരിപാലിക്കുന്നതിനൊപ്പം കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടം നിർമ്മിക്കുക, ഊർജ്ജ രംഗത്ത് മൈക്രോ ഹൈഡൽ പദ്ധതികൾ ഏറ്റെടുക്കുക, വിദ്യുച്ഛക്തി വികസനത്തിനായി മുൻഗണന നല്കേണ്ട സ്ഥലങ്ങൾ തീരുമാനിക്കുക എന്നിവയും സ്ഥാപനത്തിന്റെ ചുമതലയിൽപ്പെടുന്നുണ്ടെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. (കൈമാറിക്കിട്ടിയ മേഖലകളിൽ ആവശ്യമായ നിർമ്മാണപ്രവർത്തനങ്ങളുടെ വിശദവിവരം ബന്ധപ്പെട്ട മേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ടുകളിലും പ്രതിപാദിച്ചിട്ടുണ്ട്)

4.വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

എക്സി.എഞ്ചിനീയർ തന്നെ കൺവീനറായ കുടിവെള്ളം,ശുചിത്വം മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റ പ്രവർത്തനം പോലെ തന്നെ ശുഷ്കമാണ് ഈ മേഖലയിലെ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ. ആകെ 21 അംഗങ്ങൾ ഉള്ള ഗ്രൂപ്പിന്റെ മിനിട്സ് പ്രകാരം, ആദ്യ യോഗം ചേർന്നിരിക്കുന്നത് 20.07.17 നാണ്. കൺവീനർ ഉൾപ്പടെ ആകെ 9 അംഗങ്ങൾ പങ്കെടുത്തിനാൽ യോഗം നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. 25.02.17 ന് നടന്ന അടുത്ത യോഗത്തിൽ 4 പേർ മാത്രമേ പങ്കെടുത്തെള്ളൂ,എന്നാൽ കൺവീനർ പങ്കെടുത്തുമില്ല. ക്വോറം തികയാത്ത ഈ യോഗത്തിൽ സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് തീരുമാനങ്ങൾ കൈക്കൊണ്ടു. 17 പേർ പങ്കെടുത്ത അടുത്ത യോഗം 09.03.17 ന് ചേർന്നെങ്കിലും തീരുമാനങ്ങളൊന്നും കൈക്കൊണ്ടു കാണുന്നില്ല. മിനിട്സിന്റെ അടുത്ത പേജിൽ 12.04.17 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം എന്ന് രേഖപ്പെടുത്തി 25 നിർദ്ദേശങ്ങൾ രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ യോഗത്തിൽ ആകെ 5 പേർ മാത്രമാണ് പങ്കെടുത്തത്. യാതൊരു ഡാറ്റായുടെയും അടിസ്ഥാനത്തിലല്ലാതെ ചർച്ചയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ അതേപടി മിനിട്സിൽ രേഖപ്പെടുത്തുകയായിരുന്നു. മേഖലയുടെ വികസന പരിപ്രേക്ഷ്യത്തിൽ ശുചിത്വപൂർണ്ണമായ റോഡുകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതെങ്കിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ഈ യോഗത്തിൽ ഉയർന്നു വന്നുവെന്നത് ശ്രദ്ധേയമാണ്. അടിസ്ഥാന വിവരങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യപ്പെട്ടില്ല, വർക്കിംഗ് ഗ്രൂപ്പിലെ ചർച്ചകളും സ്റ്റാററസ് റിപ്പോർട്ടിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നീ അപാകതകൾക്കൊപ്പം മിനിട്സ് ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതികളുടെ ആസൂത്രണം എന്നിവയിൽ വന്ന അപാകതകൾക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച 9.01.17 ലെ എം.എസ്. 10/2017 / തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 2.4 (4) മുതൽ (9) വരെയുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും അംഗീകാരം വാങ്ങി പകർപ്പ് ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്. 2018-19 വർഷത്തെ ഈ മേഖലയിലെ ആസൂത്രണം മേൽ സ്റ്റാറ്റസ് റിപ്പോർട്ടിന് അടിസ്ഥാനപ്പെടുത്തിയായിരിക്കേണ്ടതുമാണ്. (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-6 പൊതു മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം നടന്നില്ല-62.79 കോടി രൂപ നഷ്ടപ്പെട്ടുത്തി

നിർവ്വഹണം ഉദ്യോഗസ്ഥൻ: അസി.എക്സി.എഞ്ചിനീയർ

ആരോഗ്യം, വിദ്യഭ്യാസം, പൊതുമരാമത്ത് തുടങ്ങി വിവിധ മേഖലകളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഓഡിറ്റ് വർഷത്തിൽ 441 പുതിയ പ്രൊജക്ടുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറും (62എണ്ണം) അസി. എക്സി. എഞ്ചിനീയറും (379 എണ്ണം) അംഗീകാരം വാങ്ങിയിരുന്നു. അസി.എക്സി.എഞ്ചിനീയറുടെ കാര്യത്തിൽ 379 പ്രൊജക്ടുകൾക്കായി ആകെ 80.70കോടി രൂപ വകയിരുത്തിയതിൽ 93 പ്രൊജക്ടുകൾക്ക് ആകെ 9.26 കോടി രൂപ മാത്രമാണ് വിനിയോഗിക്കാനായത്. വിനിയോഗിക്കാതെ വന്ന 71.44 കോടി രൂപയിൽ കേന്ദ്രഫണ്ടായി വകയിരുത്തിയ 10.81കോടി രൂപയും തനത് ഫണ്ടായി വകയിരുത്തിയതിൽ ചെലവഴിക്കാൻ ബാക്കിയായ 3.18 കോടി രൂപയും കഴിച്ച് 57.45 കോടിരൂപ വികസനഫണ്ട് (14.45 കോടി) വികസനഫണ്ട് (എസ്.സി.പി.) (4.99 കോടി) വികസനഫണ്ട് ടി എസ് പി (0.19 കോടി) മെയിന്റൻസ് ഗ്രാന്റ് റോഡ് (40 കോടി)മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (3.23 കോടി) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് നഷ്ടപ്പട്ടിരിക്കുകയാണ്. എക്സി. എഞ്ചിനീയറുടെ നിർവ്വഹണ പരിധിയിൽ വരുന്ന 62 പുതിയ പ്രൊജക്ടുകൾക്ക് 9.04 കോടി രൂപ വകയിരുത്തിയതിൽ ചെലവ് 2.1 കോടിയാണ്. ചെലവഴിക്കാത്ത 6.94 കോടി രൂപയിൽ 5.34 കോടി രൂപ വികസനഫണ്ട് ( 0.92 കോടി) വികസനഫണ്ട് (എസ് സി പി) (5ലക്ഷം) മെയിന്റനൻസ് ഗ്രാന്റ് റോഡ് (3.69 കോടി)മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (68ലക്ഷം)എന്നീ ഗ്രാന്റിനങ്ങളിൽ നഷ്ടപ്പട്ടിരിക്കുകയാണ്. അതായത് ഇരുവരുടേയും പദ്ധതികൾക്ക് വകയിരുത്തിയ ആകെ 62.79 കോടി രൂപ സ്ഥാപനത്തിന് നഷ്ടപ്പെട്ടെന്ന് കാണാം.

ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതിവിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പുതിയ പ്രൊജക്ടുകളുടെ കാര്യം മാത്രം പരിശോധിക്കുമ്പോൾ അംഗീകാരം മുതൽ സാമ്പത്തീക വർഷാവസാനം വരെയുള്ള പുരോഗതി താഴെ കൊടുക്കും വിധമാണെന്ന് കാണുന്നു.

| ക്രമനം | മാസം | സാങ്കേതികാനുമതിക്ക് സമർപ്പിച്ച പ്രൊജക്ടുകളുടെ എണ്ണം | സാങ്കേതികാനുമതി ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | ടെണ്ടർ ചെയ്ത പ്രൊജക്ടുകളുടെ എണ്ണം | കരാർ വച്ച പ്രൊജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 5/17 | 2 | 2 | 0 | 0 |
| 2 | 6/17 | 2 | 2 | 0 | 0 |
| 3 | 7/17 | 15 | 15 | 0 | 0 |
| 4 | 8/17 | 96 | 96 | 40 | 1 |
| 5 | 9/17 | 85 | 85 | 97 | 4 |
| 6 | 10/17 | 14 | 14 | 25 | 6 |
| 7 | 11/17 | 36 | 36 | 45 | 30 |
| 8 | 12/17 | 24 | 24 | 0 | 80 |
| 9 | 1/18 | 25 | 25 | 30 | 36 |
| 10 | 2/18 | 54 | 54 | 82 | 44 |
| 11 | 3/18 | 20 | 20 | 7 | 122 |
| ആകെ | | 373 | 373 | 326 | 323 |

08.06.2017 ന് ഡി പി സി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആരംഭിക്കുന്നത് (മുൻ മാസങ്ങളിൽ നാമമാത്ര പ്രൊജക്ടുകൾക്കാണ് തയ്യാറാക്കിയിരിക്കുന്നത്) ആഗസ്റ്റ് മാസം മുതൽക്കാണ്. അതായത് അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ സാങ്കേതികാനുമതിയ്ക്ക് സമർപ്പിക്കുന്നതിന് രണ്ടുമാസത്തിലേറേക്കാലം ആവശ്യമായി വന്നുകാണുന്നു. 13 ആം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (എംഎസ് 72/17ത സ്വ ഭ വ തീയതി 29.3.17) ഖണ്ഡിക 6.11,7.1 എന്നിവയിൽ വികസന സെമിനാറിനു ശേഷം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു കഴിഞ്ഞാൽ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രൊജക്ടുകൾ സുലേഖ സോഫ്റ്റ് വെയർ മുഖേന നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കണമെന്നും ഇത് പൂർത്തിയായാലാണ് വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയ്ക്ക് അംഗീകാരത്തിന് സമർപ്പിക്കേണ്ടതെന്നും വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ വാർഷികപദ്ധതി അംഗീകാരത്തിന് സമർപ്പിച്ചതാണ് മാർച്ച് മാസത്തിലും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേക്കും അതുവഴി ഫണ്ട് നഷ്ടപ്പെടുത്തുന്നതിലേക്കും നയിച്ചതെന്ന് കാണാം. സാങ്കേതികാനുമതി കാലതാമസമില്ലാതെ ലഭിക്കുന്നുണ്ടെങ്കിലും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിലും കരാറുകാരനെ/ നിർവ്വഹണ ഏജൻസിയെ തീരുമാനിക്കുന്നതിലും, തെരെഞ്ഞെടുക്കപ്പെട്ടവരുമായി കരാർ വയ്ക്കുന്നതിലും നീതീകരിക്കാനാവാത്ത കാലതാമസമുണ്ടായിട്ടുണ്ട്. ആദ്യ ടെണ്ടർ നോട്ടീസ് ആഗസ്റ്റ് മാസത്തിൽ പുറപ്പെടുവിച്ചെങ്കിലും മാർച്ച് മാസം വരെ ഈ പ്രക്രിയ തുടർന്നു.കരാറിന്റെ കാര്യത്തിൽ മിക്കതിലും മാസങ്ങളുടെ കാലവിളംബം വന്നിട്ടുണ്ട്. പ്രധാനമായും നവംബർ മാസത്തിൽ ആരംഭിച്ച കരാർ വയ്ക്കൽ മാർച്ച് മാസത്തിൽ 122 പ്രവൃത്തികൾക്ക് കരാറൊപ്പിട്ടുന്നതുവരെ തുടർന്നു. ഈ പ്രൊജക്ടുകൾ മിക്കതും ഏകവർഷ പ്രൊജക്ടുകളാണെന്നതാണ് ഇവിടെ ശ്രദ്ധേയമായത്. കരാർ വച്ച പ്രൊജക്ടുകളുടെ പ്രവൃത്തികൾ ആരംഭിച്ചോയെന്നും, ഉണ്ടെങ്കിൽ ഏതു തീയതിയിലെന്നും അളവുപുസ്തകം ലഭ്യമാകാത്തതിനാൽ വ്യക്തമല്ല.

വാർഷിക പദ്ധതി പ്രകാരം രണ്ട് എഞ്ചിനീയർമാർക്കും കൂടി ആകെ 441 പ്രൊജക്ടുകളുണ്ടെന്നത് പരിഗണിക്കുമ്പോൾ ഓഡിറ്റ് വർഷത്തിൽ മുഴുവൻ പ്രൊജക്ടുകൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കുക എന്ന പ്രാഥമിക കർത്തവ്യം പോലും നിർവ്വഹിക്കപ്പെട്ടില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. ആകെ 373 പ്രൊജക്ടുകൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് മേൽ കണക്കുകൾ സൂചിപ്പിക്കുമ്പോൾ 69 പ്രൊജക്ടുകൾ തമസ്കരിക്കപ്പെട്ടെന്ന് വ്യക്തമാകുന്നു. ഇതുവഴി ഇവയ്ക്കായി വകയിരുത്തിയ കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്.

ഫണ്ട് നഷ്ടത്തിലേക്ക് നയിച്ച പ്രധാന മറ്റ് കാരണങ്ങൾ

പ്രൊജക്ടുകളുടെ സമയബന്ധിതമായ നിർവ്വഹണത്തിനും ഫണ്ടുകളുടെ കാര്യക്ഷമമായ വിനിയോഗത്തിനും തടസ്സമായ മറ്റ് ചില കാരണങ്ങൾ കൂടി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1) പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന് മരാമത്ത് മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച

ചെയ്യുന്നുണ്ടെങ്കിലും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയോ സാമ്പത്തികവർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്തുകയോ ചെയ്തു കാണുന്നില്ല. മിക്ക യോഗങ്ങളിലും പ്രധാന ചർച്ചാ വിഷയം എസ്റ്റിമേറ്റുകളുടെ പുതുക്കലാണ്. എന്നാൽ എന്തുകൊണ്ട് എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കപ്പെടുന്നു, ഇതിന്റെ പരിണിത ഫലങ്ങൾ എന്തൊക്കെ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കപ്പെടുന്നില്ല. സ്ഥാപനത്തിന്റെ ആസ്തികൾക്ക് ആവശ്യമായതിലും എത്രയോ അധികം ഫണ്ട് സ്ഥാപനത്തിലെ സംവിധാനങ്ങൾക്ക് താങ്ങാൻ പറ്റാത്ത അളവിൽ ലഭിക്കുന്നതും ,ഇത്രയും തുക ആയിരത്തോളം പ്രൊജക്ടുകൾക്ക് വീതിക്കപ്പെടുന്നതുമാണ് നിലവിലെ സ്ഥിതിവിശേഷത്തിന് കാരണമെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്നതാണെങ്കിലും (മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചതുമാണ്) ഇത് തിരിച്ചറിഞ്ഞ് ആവശ്യമായ പരിഹാര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി നല്കിയിട്ടില്ല. ക്രിയാത്മകമായ ഇടപെടലിൽ വന്ന കുറവാണ് ഫണ്ട് നഷ്ടത്തിൽ കലാശിച്ചതെന്ന് മേല്പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നു.

2) മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതമായി കിട്ടുന്ന തുക സ്ഥാപനത്തിന്റെ റോഡ് ആസ്തികൾക്ക് ആവശ്യമായതിലും പതിന്മടങ്ങ് കൂടുതലായി ലഭിക്കുന്നതാണ് സമയബന്ധിതമായ നിർവ്വഹണത്തിന് തടസ്സമാകുന്ന മറ്റൊരു ഘടകം. ഇപ്രകാരം തുക ലഭ്യമാകാനിടയായ സാഹചര്യവും ഇതിന്റെ പരിണിതഫലങ്ങളും പരിഹാരനിർദ്ദേശങ്ങളും 2016-17 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമാക്കിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ടുകളിലെ പരാമർശങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതമായ നടപടികൾ കൈക്കൊള്ളാത്തത് നിലവിലെ സാഹചര്യത്തിന് കാരണമായി

3) എക്സി.എഞ്ചിനീയറും അസി.എക്സി.എഞ്ചിനീയറും കൂടി പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പടെ ആകെ 879 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുൾപ്പടെയുള്ള സംവിധാനങ്ങൾക്ക് നിർവ്വഹിക്കാൻ കഴിയുന്നതിനും എത്രയോ കൂടുതലാണ് ഇതെന്നു കാണാം. മെയിന്റനൻസ് ഫണ്ടിന്റെ ആധിക്യം മൂലം ഗ്രാമപഞ്ചായത്തുകളുടെ റോഡുകളും ഏറ്റെടുത്ത് നടത്തുന്നുണ്ടെങ്കിലും ഒരു റോഡ് പൂർണ്ണമായും അറ്റകുറ്റപ്പണി നടത്താതെ ഭാഗിക പ്രവൃത്തികൾക്കുള്ള പ്രൊജക്ടുകളാണ് തയ്യാറാക്കുന്നത്. ഏറ്റെടുക്കുന്ന റോഡുകൾ പൂർണ്ണമാക്കുന്നതിനുള്ള പ്രൊജക്ടുകളായിരുന്നെങ്കിൽ മേല്പറഞ്ഞതിന്റെ പാതി പോലും പ്രൊജക്ടുകളുണ്ടാകുമായിരുന്നില്ല. കൂടാതെ ഫണ്ടിന്റെ വിനിയോഗം പരമാവധി ഉറപ്പുവരുത്താനും കഴിയുമായിരുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി നല്കേണ്ടതാണ്. കൂടാതെ അപാകതകൾ തുടർ വർഷങ്ങളിൽ ഒഴിവാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) സ്ഥാപനത്തിന്റെ റോഡ് ആസ്തികൾക്ക് ആവശ്യമായതിലും കൂടുതലായി ഫണ്ട് ലഭിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതും അധികഫണ്ട് എപ്രകാരം വിനിയോഗിക്കണമെന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുമാണ്.

2) ലഭ്യമാകുന്ന ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുംവിധം പ്രൊജക്ടുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി ഏറ്റെടുക്കുന്ന റോഡുകളുടെ നിർമ്മിതി/അറ്റകുറ്റപ്പണി പൂർണ്ണമാകും വിധം പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

3) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമത വരേണ്ടതുണ്ട്. ക്രമ നം 1,2 എന്നിവയിൽ സൂചിപ്പിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കാൻ നേതൃപരമായ ഇടപെടൽ നടത്തുന്നതിനൊപ്പം സമയബന്ധിതമായ പ്രൊജക്ട് നിർവ്വഹണം ഉറപ്പുവരുത്തേണ്ടതും, പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതുമാണ്. കൂടാതെ എസ്റ്റിമേറ്റുകളുടെ പുതുക്കലിനിട നല്കുന്ന ഉദ്യോഗസ്ഥതല വീഴ്ചകൾ പരിശോധിക്കപ്പെടേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നതായി പ്രൊജക്ട് ഫയലുകൾ ,മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്, പഞ്ചായത്ത് ഭരണസമിതി മിനിട്സ് തുടങ്ങിയ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എത്രത്തോളം പുതിയ പ്രൊജക്ടുകളും സ്പിൽ ഓവർ പ്രൊജക്ടുകളും പുതുക്കിയെന്ന് ആരാഞ്ഞ് 16.10.18 ന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, ഓഡിറ്റ് വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകളിൽ 40 എണ്ണം പുതുക്കിയതായും പുതിയവയുടെ കാര്യത്തിൽ ഒന്നും തന്നെ പുതുക്കിയിട്ടില്ലെന്നും മറുപടി നല്കിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, 01.04.17 മുതൽ 31.10.18 വരെയുള്ള കാലയളവിൽ സ്പിൽ ഓവറും പുതിയതുമായ 142 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി നല്കിയതായി കണ്ടു. സ്പിൽ ഓവർ ഉൾപ്പടെ ആകെ 951 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 495 പ്രൊജക്ടുകൾക്കാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് വന്നത് (ഇതിൽ ഭാഗികമായതും ഉൾപ്പെടുന്നു) ഇതിൽ 372 സ്പിൽ ഓവർ പ്രൊജക്ടുകളും 123 പുതിയ പ്രൊജക്ടുകളും ഉൾപ്പെടുന്നു.ആകെ പ്രൊജക്ടുകളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോള് എസ്റ്റിമേറ്റ് പുതുക്കിയവയുടെ ശതമാനം 15 ആണെന്നു കാണാം. എന്നാൽ, ഓഡിറ്റ് വർഷത്തിൽ ആകെ പ്രൊജക്ടുകളുടെ 52 ശതമാനത്തിന് മാത്രമാണ് തുക ചെലവഴിച്ചതെന്നും, അവശേഷിക്കുന്ന പ്രൊജക്ടുകളിൽ വലിയൊരു ഭാഗം പിന്നീട് ഒഴിവാക്കപ്പെട്ടിട്ടുണ്ട് എന്നതും, ബാക്കിയുള്ളവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ് എന്നതും (ഇവയിൽ മിക്കതും പുതുക്കലിന് പരിഗണിക്കപ്പെടാം) പരിഗണിക്കുമ്പോൾ എസ്റ്റിമേറ്റ് പുതുക്കിയവയുടെ ശതമാനം ക്രമാതീതമാകുന്നതാണ്.

എസ്റ്റിമേറ്റ് പുതുക്കിയ പ്രവൃത്തികളിൽ മിക്കതും പുതുക്കേണ്ടി വന്നത് നിർവ്വഹണ ഘട്ടത്തിൽ സംജാതമാകുന്ന മുൻകൂട്ടി

കാണാൻ കഴിയാത്ത സ്ഥിതിവിശേഷം മൂലമല്ല, മറിച്ച് നടപടിക്രമങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമൂലമാണെന്ന് ഫയൽ ഉൾപ്പടെയുള്ള രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ ഉടമസ്ഥത, ലഭ്യത , അനുയോജ്യത എന്നിവ ഉറപ്പുവരുത്തുക, പ്രൊജക്ടുമൂലം നിറവേറ്റപ്പെടേണ്ട ആവശ്യങ്ങൾ പ്രൊജക്ട് രൂപീകരണ വേളയിൽ തന്നെ തിരിച്ചറിയുക, ഇൻവെസ്റ്റിഗേഷൻ നടത്തുക തുടങ്ങിയ പ്രാഥമികപ്രവർത്തനങ്ങളില്ലാതെ പ്രൊജക്ടും എസ്റ്റിമേറ്റും തയ്യാറാക്കുന്നതാണ് 90% പ്രൊജക്ടുകളുടെയും കാര്യത്തിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിൽ എത്തിക്കുന്നത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പുതുക്കിയ PWD മാന്വൽ സെക്ഷൻ 1301, 1302, 1402 എന്നിവയിലെ നിർദ്ദേശങ്ങളും ഇവിടെ പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധേയമാണ്.

എസ്റ്റിമേറ്റ് പുതുക്കുന്നതിന്റെ ആത്യന്തികമായ ഫലം സ്ഥാപനത്തിന് ലഭ്യമായ ഫണ്ടിന്റെ നഷ്ടമാണെന്നുകാണാം. ഏകവർഷപ്രൊജക്ടായി വിഭാവനം ചെയ്ത് മുഴുവൻ തുകയും വകയിരുത്തുന്ന പ്രൊജക്ടുകൾ തൻവർഷം പൂർത്തീകരിക്കപ്പെടാതെ, വകയിരുത്തിയതുക നഷ്ടപ്പെടുന്ന സാഹചര്യത്തിന് മറ്റ് പലതുമെന്നതു പോലെ എസ്റ്റിമേറ്റ് പുതുക്കൽ ഒരു പ്രധാന കാരണമാകുന്നുണ്ട്. പുതുക്കുന്നതുമൂലമുള്ള അധികചെലവ്, മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കാത്തത് എന്നിങ്ങനെയും ഫണ്ടിൽ നിന്നും പാഴ്ചെലവ് ഉണ്ടാകുന്നു. കൂടാതെ മികച്ച പ്ലാനിംഗിൽ സമയബന്ധിതമായി നിർമ്മിതികളുടെ ഗുണഫലം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനും ഇത് തടസ്സമാകുന്നു.

എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ എക്സി.എഞ്ചിനീയർ ഉന്നയിക്കുന്ന മുറയ്ക്കുതന്നെ ഇതിനനുകൂലമായ തീരുമാനം കൈക്കൊള്ളുന്ന സ്ഥിതിവിശേഷമാണ് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലുള്ളത്. തീരുമാനങ്ങളിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതിന്റെ സാഹചര്യം വിശദമാക്കുന്നുണ്ടെങ്കിലും, ഇതിലേക്ക് നയിക്കുന്നത് ഉദ്യോഗസ്ഥതല വീഴ്ചകളാണെങ്കിൽ ഉത്തരവാദിത്തം നിജപ്പെടുത്തുകയോ വിശദീകരണം ആരായുകയോ ചെയ്യുന്നില്ല. മുന്നൊരുക്കങ്ങളില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഇത് പ്രചോദനമാകുകയും യാതൊരു നിയന്ത്രണങ്ങളുമില്ലാതെ എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.എസ്റ്റിമേറ്റ് പുതുക്കുന്ന മിക്കവാറും സന്ദർഭങ്ങളിൽ ഇത് കരാറുകാർക്ക് ഗുണകരമാകുന്ന അവസ്ഥാ വിശേഷം സൃഷ്ടിക്കപ്പെടുന്നതും മുൻകാല ഓഡിറ്റുകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

എസ്റ്റിമേറ്റുകൾ എത്രത്തോളം പുതുക്കപ്പെടുന്നു എന്ന് നിരീക്ഷിക്കുന്നതിനും അനിയന്ത്രിതമായി ഇപ്രകാരം സംഭവിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും നിലവിൽ യാതൊരു സംവിധാനവും സ്ഥാപനത്തിലില്ല. ഇത് സംബന്ധിച്ച എൻക്വയറിക്ക് വസ്തുതാ വിരുദ്ധമായ മറുപടി നല്കാൻ ഇത് ഇടയാക്കി. എസ്റ്റിമേറ്റ് പുതുക്കുന്ന വിവരം ബന്ധപ്പെട്ട ഫയലിൽ നിന്നും മാത്രമാണ് ലഭ്യമാകുക എന്നതാണ് നിലവിലെ സ്ഥിതിയെന്ന് ഓഡിറ്റിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

സ്ഥാപനത്തിന്റെ ഫണ്ട് നഷ്ടത്തിലേക്കും സമയനിഷ്ഠയില്ലാത്ത ഫലപ്രാപ്തിയിലേക്കും നയിക്കുന്ന മേൽ സ്ഥിതിവിശേഷത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുമാണ്.

## 3-8 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, മറ്റു രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ പറയുന്നു.

1- പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം

സ്ഥലപരിശോധന നടത്തി മരാമത്ത് പ്രവൃത്തികളുടെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തിവേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ (സെക്ഷൻ 1601.1.1 കാണുക). എന്നാൽ വിശദമായ സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നതിനാൽ പിന്നീട് പ്രോജക്ട് ഒഴിവാക്കുന്നതിനോ പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനോ ഇടയാകുന്നു. 21-08-2017 ലെ 63/17(1) ജില്ലാപഞ്ചായത്ത് തീരുമാനപ്രകാരം ഇപ്രകാരം 46 പ്രോജക്ടുകൾ നിർവ്വഹണ ഘട്ടത്തിൽ ഒഴിവാക്കുന്നതിനിടയായിട്ടുണ്ട്. ഇവയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച പ്രവർത്തികളും ഉൾപ്പെടുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട്നം | പ്രോജക്ടിന്റെ പേര് | അടങ്കൽതുക | ഒഴിവാക്കിയതിനുള്ളകാരണം |
|---|---|---|---|---|
| 1 | 121 | പൂഴിത്തല ആസ്യ റോഡ് ബീച്ച്റോഡ്-<br>അഴിയൂർ | 1000000 | ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ഉള്ളതിനാൽ ഒഴിവാക്കി |
| 2 | 620 | തെക്കേടത്ത്കടവ് പെരുവയൽ റോഡ് -<br>വേളം | 3500000 | PWD റോഡ് ആയതിനാൽ ഒഴിവാക്കാൻ തീരുമാനിച്ചു |
| 3 | 701 | തേവർമല കഞ്ഞിലാട് റോഡ് | 1500000 | പ്രവൃത്തി ഇല്ലാത്തതിനാൽ പദ്ധതി ഒഴിവാക്കാൻ |

| | | | | |
|---|---|---|---|---|
| | | -കോടഞ്ചേരി | | തീരുമാനിച്ചു. |
| 4 | 734 | തമ്മിൽ എസ്.സി കോളനി കുടിവെള്ളം | 1000000 | ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതി നിലവിലുണ്ട് |
| 5 | 864 | ലെവൽക്രോസ് വാക്കടവ് റോഡ്- കടലുണ്ടി | 1500000 | ഈ റോഡിൽ ഗ്രാമ പഞ്ചായത്ത് പ്രവൃത്തി ഉള്ളതിനാൽ ഒഴിവാക്കാൻ തീരുമാനിച്ചു. |
| 6 | 975 | പെരിലക്കോട് എസ്.സി കോളനി റോഡ് കാരശ്ശേരി | 1000000 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ ഒഴിവാക്കാൻ തീരുമാനിച്ചു. |

ആവശ്യമായ പഠനം നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും ജില്ലാപഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുൻപ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണമെന്നുള്ള വ്യവസ്ഥ പാലിക്കാത്തതുമാണ് (ജി.ഒ.എം.എസ് 72/2017 ത.സ്വ.ഭ.വ തീയ്യതി 29-3-2017 ഖണ്ഡിക 12.10) മേൽപറഞ്ഞവിധം പദ്ധതികൾ നടപ്പാക്കുന്നതിൽ തടസ്സം നേരിടുന്നതിനിടയാക്കിയത് .

2017-18 സാമ്പത്തിക വർഷത്തിൽ 31.12.2017 വരെ നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റിൽ ഒരു ഭാഗം റോഡ് പ്രവൃത്തികളും മറ്റൊരു ഭാഗം ഡ്രൈനേജ് പ്രവൃത്തിയുമായി രണ്ട് ഭാഗമായാണ് തയ്യാറാക്കുന്നത്. ഡ്രൈനേജ് പ്രവൃത്തികൾക്ക് 10% കരാറുകാരന്റെ ലാഭവും 5% ഓവർഹെഡ് ചാർജ്ജും ഉൾപ്പെടെ ആകെ 15% അനുവദിക്കുന്നുണ്ട്. എന്നാൽ റോഡ്പ്രവൃത്തികൾ ഉൾപ്പെടുന്ന ഭാഗത്ത് 10% കരാറുകാരന്റെ ലാഭവും 10% ഓവർഹെഡ് ചാർജ്ജും അനുവദിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് (MoRD സ്പെസിഫിക്കേഷൻ പ്രകാരം). ഒരേ എസ്റ്റിമേറ്റിൽ തന്നെ രണ്ട് നിരക്കിൽ CPOH നൽകിയിട്ടുണ്ട്. (ഉദാ: കാവുള്ളകുന്ന് -വളഞ്ഞപ്പാറ റോഡ്, പ്രോജക്ട് നം. 372/18)

ഐറ്റം റേറ്റ് കോൺട്രാക്ട് ആയതിനാൽ കരാറുകാരൻ, കുറഞ്ഞ അളവിലുള്ള ഇനങ്ങൾക്ക് കുറഞ്ഞ നിരക്കും കൂടിയ അളവിൽ ചെയ്യേണ്ട ഇനങ്ങൾക്ക് പൊതുവെ കൂടിയ നിരക്കും രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഷെഡ്യൂൾ പ്രകാരം അനുവദനീയമായ 15% CPOH മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ കരാറുകാരൻ നിലവിൽ ക്വാട്ട് ചെയ്ത നിരക്കിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുമായിരുന്നു. MoRD സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ CPOH -15% ൽ പരിമിതിപ്പെടുത്തിയതായി കാണുന്നില്ല. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(13) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

2-അളവ് പുസ്തകത്തിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല

റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ അളവ് പുസ്തകത്തിൽ പലപ്പോഴും റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ റോഡ് കണക്ടിവിറ്റിമാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജില്ലയിലെ എല്ലാ റോഡുകളുടെയും പ്രത്യേകതകൾ അനുസരിച്ച് പട്ടികപ്പെടുത്തി റോഡ് മാപ്പും അതിന്റെ കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കേണ്ടത് ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ് (സ.ഉ.എം.എസ് 80/2017 ത.സ്വ.ഭ.വ തീയ്യതി 3-4-2017 കാണുക) മേൽ കാരണങ്ങളാൽ മുൻ വർഷങ്ങളിൽ ഏറ്റെടുത്തു നടത്തിയ പ്രവൃത്തികളുടെ തുടർച്ചയാണ് തൻ വർഷം ഏറ്റെടുത്ത് നടത്തിയത് എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. അളവ് പുസ്തകത്തിൽ ചെയിനേജ് രേഖപ്പെടുത്താത്ത ഏതാനും പ്രവൃത്തികൾ ഉദാഹരണമായി താഴെ ചേർക്കുന്നു.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(14) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ചതുക |
|---|---|---|
| 533/18 | അത്തോളി പി.എച്ച്.സി. റോഡ് | 12,00,000 (മെയിന്റനെൻസ്ഗ്രാന്റ്) |
| 494/14 | പൊന്നങ്കയം പേണ്ടാനമ്പടി റോഡ (തിരുവമ്പാടി ഗ്രാ.പ) | 857931 (മെയിന്റനെൻസ്ഗ്രാന്റ്) |

3-സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

ജി.ഒ (പി) 13/2012/PWD/01.02.2012 വകുപ്പ് 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് നിശ്ചിത സമയ പരിധിക്കകം കരാറുകാരനെ അറിയിക്കേണ്ടതാണ്. അറിയിപ്പ് അയച്ച തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ

തീയതിയായാണ് കണക്കാക്കുന്നത്. 2017-18 വർഷം കരാറുകാർ ഏറ്റെടുത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട മിക്ക ഫയലുകളിലും സെലക്ഷൻ നോട്ടീസിൽ തീയതി എഴുതുകയോ അറിയിപ്പ് കൈപ്പറ്റിയ വിവരം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ ഉത്തരവിൽ വ്യക്തമാക്കുന്ന സമയ പരിധിക്കകം പ്രവൃത്തി സംബന്ധിച്ച കരാർ വെയ്ക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിയുന്നില്ല.

4 -കരാറുകാരന് പ്രവൃത്തി നടത്തുന്നതിനായി സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ലഭ്യമല്ല.

5- മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചതായുള്ള വാർഡ് മെമ്പർ, മോണിട്ടറിംഗ് സമിതി ചെയർമാൻ എന്നിവരുടെ സാക്ഷ്യപത്രം ചില ഫയലുകളിൽ ലഭ്യമല്ല.

6-2017-18 വർഷം കരാറുകാർ ഏറ്റെടുത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട ചില ഫയലുകളിൽ നികുതി കോംപൗണ്ട് ചെയ്യതിന്റെ രേഖയില്ല. അതേ അവസരത്തിൽ നികുതി കോംപൗണ്ട് ചെയ്യവരുടെ കാര്യത്തിലെന്ന പോലെയാണ് (4%) ബിൽ പ്രകാരം വാറ്റ് ഈടാക്കിയിരിക്കുന്നത്.

ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(15), 3(27) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-9 കണ്ണൂക്കര -മടപ്പള്ളി കോളേജ് റോഡ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

പ്രോജക്ട് നമ്പർ- S0324/2018 കരാറുകാരൻ - ULCCS

അളവ് പുസ്തകം നമ്പർ - 487/16-17

കണ്ണൂക്കര മടപ്പള്ളി കോളേജ് റോഡ് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് അനുസരിച്ച് ഒഞ്ചിയം PWD റോഡിൽ നിന്നും ആരംഭിച്ച് മടപ്പള്ളി കോളേജിൽ അവസാനിക്കുന്ന റോഡിന്റെ ആകെ നീളം 1300 മീറ്ററും കാര്യേജ് വേയുടെ വീതി 3.7 മീറ്ററുമണ്. ഇതിൽ ചെയിനേജ് 000/1300 മുതൽ 710/1300 വരെയും 895/1300 മുതൽ 1300/1300 വരെയും റീടാറിംഗ് ആണ് ലക്ഷ്യമിട്ടിട്ടുള്ളത് . അതായത് ആകെ 1115 മീറ്റർ നീളത്തിൽ മാത്രം റീടാറിംഗ് ആണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ രണ്ടാമിനമായി പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് ടാക്ക് കോട്ട് എന്ന പ്രവൃത്തി ചെയ്തത് 000/000-000/730 വരെയും 887/1300 -1300/1300 വരെയും ആകെ 1143 മീറ്റർ നീളത്തിൽ 4271 .17 m2 ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 1115 മീറ്റർ നീളത്തിൽ മാത്രമേ ടാക്ക് കോട്ട് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നിരിക്കെ ചെയിനേജ് 000/710 മുതൽ 730 വരെ (20 മീറ്റർ നീളത്തിൽകൂട്ടുതലായി രേഖപ്പെടുത്തിയതനുസരിച്ച്) 11X 3.7 = 40.70, 9X (3.7+3.5)/2 = 32.40 ആകെ 73.10$m^2$ അധികം ചെയ്തതായും ചെയിനേജ് 887/1300-895/1300 വരെ 8 (3.7+3.5)/2 =28.8 m2 ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ 101.90m2 അധികം ചെയ്തതായി കാണുന്നു. ആയതിന് 10.65/m2 നിരക്കിൽ 1085 രൂപ അധികം നൽകിയിട്ടുണ്ട്.

അതുപോലെ മൂന്നാമിനമായി 20mm പ്രീ മിക്സഡ് കാർപ്പറ്റ് അളവ് പുസ്തകം പുറം 28 പ്രകാരം മേൽ സൂചിപ്പിച്ച അളവിൽ 101. 90 m2 അധികം ചെ്തതായും നാലാമിനമായി സീൽ കോട്ട് ടി അളവിൽ 101.90m2 അധികം ചെയ്തതായും കാണുന്നു പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. ടി പ്രവൃത്തിയുടെ നെയിം ബോർഡിലും ആകെ 1115 മീറ്റർ ടാർ ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഈ പ്രവർത്തിയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത് 20% CPOH ഉൾപ്പെട്ട നിരക്കിലാണ് . എന്നാൽ അധികം നൽകിയ 5% OH ന് തുല്യമായ തുക ആകെ മൂല്യത്തിൽ നിന്ന് കുറവ് ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

അധികം നൽകിയ തുക- മൂന്നാമിനം 101.9m2 x 158.01/m2 = 16101

നാലാമിനം - 101.9m2 x 60.12/m2 = 6116

ആകെ അധികം നൽകകിയ തുക - 1085+16101+6116 = 23302

ആകെ മൂല്യം 1114996, എഗ്രീഡ് പി.എ.സിയിൽപരിമിതപ്പെടുത്തിയത് 1096665

പരിമിതപ്പെടുത്തിയത് കഴിച്ച് അധികം നൽകിയ (23302-18331) = 4971 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബിൽ നമ്പർ 139/19.7.17
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(9) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-10 ജി.എച്ച്.എസ്.എസ് രാരോത്ത് ക്ലാസ്സ് റൂം നിർമ്മാണം -താമരശ്ശേരി ഗ്രാമപഞ്ചായത്ത് -അപാകതകൾ.

പ്രോജക്ട് നമ്പർ- SO-503 /2018

കരാറുകാരൻ - സാദിഖ് അലി .പി -0.70% കറഞ്ഞ നിരക്കിൽ

അടങ്കൽ -30 ലക്ഷം , പി എ സി -2978923, ആകെ പ്രവൃത്തി മൂല്യം -2809273

എഗ്രിമെന്റ് നമ്പർ EE/LSGD/239/14-15/2-2-15

2014-15 ൽ ആരംഭിച്ച ജി.എച്ച്.എസ്.എസ് രാരോത്ത് ക്ളാസ്സ് റൂം നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ക്ഷമതയില്ലാത്ത കരാറുകാരനാണ് ടി പ്രവർത്തി ഏൽപ്പിച്ചട്ടുള്ളതെന്ന് കാണുന്നു. 25-3-14 ലെ സി2/1380/14 നമ്പർ കത്ത് പ്രകാരം 31-3-2016 വരെ പുതുക്കിയിട്ടുള്ള PWD രജിസ്ട്രേഷൻ സർട്ടഫിക്കറ്റ് അനുസരിച്ച് ശ്രീ സാദിഖ് അലി പി "സി" ക്ളാസ്സ് വിഭാഗത്തിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് . "സി" ക്ലാസ്സ് രജിസ്ട്രേഷൻ ഉള്ള കരാറുകാർക്ക് 15 ലക്ഷം രൂപ വരെയുള്ള സിവിൽ വർക്കുകളാണ് ഏറ്റെടുക്കാവുന്നത്. ഇതിന് വിരുദ്ധമായി 30 ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തി ക്ഷമതയില്ലാത്ത കരാറുകാരനായ (സി ക്ലാസ്സ് ) ശ്രീ സാദിഖ് അലി പി. എന്നവർക്ക് ഏൽപ്പിച്ചു കൊടുക്കേണ്ടി വന്നത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

കൂടാതെ ഈ പ്രവൃത്തിയുടെ ഒന്നാമിനമായി അളവ് പുസ്തകം പുറം 16,31 എന്നിവയിലെ രേഖപ്പെടുത്തലുകളനുസരിച്ച് എർത്ത് വർക്ക് എക്സ്കവേഷൻ ഇൻ ഓർഡിനറി റോക്ക് 286.34m3 ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം ലഭിച്ച സാധാരണ പാറ സ്റ്റാക്ക് ചെയ്തതായുള്ള രേഖപ്പെടുത്തലുകൾ അളവ് പുസ്തകത്തിൽ വരുത്തിയിട്ടില്ല. ഇപ്രകാരം ലഭിച്ച സാധാരണ പാറ പുനരുപയോഗിച്ചതായോ പുനരുപയോഗ യോഗ്യമല്ലായെങ്കിൽ ആയതിന്റെ സാക്ഷ്യപത്രങ്ങളോ അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ലഭിച്ച പാറ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-11 അമ്പൂണ്ട പറമ്പ് - വാട്ടർ ടാങ്ക് റോഡ് -അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നം | 474/2018 |
| കരാറുകാരന്റെ പേര് | ULCCS |
| അളവു പുസ്തക നം | 273/15-16 |

അമ്പൂണ്ട പറമ്പ് - വാട്ടർ ടാങ്ക് റോഡ് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, അളവു പുസ്തകത്തിൽ രേഖപ്പെടുത്തുന്ന അളവുകൾ പലതും വെട്ടിത്തിരുത്തിയിട്ടുണ്ട്. ഈ തിരുത്തലുകൾ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

റോഡിന്റെ ഇരുവശവും 150 മീറ്റർ നീളത്തിൽ ഡ്രൈയിനേജ് നിർമ്മിക്കുന്നതിന് ഒന്നാമിനമായി 81m3 (2x156 x 0.90 x 0.3) എർത്ത് എസ്കവേറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അളവ് പുസ്തകം പുറം 1 പ്രകാരം ഈ ഇനം 295x1.00x0.60 അളവിൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് നീളം 305 മീറ്റർ എന്ന് തിരുത്തിയത് ആരും തന്നെ സാക്ഷ്യപ്പെടുത്തിയില്ല. ഈ പ്രവൃത്തി 183m3 ചെയ്തതായി രേഖപ്പെടുത്തുകയും എസ്റ്റിമേറ്റ് അളവിനേക്കാൾ 25% അധികം ഉൾപ്പെടുത്തി (81+25%of 81) ആകെ 101m3 ചെയ്തതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്.

രണ്ടാമിനമായി ഡ്രെയിൻ ബെഡ് കോൺക്രീറ്റിംഗ് 1:4:8 അനുപാതത്തിൽ താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

1x120x0.90x0.075 = 8.10m3

1x175x0.90x0.075 = 13.13m3

ആകെ 21.23m3 ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 175മീറ്റർ നീളത്തിൽ 0.90 മീറ്റർ വീതിയിൽ ചെയ്ത പ്രവൃത്തി 0.90 മീറ്റർ വീതി എന്നത് 1മീറ്റർ എന്നാക്കി തിരുത്തിയിട്ടുണ്ട്. ഈ തിരുത്തലും ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും ഒന്നും രണ്ടും ഇനം പ്രവൃത്തികൾ 295x0.90 എന്ന അളവിലാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാണ്. ആയതിനാൽ രണ്ടാമിനം പ്രവൃത്തിയുടെ അംഗീകരിക്കാവുന്ന അളവ് 19.91m3 (295x0.90x0.075) ആണ്. മേൽ സൂചിപ്പിച്ച വിധം ഡ്രെയിൻ ബെഡ് കോൺക്രീറ്റ് 295 മീറ്റർ നീളത്തിൽ ചെയ്തത് അംഗീകരിച്ചാൽ, മൂന്നാമിനമായി 1:3:6 അനുപാതത്തിൽ സൈഡ് വോൾ ഇരുവശത്തുമായി ആകെ 590 മീറ്റർ നീളത്തിൽ ചെയ്യേണ്ടതാണ്. എന്നാൽ മൂന്നാമിനം പ്രവൃത്തി, അളവു പുസ്തകം പുറം 10 പ്രകാരം 578.65 മീറ്റർ നീളത്തിൽ മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും

ഇരുവശത്തുമായി ആകെ 11.35 മീറ്റർ നീളത്തിൽ സൈഡ് വോൾ നിർമ്മിച്ചിട്ടില്ലെന്നും എർത്ത് വർക്ക് എസ്കവേഷൻ, ബെഡ് കോൺക്രീറ്റ് എന്നിവ 11.35 മീറ്റർ അധികം ചെയ്തിട്ടുള്ളതായും വ്യക്തമാകുന്നു. മേൽ പറഞ്ഞ പ്രകാരം അപൂർണ്ണമായ വിധം ഡ്രൈയിനേജ് നിർമ്മിക്കേണ്ടി വന്നത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(11) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-12 ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂർ (അധിക പ്രവൃത്തികൾ) - അപാകം

| | |
|---|---|
| പ്രോജക്ട് നം | 506/2018 |
| കരാറുകാരന്റെ പേര് | സന്തോഷ് കുമാർ. കെ.വി |
| അടങ്കൽ | 17,00,000/- (20.59% കുറഞ്ഞ നിരക്ക്) |
| ബിൽനം. | 146/22.07.17 |
| പ്രവൃത്തി മൂല്യം | 12,22,818/- |
| അളവു പുസ്തക നം | 618/16-17 |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, സ്കൂൾ നിർമ്മാണത്തിന്റെ ഭാഗമായി ക്ലാസ്സ് റൂമിന്റെ ചുമരിൽ പതിച്ച ടൈലുകൾ അടർന്നു വീഴുന്നതായി ഒളവണ്ണ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻഡ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച സ്ഥല പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതായും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ അപാകതകൾ പരിഹരിച്ചതായ വിവരം ഫയലിൽ വ്യക്തമാക്കുന്നില്ല. അപാകതകൾ പരിഹരിച്ചതായ രേഖപ്പെടുത്തലുകൾ ഇല്ലാതെ തന്നെ കരാറുകാരന് ഫൈനൽ ബിൽ പ്രകാരമുള്ള തുക നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അല്ലാത്തപക്ഷം ആയത് പരിഹരിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(12) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-13 നിർമ്മാണ പ്രവൃത്തികൾ -റോഡ് വർക്കുകകളിൽ മെറ്റൽ നെയിം ബോർഡ് സ്ഥാപിക്കുന്നതിന് വിവിധ നിരക്കുകൾ അനുവദിക്കുന്നു.

2017-18 വർഷം നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ മെറ്റൽ നെയിം ബോർഡ് സ്ഥാപിക്കുന്നതിന് അംഗീകൃത ഡാറ്റ പ്രകാരമുള്ള തുകയേക്കാൾ മൂന്ന് ഇരട്ടിയോളം തുക അധികം നൽകിയിട്ടുള്ളതായി കാണുന്നു. ഐറ്റം റേറ്റ് കരാർ അനുസരിച്ച് കരാറുകാരന് രേഖപ്പെടുത്തുന്ന നിരക്കിൽ ഏറ്റവും കുറഞ്ഞ നിരക്കാണ് അംഗീകരിക്കപ്പെടുന്നതെങ്കിലും, ഡാറ്റ പ്രകാരം നെയിം ബോർഡ് സ്ഥാപിക്കുന്നതിന് 3421 രൂപയാണ് എന്നിരിക്കെ കരാറുകാരൻ 6000 മുതൽ 8000 രൂപ വരെ വിവിധ വർക്കുകളിൽ ക്വാട്ട് ചെയ്യുകയും കുറഞ്ഞ നിരക്കിലുള്ള പി എ സി അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. പല പ്രവൃത്തികളിലും ഐറിഷ് ഡ്രെയിൻ ചെയ്ത ഭാഗത്ത് തന്നെയാണ് നെയിം ബോർഡ് സ്ഥാപിക്കപ്പെടുന്നതിനാൽ പ്രത്യേകം സിമന്റ് കോൺക്രീറ്റിംഗ് ആവശ്യമില്ലാത്തതാണ്, ഇത്തരം സന്ദർഭങ്ങളിലും ഈയിനത്തിന് 6000 മുതൽ 8000 രൂപ വരെ അംഗീകരിച്ചു നൽകിയിട്ടുണ്ട്. മെറ്റൽ നെയിം ബോർഡ് സ്ഥാപിക്കുന്ന ഇനത്തിന് മേൽ സൂചിപ്പിച്ച വിധം വിവിധ നിരക്കുകൾ അനുവദിക്കുന്നതിന് പകരം ഈയിനത്തിന് ഷെഡ്യൂൾ പ്രകാരമുള്ള നിശ്ചിത നിരക്ക് അനുവദിക്കുന്നത് ഉചിതമായിരിക്കും. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഉദാ : പ്രോജക്ട് നമ്പർ 541/18

മുറം പാത്തി തോട്ടുമുഴി പുല്ലൂരാംപാറ റോഡ്

കരാറുകാരൻ ഇബ്രാഹിം പി. വി.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(7) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-14 കെട്ടിട നിർമ്മാണ പ്രവൃത്തി - സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല

ജി.എച്ച്.എസ്.എസ് പുതുപ്പാടി ഗേൾസ് റെസ്റ്റ് റൂം (പ്രോജക്ട്നം - 281/18(എസ്.ഒ), അടങ്കൽ 3250000) കെട്ടിടനിർമ്മാണ പ്രവൃത്തിയിൽ കെട്ടിടങ്ങളുടെ സ്ട്രക്ച്ചർ തയ്യാറാക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയിരിക്കുന്നത്. സ്ട്രക്ചർ പ്രവൃത്തിക്ക് 3224766 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. തുകയ്ക്ക് അനുസൃതമായി ഒരുകെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ

പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കുകയാണ് വേണ്ടത്. (സ.ഉ(എം.എസ) നം.4/2016 സ.സ്വ.ഭ.വ തീയ്യതി 11-1-2016 കാണുക).
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(16) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-15 G.H.S.S.പൂന്നൂർ ഇലക്ട്രിഫിക്കേഷൻ-പ്രവൃത്തിനിശ്ചിത സമയപരിധിക്കകം പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കാത്തതും മറ്റ് അപാകതകളും

പ്രോജക്ട് നമ്പർ- 242/18, അടങ്കൽതുക- 1060000

ചെലവുതുക- 986023, കോൺട്രാക്ടർ- കെ.എസ്. സജീവൻ

എം ബുക്ക്- 183/16-17

2015-16 -ൽ ആരംഭിച്ച G.H.S.Sപൂന്നൂർ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി കരാറുകാരനായ ശ്രീ. K.S സജീവൻ 6.71% കുറഞ്ഞ നിരക്കിൽ ഏറ്റെടുത്ത് 2016-2017-ൽ പൂർത്തികരിക്കുകയും 17-18 സാമ്പത്തികവർഷത്തിൽ ഫൈനൽബിൽ കൈപ്പറ്റിയിട്ടുമുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെകൊടുക്കുന്നു.

1. 8-1-2016ൽ ജില്ലാ പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ച മേൽ പ്രവൃത്തി കരാർ പ്രകാരം സൈറ്റ് കൈമാറി 6മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്. ആയതിനായി 8-1-2016ൽ D4/671/16 നമ്പർ കത്ത് മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ഇലക്ട്രിക്കൽ സബ് ഡിവിഷൻ എൻജിനിയർക്കുള്ള കത്തിൽ കരാറുകാരന് സൈറ്റ് കൈമാറാനുള്ള നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സൈറ്റ് കൈമാറിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രവർത്തിയുടെ എം. ബുക്ക് പരിശോധിച്ചതിൽ, 18-12-2016ൽ പ്രവൃത്തി ആരംഭിച്ചതായും 17-1-2017ൽ പൂർത്തികരിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. (എം.ബുക്ക് 183/പേജ്-64) .8-1-2016ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി സൈറ്റ് കൈമാറി 6 മാസത്തിനകം പൂർത്തികരിക്കേണ്ടതിനു പകരം ഒരുവർഷത്തിന് ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയതിന് പിഴ ഇനത്തിൽ തുകയൊന്നും ഈടാക്കിയതായി കാണുന്നില്ല. പ്രവൃത്തിക്കായി സൈറ്റ് കൈമാറാൻ താമസം നേരിട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. പിഴ ഈടാക്കാതെ കരാരുകാരന് ഫൈനൽബിൽ അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

2. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടന്നുകൊണ്ടിരിക്കെ 25-11-2016ന് സ്കൂൾ അദ്ധ്യാപക രക്ഷാകതൃ സമിതി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നൽകിയ പരാതിയിൽ I.S.I ഗുണനിലവാരമില്ലാത്ത കളിർമ കമ്പനിയുടെ 80 ഫാനുകളാണ് കരാറുകാരൻ സ്കൂളിൽ എത്തിച്ചിട്ടുള്ളതെന്നും ഫാനുകൾ ബിയറിങ്ങ് ഇളകി എളുപ്പം കേടാകുന്നതും ക്ലാസ് മുറിയിൽ അരോചക ശബ്ദം ഉണ്ടാക്കുന്നതുമാണ്. ആയതിനാൽ പ്രസ്തുത ഫാൻ മാറ്റി ഉഷ / ബജാജ് മുതലായ ഏതെങ്കിലും കമ്പനിയുടെ ഫാനുകൾ ഉൾപ്പെടുത്തി വൈദ്യുതീകരണം ഉടൻ പൂർത്തികരിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരനോട് ഫാനുകൾ മാറ്റിസ്ഥാപിക്കാനാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഫാൻ മാറ്റി സ്ഥാപിച്ചതായി ഫയലിൽ കാണുന്നില്ല. കരാറുകാരൻ പ്രവർത്തി പൂർത്തികരിച്ച് ഫൈനൽബിൽ കൈപ്പറ്റിയിട്ടുണ്ട്. ഫാൻ മാറ്റി സ്ഥാപിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/12.3.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് ചെയ്ത തുക 986023/- ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(17) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-16 പൂഴന്തറോൾ നാരിക്കോടൻകണ്ടി റോഡ് - ബാലുശ്ശേരി, നിർവ്വഹണത്തിലെ അപാകങ്ങൾ.

പ്രോജക്ട് നമ്പർ- 554/2018, കരാറുകാരൻ - ULCCS

അളവ് പുസ്തകം നമ്പർ - 335/16-17

പുഴന്താറോൾ റോഡ് നാരിക്കോടൻ കണ്ടി റോഡ് -എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഡ്രെയിൻ & സൈഡ് വാൾ നിർമ്മാണത്തിനായി രണ്ടാമിനമായി ഡി ആർ മേസണറി വിത്തൗട്ട് കോൺക്രീറ്റ് ലവലിങ്ങ് കോഴ്സ് എന്ന പ്രവൃത്തി 481 മീറ്റർ നീളത്തിൽ 0.80 മീറ്റർ വീതിയിൽ 0.30 മീറ്റർ ഉയരത്തിലുമായി ആകെ 115.44m3 ചെയ്തിട്ടുണ്ട് . ഇതിന് പുറമെ

മൂന്നാമിനമായി ഡി.ആർ മേസണറി 481 x (0.7+0.5)/2 അളവിൽ വിവിധ ഉയരത്തിലായി ആകെ 170.98 m3 ചെയ്തിട്ടുണ്ട്. കൂടാതെ 6.10 മീറ്റർ നീളത്തൽ 0.50 മീറ്റർ വീതിയിലും മൂന്നാം ഇനം പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് മുകൾ ഭാഗത്ത് 0.50 മീറ്റർ വീതിയിൽ DR മേസണറി ചെയ്തിട്ടുള്ള ആകെ നീളം 487.10 മീറ്റർ മാത്രമാണ് എന്നാൽ നാലാമിനമായി പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് ഇൻ പൊസിഷൻ സിമന്റ് കോൺക്രീറ്റ് 1:3:6 പ്രവൃത്തി 493 x 0.50 x 0.75 = 18.51 m3 ചെയ്തിട്ടുണ്ട്. മൂന്നാംഇനം പ്രവൃത്തി 0.50 മീറ്റർ വീതിയിൽ 487.10 മീറ്റർ നീളത്തിൽ മാത്രമേ ചെയ്തിട്ടുള്ളൂ എന്നിരിക്കെ നാലാമിനം പ്രവൃത്തി 493 മീറ്റർ നീളത്തിൽ ചെയ്യുവാൻ സാധ്യമല്ലാത്തതാണ്. അതിനാൽ 5.9 മീറ്റർ നീളത്തിൽ അധികം ചെയ്തിട്ടുള്ളതായി കാണുന്നു. അതായത് 5.9 x 0.50 x 0.075 = 0.22m3 അധികം ചെയ്തിട്ടുണ്ട്. ആയതിന് 6676.17/m3 നിരക്കിൽ 1335 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (23) മറപടി ലഭ്യമാക്കിയില്ല

കൂടാതെ എസ്റ്റിമേറ്റ് ഭാഗം 2 ന റോഡ് പ്രവർത്തികൾക്ക് 20% CPOH ഉൾപ്പെടുത്തിയ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ ആകെ മൂല്യനിർണ്ണയത്തിൽ നിന്നും അധികം നൽകിയ 5% OH ന് തുല്യമായ തുക കുറവ് ചെയ്തതായി കാണുന്നില്ല. റോഡ് പ്രവൃത്തികളുടെ മാത്രം ആകെ മൂല്യം 814642 രൂപ. 5% ഓവർഹെഡ് ചാർജ്ജിന് തുല്യമായ 4.16% തുക 33889 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ആകെ മൂല്യം 2329437 ബിൽ നമ്പർ 78/6.6.2017
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-17 <u>റോഡ് പ്രവൃത്തികൾ ഭാഗികമായി നിർവ്വഹിക്കപ്പെടുന്നു.</u>

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ചെറുശ്ശേരി റോഡ് (ജോയ് റോഡ്) രണ്ടാം ഘട്ടം (പ്രോജക്ട് നം.358/18) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിൽ സോളിംഗ് പ്രവൃത്തി നടത്തിയിട്ടുള്ള റോഡിൽ WMM ചെയ്ത് അതിനു മുകളിൽ ടാർ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതു പ്രകാരം 460 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും ടാർ ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അളവ് പുസ്തകം 1/17-18 ൽ പുറം 4 പ്രകാരം WMM 421.8 മീറ്റർ നീളത്തിൽ മാത്രമേ ചെയ്തിട്ടുള്ളൂ. ഇതേ അളവിൽ മാത്രമാണ് ടാറിംഗും നടത്തിയിട്ടുള്ളത്. അതായത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി കൃത്യമായ അളവെടുത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്നും മേൽ സൂചിപ്പിച്ച വിധം 38.2 മീറ്റർ കുറഞ്ഞ നീളത്തിലാണ് റോഡ് പ്രവൃത്തി ചെയ്തിട്ടുള്ളത്. ഇപ്രകാരം പ്രവൃത്തി നടത്തുന്നതിലൂടെ പദ്ധതിയുടെ പൂർണ്ണമായ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയില്ല. ആയതിനാൽ കൃത്യമായ അളവിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർണ്ണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(66) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-18 <u>G.I.F.C വടകര – കുഴൽകിണർ നിർമാണ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.</u>

പ്രോജക്ട് നമ്പർ- 248/2018, വകയിരുത്തിയതുക- 500000

നിർവഹണം- എക്സിക്യൂട്ടീവ് എഞ്ചിനീയർ

ചെലവുതുക- 42600 (2016-17)

G.I.F.C. വടകര കുഴൽകിണർ നിർമാണം 2015-16 സാമ്പത്തികവർഷത്തിൽ 500000 രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടാണ്. പ്രോജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. 2016-17 സാമ്പത്തിക വർഷത്തിൽ മേൽ പ്രോജക്ടിന് ഭൂജല പര്യവേഷണം നടത്തുന്നതിനായി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ P4 /1879/16 dt 17-11-16 പ്രകാരം 1750 രൂപ ഭൂജലപര്യവേഷണവകുപ്പിൽ സർവെചാർജ് ഇനത്തിൽ അടവാക്കുകയും ഭൂജലവകുപ്പിന്റെ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് വാട്ടർടാങ്കിന് തൊട്ടടുത്തായി 110 മി.മീ വ്യസവും 85 മീറ്റർ ആഴത്തിലും ഒരുകുഴൽകിണർ ശുപാർശ ചെയ്തു. ആയത് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് 40850രൂപ ഭൂജല വകുപ്പിൽ അടവാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുക ജില്ലാ ട്രഷറിയിൽ ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ പേരിലുള്ള 14/77നമ്പർ അക്കൌണ്ടിൽ നിക്ഷേപിച്ചു. ഭൂജലവകുപ്പ് സ്ഥാന നിർണയം നടത്തിയ സ്ഥലത്തുനിന്നും വ്യത്യസ്ഥമായി കുഴൽകിണർ നിർമാണം നടത്തിയതിനാൽ 43 മീറ്റർ താഴ്ന്നപ്പോൾ ബോളറും മണ്ണും ഇടിഞ്ഞ് വീണ് പ്രവർത്തി തുടർന്ന് നടത്താൻ കഴിയാത്തതിനാൽ ഉപേക്ഷിക്കുകയും എടുത്തപ്രവർത്തിയുടെ വാലേഷൻ ഇനത്തിൽ 3763 രൂപ കഴിച്ച് 37087 രൂപ ചെക്ക് നമ്പർ 1840146 തി 9-11-2017 പ്രകാരം തിരികെ ഭൂജലവകുപ്പിൽ നിന്നും എക്സിക്യൂട്ടീവ് എൻജിനിയർക്കു നൽകി. ഇപ്പോൾ സ്ഥാപനത്തിന് ആവശ്യമായവെള്ളം ലഭിക്കുന്നത് J.T.Sവടകരയുടെ ജലവിതരണ സംവിധാനത്തിന്റെ ഭാഗമായാണ്. പ്രോജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ്, കുടിവെള്ള സൗകര്യം ലഭ്യമാക്കാൻ ജില്ലാപഞ്ചായത്ത് സ്വീകരിച്ച നടപടികൾ, ഭൂജല വകുപ്പ് സർവെ നടത്തി നിശ്ചയിച്ച സ്ഥലത്ത് കിണർ കുഴിക്കാതെ മറ്റൊരു സ്ഥലത്ത് കിണർ കുഴിക്കേണ്ടി വന്നതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(18) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-19 കണിയോത്ത് പീടിക-ചേലമുക്ക് ചെറുമോത്ത് റോഡ് പ്രവൃത്തി- റോഡിൽ ഗുണനിലവാരമില്ലാത്ത പ്രവൃത്തി നടത്തി

പ്രോജക്ട് നമ്പർ- 222/18, അടങ്കൽ - 1500000

എഗ്രി മെന്റ്- E.E.LS.GD/276/2015-16 തീ. 19-1-2016

കോൺട്രാക്ടർ- എം .ടി. ബാലൻ (2.3%കുറവ്)

പ്രവൃത്തിമൂല്യം- 1448264 (ബിൽ നമ്പർ 38/17-18 തീ3-4-17)

എം ബുക്ക്- 153/15-16

വാണിമേൽ ഗ്രാമപഞ്ചായത്തിലെ കണിയോത്ത് പീടിക-ചേലമുക്ക് റോഡിൽ 580മീറ്റർ നീളത്തിൽ മെറ്റലിംഗ് ടാറിങ്ങ് പ്രവൃത്തി കരാറുകാരനായ ശ്രീ.എം.ടി ബാലൻഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ചപ്പോൾ പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് കല്ലിൽ മൊയ്തു എന്നയാൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 3-8-2016ന് എക്സി-എഞ്ചിനിയർ സ്ഥലം നേരിട്ട് പരിശോധിച്ചതിൽ റോഡിൽ പലസ്ഥലങ്ങളിലും കേടുപാടുകൾ കാണുകയുണ്ടായി. പ്രവൃത്തിയുടെ ഇളകിപ്പോയഭാഗങ്ങൾ നന്നാക്കി എക്സിക്യൂട്ടീവ് എഞ്ചിനിയറും മോണിറ്ററിംഗ് കമ്മറ്റിയും പരിശോധിച്ചതിനുശേഷം മാത്രം ഫൈനൽ ബിൽ സമർപ്പിക്കാനാവശ്യപ്പെട്ട് ഫൈനൽ ബിൽ തിരിച്ചയച്ചു. അപാകത പരിഹരിച്ചതായി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് പിന്നീട് ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ടെങ്കിലും ജനകീയാസൂത്രണ മോണിട്ടറിംഗ് സമിതി ചെയർമാൻ (പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി) ജില്ലാപഞ്ചായത്ത് ഡിവിഷൻമെമ്പർ എന്നിവർ പണി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അസി. എഞ്ചിനിയറുടെ കംപ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഫൈനൽബിൽ തയ്യാറാക്കിയശേഷം പ്രവൃത്തിയുടെ ഗുണനിലവാരമില്ലായ്മ സംബന്ധിച്ച പരാതി ലഭിക്കുകയും പരാതി ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തതിൽനിന്നും ബന്ധപ്പെട്ടവർ തങ്ങളുടെ ഉത്തരവാദിത്വം ശരിയായരീതിയിൽ നിർവഹിക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യ നിർവ്വഹണത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(19) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-20 കൈപ്രം - കാപ്പുമല കോളനി റോഡ് രണ്ടാം ഘട്ടം - കരാറുകാരന് അനുവദനീയ മായതിൽ കൂടുതൽ തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം | 269/2018 (936/2016) |
| അടങ്കൽ | 40,00,000 |
| എഗ്രിമെന്റ് നം | EE-LSGD/105/16-17 Dt. 06.10.2016 |
| കരാറുകാരന്റെ പേര് | അജേഷ് പി.വി. |
| പ്രവൃത്തി മൂല്യം | 38,97,502/- (ബിൽ നം.184/26.08.17 |
| അളവു പുസ്തക നം | 29/16-17, 42/16-17 |

2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ കൈപ്രം - കാപ്പുമല കോളനി റോഡ് പുനരുദ്ധാരണ പ്രവൃത്തി കരാറുകാരനായ ശ്രീ. അജേഷ് പി.വി. 13.2% കുറവ് നിരക്കിൽ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാതെ എഗ്രീഡ് പി.എ.സി യിൽ പരിമിതപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ കരാറുകാരന് താഴെ കാണിച്ചപ്രകാരം അധിക തുക അനുവദിച്ചതായി കാണുന്നു.

ആകെ പ്രവൃത്തി മൂല്യം - 38,97,502

(-)ടെണ്ടർ കുറവ് (13.2%) - 5,14,470

കരാറുകാരന് അനുവദനീയമായ തുക - 33,83,032

(നികുതികൾ ഉൾപ്പെടെ)

കരരാറുകാരന് അനുവദിച്ച തുക - 34,07,535 (എഗ്രീഡ് പി.എ.സി യിൽ പരിമിതപ്പെടുത്തിയത്)

അധികം നൽകിയ തുക - 24,503/- (34,07,535-33,83,032)

ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് എഗ്രീഡ് പി.എ.സി യിൽ പരിമിതപ്പെടുത്തി ഫൈനൽ ബിൽ അനുവദിക്കാനുണ്ടായ കാരണം വിശദമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 30/13.03.2018 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 24,503/-രൂപ തിരികെ ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(20) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-21 ചീക്കാകുന്ന്- കാക്കവയൽറോഡ് ഉണ്ണികുളം -കരാറുകാരൻ ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഫൈനൽ ബിൽ അനുവദിച്ചു

പ്രോജക്ട് നമ്പർ - 403/18. അടങ്കൽ - 150000

നിർവഹണം - എക്സിക്യൂട്ടീവ് എഞ്ചിനിയർ

ചെലവുതുക - 1131162 (ബിൽ നമ്പർ 62/17-18 തീ. 16-5-17)

കരാറുകാരൻ - കെ.എം. ഗോപാലകൃഷ്ണൻ

ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കട്ടാക്കിൽ ചീക്കാക്കുന്ന് റോഡിൽ 375മീറ്റർ നീളത്തിൽ റോഡ് റീട്ടാർ ചെയ്ത് ഐറിഷ് ഡ്രെയ്ൻ നിർമിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് കരാരുകാരനായ ശ്രീ. കെ.എം. ഗോപാലകൃഷ്ണൻ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

1.കരാറുകാരനിൽ നിന്നും കോമ്പൌണ്ടിംഗ് നിരക്കിലാണ് വാറ്റ് ഈടാക്കിയിരിക്കുന്നത്. എന്നാൽ ടിയാൻ ടാക്സ് കോമ്പൌണ്ട് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിക്കുമ്പോൾ മോണിട്ടറിംഗ് കമ്മറ്റി യുടെ സാക്ഷ്യപത്രം, ജില്ലാ പഞ്ചായത്ത് മെമ്പറുടെ സാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

3.റീടാറിംഗ് പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ ഒറിജിനൽ ബിൽ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നുള്ള ബിറ്റുമിൻ ബില്ലിന്റെ കോപ്പിയാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതകൾ സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(21) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-22 ഇരുമ്പകം -ഉമ്പച്ചാൽ കളിയാംപുഴ റോഡ്-തിരുവമ്പാടി ഫൈനൽബിൽ അനുവദിച്ചതിൽ അപാകത.

പ്രോജക്ട് നമ്പർ - 360/18(473/17). അടങ്കൽ - 720000 (M.G)

എസ്റ്റിമേറ്റ് PAC - 669218, കോൺട്രാക്ട് PAC - 635205

എഗ്രിമെന്റ്- - EE/LSGD/262/16-17 dt 19-1-17

ബിൽ നമ്പർ - 5/17-18 തി 3-4-17

കരാറുകാരൻ - ബാലകൃഷ്ണൻ P

2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ ഉമ്പച്ചാൽ കളിയാംപുഴ റോഡ്പ്രവർത്തി കരാറുകാരനായ ശ്രീ. ബാലകൃഷ്ണൻ. പി. ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്

പ്രവർത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ 669218 രൂപ എസ്റ്റിമേറ്റുള്ള പ്രവർത്തി കരാറുകാരൻ 635205 രൂപയ്ക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത് (item rate). ഫൈനൽബിൽ നൽകിയപ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത തുകയായ (agreed PAC) 635205രൂപയിൽ പരിമിതപ്പെടുത്താതെ ആകെ പ്രവർത്തി മൂല്യമായ 646409 രൂപ കരാറുകാരന് റിക്കവറികൾ ഉൾപ്പടെ അനുവദിച്ചതായികാണുന്നു. വിശദവിവരം താഴെ

കരാറുകാരന് അനുവദിച്ചതുക - 646409

അനുവദനീയമായതുക (ടാക്സ് ,ഫൈൻ ഉൾപ്പടെ) - 635205 (എഗ്രീഡ് P.A.C)

അധികം നൽകിയ തുക - 646409 – 635205 = 11204

കരാറുകാരന് എഗ്രീഡ് പി .എ.സി.യിൽ പരിമിതപ്പെടുത്താതെ ഫൈനൽബിൽ അനുവദിച്ചതു മൂലം VAT, IT, W.F ഇനങ്ങളിലും അധികതുക അടവാക്കിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 11204രൂപ തിരികെ ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(22) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-23 മരാമത്ത് പ്രവൃത്തികളുടെ കരാർ വെക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

എക്സിക്യൂട്ടീവ് എഞ്ചിനിയർ മുഖാന്തിരം നടപ്പിലാക്കിയ താഴെപറയുന്ന പ്രോജക്ടുകളിൽ (മരാമത്ത് പ്രവർത്തികൾ) കരാറുകാരനെ തെരഞ്ഞെടുത്ത ശേഷം നൽകുന്ന സെലക്ഷൻ നോട്ടീസിൽ 14 ദിവസത്തിനകം ജില്ലാ പഞ്ചായത്തുമായി കരാർ വെക്കാത്ത പക്ഷം അടുത്ത 10 ദിവസത്തിനുള്ളിൽ 1% പിഴ അടവാക്കി മാത്രമേ കരാർ വെക്കാൻ സാധിക്കു എന്ന് പറയുന്നുണ്ട്. എന്നാൽ സമയപരിധി കഴിഞ്ഞ് എഗ്രിമെന്റ് വെച്ച താഴെ പറയുന്ന പ്രവൃത്തികളിൽ ഫൈൻ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ വെച്ച തിയ്യതി/കരാറുകാരൻ | ഈടാക്കേണ്ട ഫൈൻ തുക |
|---|---|---|---|---|
| 1 | മൂരികുത്തി മാവുള്ളനട കന്നാട്ടി എൽ.പി .റോഡ്(218/18)<br>കരാർതുക-2803890<br>ചെലവ്-2760246<br>ബിൽ നമ്പർ-48/16/17തി 25-4-17 | 28-9-15 | E.E.LSGD 125/15-16 തി 12-11-15<br>ശ്രീ .അബ്ദുറഹിമാൻ ഹാജി | 2803890x1%=<br>28039 |
| 2 | പുതുശ്ശേരിത്താഴം എടവനത്താവം (259/18)<br>കരാർതുക-2474209<br>ചെലവ്-1849702<br>ബിൽ നമ്പർ-128/10-7-17 | 20-2-16 | E.E.LSGD 7/16-17<br>തി 23-5-16<br>പ്രസിഡന്റ് T.L.C.C<br>തിക്കോടി | 2474209x1%=<br>24742 |
| 3 | ചെകിടൻ മലകോളനിറോഡ്<br>(559/18)<br>കരാർതുക-838730<br>ചെലവ്-820861<br>ബിൽ നമ്പർ-148/22-7-17 | 2-12-16 | E.E.LSGD 197/16-17<br>തി 24-12-16<br>ശ്രീ ഗിരീഷ് കുമാർ | 838730x1%=<br>8387 |
| 4 | കുന്നത്ത് താഴ ചിറക്കര ക്കണ്ടി റോഡ്(223/18)<br>കരാർതുക-2492045<br>ചെലവ്-2279387<br>ബിൽ നമ്പർ-36/17-18തി 3-4-17 | 30-9-15 | E.E.LSGD 139/15-16 dt 12-11-2015<br>ശ്രീ നിതിൻ ശങ്കർ | 2492045x1%=<br>24920 |
| | ആകെ | | | 86088 |

മേൽ സൂചിപ്പിച്ച വിധം നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ച് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(23) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-24 മരാമത്ത് പ്രവൃത്തികളുടെ കരാർ വെക്കുന്നതിൽ കാലതാമസം- പിഴയീടാക്കിയതിൽ

കുറവ്

എക്സിക്യൂട്ടീവ് എഞ്ചിനിയർ നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയച്ച് നിശ്ചിത സമയപരിധിക്കകം ജില്ലാപഞ്ചായത്തുമായി കരാറുടമ്പടിയിൽ ഏർപ്പെടാത്തതിന് 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം പിഴയീടാക്കിയതിൽ കുറവ് വന്നതായി കാണുന്ന വിശദവിവരം താഴെ.

| ക്രമ നമ്പർ | പ്രോജക്റ്റ് സംബന്ധിച്ച വിവരം | കരാറുടംപടി സംബന്ധിച്ചവിവരം | സെലക്ഷൻ നോട്ടിസ് അയച്ച തിയ്യതി | ഈടാക്കേണ്ട ഫൈൻ | ഈടാക്കിയ ഫൈൻ | കുറവ് |
|---|---|---|---|---|---|---|
| 1 | മാതോത്ത്പൊറായി നാഷണൽ സ്കൂൾ റോഡ് (479/18)<br>കരാർ തുക -1668838<br>ചെലവുതുക 1646583<br>ബിൽ നമ്പർ 21/17-18 തി3.4.17 | E.E.L.S.G.D /205/16-17തി 3.4.17 | 9.2.17 | 1668838X1% =16,688 | 9833 | 6855 |
| 2 | ആനയാം കുന്ന് പഞ്ചായത്ത് ഓഫീസ് റോഡ്.(566/18)<br>കരാർ തുക 1294329<br>ചെലവുതുക 1294329<br>ബിൽ നമ്പർ 145/17-18തി22.7.17 | E.E.L.S.G.D /205/16-17തീ. 27.12.16 | 3.2.17 | 1294329x1% =12,943 | 3833 | 9110 |
| | ആകെ കുറവ് | | | | | 15,965 |

പിഴ കുറവായി ഈടാക്കിയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവുവന്ന തുക ഈടാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(24) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-25 വനപർവം ടൂറിസ്റ്റ് കേന്ദ്രം -കാക്കവയൽ റോഡ് പുതുപ്പാടി-കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി വിനിയോഗിച്ചില്ല.

പ്രോജക്റ്റ് നമ്പർ – 363/18

നിർവഹണം - എക്സി ക്യൂട്ടീവ് എഞ്ചിനിയർ

അടങ്കൽ - 1800000

ചെലവുതുക - 1506999 (ബിൽ നമ്പർ 11/7-18 തി 3-4-17)

കരാറുകാരൻ - ജേക്കബ്. M.C

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ പൊട്ടിപൊളിഞ്ഞ അവസ്ഥയിലുള്ളവനപർവം ടൂറിസ്റ്റ് കേന്ദ്രം കാക്കവയൽ റോഡ് 300 മീറ്റർ നീളത്തിൽ ഉയർത്തി ടാറിങ്ങ് ചെയ്യുന്നതിനും ഡ്രെയിനേജ് സൌകര്യം ഏർപ്പെടുത്തുന്നതിനുമുള്ള പ്രോജക്റ്റിൽ പ്രവർത്തിയിനം 13 പ്രകാരം 45എം ക്യൂബ് മണ്ണ് കിളച്ചെടുത്തിട്ടുണ്ട് (എം. ബുക്ക് പേജ് 34)മേൽപ്രവർത്തിയുടെ ഇനം രണ്ട് പ്രകാരം റോഡ് മണ്ണിട്ട് ഉയർത്തുന്നതിനായി 269.5എം ക്യൂബ് മണ്ണ് ഉപയോഗിച്ചിട്ടുണ്ട്. ആയതിന് എം ക്യൂബിന് 374.23രൂപ പ്രകാരം ആകെ 100854.95 രൂപ ചെലവഴിച്ചിട്ടുണ്ട് (എം ബുക്ക് നം.252/16-17പേജ് 27) ഇത്തരത്തിൽ മണ്ണ് ഫില്ല് ചെയ്യപ്പോൾ കിളച്ചെടുത്ത 45 എം. ക്യൂബ് മണ്ണ് ഉപയോഗപ്പെടുത്തുകയോ മണ്ണ് ഉപയോഗ ശൂന്യമാണെന്ന് എം. ബുക്കിൽ എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കിളച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താത്തതിനാൽ 16840 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട് (45 x 374.23 = 16840). അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(25) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-26 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

കോഴിക്കോട് ജില്ലാപഞ്ചായത്തിൽ 2017-18 വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 907 പൊതുമരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ 476 സ്പിൽഓവർ പ്രവൃത്തികളും 431 പുതിയ പ്രവൃത്തികളുമാണുള്ളത്. 23.02.2018 ലെ 1ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി (A1/SA /392/18 dt. 03.03.18) അനുസരിച്ച് തൻവർഷം ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 52% വും സ്പിൽ ഓവർ പ്രോജക്ടുകളാണ്. മുൻ വർഷങ്ങളിൽ സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കിയിരുന്നെങ്കിൽ സ്പിൽ ഓവർ പ്രോജക്റ്റിന് വകയിരുത്തിയ തുക പുതിയ പ്രോജക്ടുകൾക്ക് വേണ്ടി വിനിയോഗിക്കാമായിരുന്നു. ജനോപകരപ്രദമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തൻവർഷം അനുവദിച്ച വികസന ഫണ്ടിൽ ഏകദേശം പകുതിയോളം തുക മുൻവർഷങ്ങളിൽ ഏറ്റെടുത്ത പദ്ധതികൾക്കായി ചെലവഴിക്കപ്പെടുന്നു എന്നത് നടപ്പ് സാമ്പത്തിക വർഷം പൂർണ്ണതോതിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് വിഘാതമാകുന്നു. ഇത് വികസന നയങ്ങളോട് വിമുഖത കാണിക്കുന്നതിന് തുല്യമാണ്. ആകയാൽ അതാത് വർഷം അംഗീകാരം ലഭിക്കുന്ന പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധ ചെലുത്താവുന്നതാണ്.

സ്പിൽ ഓവർ പ്രവൃത്തികൾ

ആകെ അംഗീകാരം ലഭിച്ച 431 പ്രോജക്ടുകളിൽ 339 എണ്ണം ടെണ്ടർ നടപടി പൂർത്തിയാക്കുകയും 46 പ്രവൃത്തിളിന്മേൽ ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നതായും മേൽ മറുപടി പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 46 പ്രോജക്ടുകളിൽ 2018 ഫിബ്രവരി വരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തൻ വർഷം ടെണ്ടർ ചെയ്ത 339 പ്രവൃത്തികളിൽ 108 പ്രവൃത്തികൾക്ക് കരാറുകാർ ജില്ലാപഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല. 2017-18 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്ന 476 പ്രവൃത്തികളിൽ 203 പ്രവൃത്തികൾ മാത്രമാണ് 31.12.2017 വരെയുള്ള കാലയളവിൽ പൂർത്തീകരിച്ചത്. 117 പ്രവൃത്തികൾ 2018 ഫിബ്രവരിയിലും, പൂർത്തീകരിക്കാതെ ഇപ്പോൾ നടന്നു വരുന്നതായോ പാർട്ട് ബിൽ നൽകുകയോ ചെയ്തതായി അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കാൻ ഒരു മാസം മാത്രം അവശേഷിക്കെ 273 (476-203) സ്പിൽ ഓവർ പ്രവൃത്തികൾ ഈ സാമ്പത്തിക വർഷത്തിൽ മുഴുവനായി പൂർത്തികരിക്കാൻ സാധ്യമല്ല. അതായത് 2017-18 വർഷം സ്പിൽ ഓവർ ആയ പ്രോജക്ടുകൾ വീണ്ടും 2018-19 വർഷത്തിലും സ്പിൽ ഓവർ ആയി മാറ്റപ്പെടുന്ന അവസ്ഥയുണ്ടാകും.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(26) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-27 തോട്ടക്കാട് - മേലെതോട്ടക്കാട് റോഡ്പ്രവൃത്തി : സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്തതിന് പിഴ ഈടാക്കിയില്ല

പ്രൊജക്റ്റ് നം. : 819/18

അടങ്കൽ : 1000000/- രൂപ

കരാറുകാരൻ : തോമസ് പുല്ലാട്ട്

എഗ്രിമെന്റ് നം : EE/LSGD/236/17-18/17.1.2018

പി.എ.സി. : 555810/-

എം.ബുക്ക് നം. : 114/17-18

കാവിലും പാറ ഗ്രാമപഞ്ചായത്ത് പരിധിയിലെ മേൽ പ്രവൃത്തി 13.11.2017 ന് റീ ടെണ്ടർ ചെയ്തതിൽ ഏററവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. തോമസ് പുല്ലാട്ടിന് ടെണ്ടർ ലഭിക്കുകയുണ്ടായി. എന്നാൽ ടിയാൻ എൽ.എസ്. പ്രൊവിഷൻ ഉൾപ്പെടെയുള്ള തുക രേഖപ്പെടുത്തിയതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്ത് വീണ്ടും റീടെണ്ടർ നടത്തിയാലുള്ള കാലതാമസം ഒഴിവാക്കാൻ കരാറുകാരനുമായി നെഗോസിയേഷൻ നടത്തുകയുണ്ടായി. അതനുസരിച്ച് എൽ.എസ്.പ്രൊവിഷൻ ഒഴിവാക്കി 555810/-രൂപക്ക് കരാറുകാരൻ ഐറ്റം റേററ് ക്വാട്ട് ചെയ്യുകയും 27.12.2017 ന് ഡി.4/819/18 നമ്പറായി കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തതായി കാണുന്നു. 27.12.2017 ന തന്നെ സെലക്ഷൻ നോട്ടീസ് കരാറുകാരൻ കൈപ്പററിയിട്ടുണ്ട്. എന്നാൽ കരാറുകാരനുമായി എഗ്രിമെന്റ് വെച്ചിട്ടുള്ളത് 17.1.2018 നാണ്.

ജി.ഒ.(പി.)13/2012/പി.ഡബ്ല്യു.ഡി./1.02.2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2009.6 അനുസരിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പററിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ പി.എ.സിയുടെ 1% പിഴ ഈടാക്കി (മിനിമം 1000/-രൂപയും പരമാവധി 25000/-രൂപയും) അടുത്ത 10 ദിവസത്തിനുള്ളിൽ കരാർ വെയ്ക്കാവുന്നതാണ്. മേൽ പ്രവൃത്തിയിൽ നോട്ടീസ് കൈപ്പററി 20 ദിവസം കഴിഞ്ഞാണ് കരാർ വെച്ചിട്ടുള്ളത്. ആയതിനാൽ കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴയായ 5558/- രൂപ ഈടാക്കേണ്ടതായിരുന്നു. നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിററ് എൻക്വയറി (നം.16/17-18/13.12.2018) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-28 മൊബിലൈസേഷൻ അഡ്വാൻസ് - പ്രവൃത്തി പൂർത്തീകരിച്ച് അഡ്വാൻസ് തുക അഡ്ജസ്ററുചെയ്തില്ല

ഓഡിറ്റ് വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേററീവ് സൊസൈറ്റിക്ക് ചുവടെ ചേർത്ത പ്രകാരം തുക നൽകിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, പ്രവൃത്തിയുടെ പാർട്ട്ബിൽ/ ഫൈനൽ ബിൽ സമർപ്പിച്ച് അഡ്വാൻസ് തുക ഓഡിററ് തീയതി വരെയും അഡ്ജസ്റ്റ് ചെയ്തതായി കാണുന്നില്ല.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | അഡ്വാൻസ് തുക | പി.എ.സി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1 | ULCCS | പുളിക്കംപാറ കടക്കല്ലൂർ റോഡ്-ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | 251/17-18 തീയ്യതി 5-3-18 | 533970 | 2669850 | 19.3.2018 |
| 2 | " | അറപീടിക കരിയാത്തൻകാവ് റോഡ്-ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | 17/17-18 തീയ്യതി-28-2-18 | 831230 | 4156148 | 19.3.2018 |
| 3 | " | ഇയ്യാട് കൈപ്പുറം ബസാർറോഡ്-ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | 20/17-18 തീയ്യതി28-2-18 | 904578 | 4975180 | 19.3.2018 |
| 4 | " | ഒളയനമല കോളനി മുണ്ടിമൂല ശ്മശാനംറോഡ് -നന്മണ്ട ഗ്രാമപഞ്ചായത്ത് | 252/17-18 തീയ്യതി-5-3-18 | 806964 | 4034820 | 2.4.2018 |
| 5 | " | ഒളയനമലകോളനി ഡ്രിങ്കിങ്ങ് വാട്ടർ സപ്ലൈ സ്കീം -നന്മണ്ടഗ്രാമപഞ്ചായത്ത് | 257/17-18 തീയ്യതി-5-3-18 | 171938 | 859692 | 2.4.2018 |
| 6 | " | കായാട്ടി റോഡ് രണ്ടാംഘട്ടം- | 29/17-18 തീയ്യതി- | 192600 | 962768 | |

| | | | | | | |
|---|---|---|---|---|---|---|
| | | ഒളവണ്ണഗ്രാമപഞ്ചായത്ത് | 28-2-18 | | | |
| 7 | " | മായാളം കണ്ടി കോഴിക്കോടൻകുന്ന് റോഡ്-ഒളവണ്ണഗ്രാമപഞ്ചായത്ത് | 35/17-18 തീയ്യതി- 28-2-18 | 905300 | 4526297 | 19.4.2018 |
| 8 | | ജി.എച്ച്.എസ്.എസ് ഇരിങ്ങല്ലൂർ റോഡ് -ഒളവണ്ണ ഗ്രാമപഞ്ചായത്ത് | 34/17-18 തീയ്യതി- 28-2-18 | 867300 | 4336057 | 14.4.2018 |
| 9 | | കൂടൽ നടക്കാവ് കടൽപ്പാലംറോഡ് -ഒളവണ്ണഗ്രാമപഞ്ചായത്ത്. | 43/17-18 തീയ്യതി- 28-2-18 | 452300 | 2261358 | 20.3.2018 |
| 10 | | കൈമ്പലം പള്ളിപ്പുറം റോഡ് -ഒളവണ്ണഗ്രാമപഞ്ചായത്ത് | 27/17-18 തീയ്യതി- 28-2-18 | 363300 | 1816400 | 20.3.2018 |
| 11 | | കോത്തനാരി മലബാർ ബൊട്ടാണിക്കൽ റോഡ്-ഒളവണ്ണഗ്രാമപഞ്ചായത്ത് | 42/17-18 തീയ്യതി- 28-2-18 | 909100 | 4545437 | 20.3.2018 |
| 12 | | ആനക്കുഴിക്കര പരിയങ്ങാട് റോഡ്- പെരുവയൽഗ്രാമപഞ്ചായത്ത് | 23/17-18 തീയ്യതി- 28-2-18 | 271803 | 1359015 | 19.3.2018 |
| 13 | | പരിയങ്ങാട് അരിയോറേമ്മൽ റോഡ് -പെരുവയൽഗ്രാമപഞ്ചായത്ത് | 15/17-18 തീയ്യതി- 28-2-18 | 363400 | 1816809 | 19.3.2018 |
| 14 | | മാമ്പുഴ നവീകരണം ഇൻവെസ്റ്റിഗേഷൻ വർക്ക് | 262/17-18 തീയ്യതി- 5-3-18 | 67000 | 334915 | 18.3.2018 |
| 15 | | പയന്തോങ്ങ് നരിപ്പറ്റ റേഷൻ പീടിക റോഡ് -നരിപ്പറ്റഗ്രാമപഞ്ചായത്ത് | 38/17-18 തീയ്യതി- 28-2-18 | 525089 | 2625443 | 19.3.2018 |
| 16 | | പള്ളിയറ പുളിയൻപാറ റോഡ് -നരിപ്പറ്റഗ്രാമപഞ്ചായത്ത് | 37/17-18 തീയ്യതി- 28-2-18 | 527236 | 2636179 | 19.3.2018 |
| 17 | | കല്ലുനിര കോട്ടം റോഡ് -മരുതോങ്കരഗ്രാമ പഞ്ചായത്ത് | 21/17-18 തീയ്യതി- 28-2-18 | 504529 | 2522644 | 2.6.2018 |
| 18 | | കായണ്ണ ബസാർ കുരിക്കൽ കൊല്ലിവിരണപുരം മക്ക് റോഡ്-കായണ്ണഗ്രാമപഞ്ചായത്ത് | 44/17-18 തീയ്യതി- 28-2-18 | 721500 | 3607417 | 5.5.2018 |
| 19 | | വടക്കുമ്പാട് കുനിയോട് തെക്കേടത്ത് കടവ് റോഡ്-; ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് | 30/17-18 തീയ്യതി- 28-2-18 | 538600 | 2692897 | 20.3.2018 |

| | | | | | | |
|---|---|---|---|---|---|---|
| 20 | | നാറാത്ത് മുക്ക് അറക്കലപാലം തീരദേശറോഡ്-ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 40/17-18 തീയ്യതി- 28-2-18 | 671300 | 3356205 | 20.3.2018 |
| 21 | | കായണ്ണ കുരാച്ചുണ്ട് വെങ്ങയുത്താഴെ പൂവത്താൻകുന്ന് റോഡ് - കായണ്ണ ഗ്രാമപഞ്ചായത്ത് | 292/17-18 തീയ്യതി- 15-3-18 | 1204100 | 6020108 | 16.5.2018 |
| 22 | | ജിഎച്ച്എച്ച് എസ് മണിയൂർ അഡീഷണൽ വർക്ക് | 39/17-18 തീയ്യതി- 28-2-18 | 352500 | 1762369 | 26.10.2018 |
| 23 | | പുതുക്കയം നെടുപറമ്പ് റോഡ് - വാണിമേൽ ഗ്രാമപഞ്ചായത്ത് | 32/17-18 തീയ്യതി- 28-2-18 | 829100 | 4145053 | 19.3.2018 |
| 24 | | വടകര ജില്ലാആശുപത്രി അടിസ്ഥാനസൗകര്യ വികസനം | 36/17-18 തീയ്യതി- 28-2-18 | 121100 | 605475 | 5.5.2018 |
| 25 | | കോറോത്ത് ഗേറ്റ് മാഹി റെയിൽവേസ്റ്റേഷൻ റോഡ്-അഴിയൂർ ഗ്രാമപഞ്ചായത്ത് | 25/17-18 തീയ്യതി- 28-2-18 | 360500 | 1802491 | 19.5.2018 |
| 26 | | ജിഎച്ച്എസ്എസ് അഴിയൂർ -അഡീഷണൽ വർക്ക് -അഴിയൂർ ഗ്രാമപഞ്ചായത്ത് | 41/17-18 തീയ്യതി- 28-2-18 | 542000 | 2709781 | |
| 27 | | വടക്കേപറമ്പത്ത് പൂവോട്ടിമുക്ക് റോഡ് -ചോറോട് ഗ്രാമപഞ്ചായത്ത് | 18/17-18 തീയ്യതി- 28-2-18 | 178000 | (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(13) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).889725 | 19.3.2018 |
| 28 | | മുക്കാളി എൻഎച്ച് കൊളരാട് തെരു കനാൽ റോഡ് - അഴിയൂർ ഗ്രാമപഞ്ചായത്ത് | 256/17-18 തീയ്യതി-5-3-18 | 359700 | 1788454 | 19.3.2018 |
| 29 | | മുട്ടുങ്ങൽ കൈനാട്ടി മീത്തലങ്ങാടി റോഡ് - ചോറോട് ഗ്രാമപഞ്ചായത്ത് | 33/17-18 തീയ്യതി- 1-03-18 | 97100 | 485406 | 22.3.2018 |
| 30 | | പഴങ്കാവ് ചേന്നമംഗലം റോഡ് -ചോറോട് ഗ്രാമപഞ്ചായത്ത് | 21/17-18 തീയ്യതി- 28-2-18 | 262500 | 1312165 | 22.3.2018 |
| 31 | | വെള്ളികുളങ്ങര ക്രാഷ് റോഡ് ടു ഒഞ്ചിയം- ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | 14/17-18 തീയ്യതി- 26-2-18 | 356600 | 1782961 | 22.3.2018 |
| 32 | | വൈക്കിലശ്ശേരി | 26/17-18 | 271900 | 1359469 | 22.3.2018 |

| | | | | | | |
|---|---|---|---|---|---|---|
| | | തെരു വൈക്കിലശ്ശേരി റോഡ് -ചോറോട് ഗ്രാമപഞ്ചായത്ത് | തീയ്യതി- 28-2-18 | | | |
| 33 | | ജിവിഎച്ച്എസ്എസ് മടപ്പള്ളി ഗേൾസ് -കൺസ്ട്രക്ഷൻ ഓഫ് ക്ലാസ് റൂം- ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | 24/17-18 തീയ്യതി- 28-2-18 | 1184500 | 5535865 | 7.1.2019 |
| 34 | | എൻ എച്ച് മുക്കാളി ആവിക്കര ബീച്ച്റോഡ് രണ്ടാംഘട്ടം. അഴിയൂർ ഗ്രാമപഞ്ചായത്ത് | 31/17-18 തീയ്യതി- 28-2-18 | 249400 | 1246884 | 11.6.2018 |
| 35 | | പറമ്പിന്റെ മുകൾ കാരാട്ടുപാറ രണ്ടാംഘട്ടം- ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | 57/17-18 തീയ്യതി- 17-3-18 | 878100 | 4390120 | 15.6.2018 |
| 36 | | കുരുവാട്ടികിഴക്കയിൽ കോളനി റോഡ് | 62/17-18 തീയ്യതി- 17-3-18 | 270900 | | 19.4.2018 |
| 37 | | ഒളിയൻമല കോളനി പുതിയതുകണ്ടിറോഡ് അഡീഷണൽ വർക്ക് നന്മണ്ട ഗ്രാമപഞ്ചായത്ത് | 325/17-18 തീയ്യതി- 21-3-18 | 367800 | | |
| 38 | | പുറക്കാട്ടിരി ചൈൽഡ് ആന്റ് അഡോളസന്റ് കെയർ സെന്റർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ്. | 59/17-18 തീയ്യതി- 17-3-18 | 1488000 | | 4.3.2019 |
| 39 | | തുരുത്തിയിൽതാഴെ റോഡ് ഒളവണ്ണ ഗ്രാമപഞ്ചായത്ത് | 55/17-18 തീയ്യതി- 17-3-18 | 438200 | 2190900 | 5.7.2018 |
| 40 | | കളത്തിൽമീത്തൽ കോളനി മൾട്ടിപർപ്പസ് സെന്റർ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 324/17-18 തീയ്യതി- 21-3-18 | 459600 | 2297706 | 19.2.2019 |
| 41 | | ജിഎച്ച് എസ്എസ് മണിയൂർ അഡീഷണൽ വർക്ക് -ഇലക്ട്രിഫിക്കേഷൻ | 58/17-18 തീയ്യതി- 16-3-18 | 70600 | 352781 | 25.4.2018 |
| 42 | | ആയഞ്ചേരിതെരു കല്ലുപുറം റോഡ് ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | 60/17-18 തീയ്യതി- 17-3-18 | 180800 | 903659 | 25.6.2018 |
| 43 | | കരുകുളം നെട്ടംപറമ്പ-തേർഡ് റീച്ച് വാണിമേൽ | 54/17-18 തീയ്യതി- 17-3-18 | 523800 | 2618713 | 5.7.2018 |
| 44 | | കരുവൻതുരുത്തി ചീക്കുന്ന താമരശ്ശേരി റോഡ് | 56/17-18 തീയ്യതി- | 636300 | 3181488 | 5.7.2018 |

| | | | | | | |
|---|---|---|---|---|---|---|
| | | ചെക്കിയാട്/വളയം ഗ്രാമപഞ്ചായത്ത് | 17-3-18 | | | |
| 45 | | ചെറുമോത്ത് പള്ളിമുക്ക് ജാതിയേരിറോഡ് നാദാപുരം ഗ്രാമപഞ്ചായത്ത് | 63/17-18 തീയ്യതി- 17-3-18 | 272700 | 1363447 | 23.6.2018 |
| 46 | | വടകര ജില്ലാആശുപത്രി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് | 61/17-18 തീയ്യതി- 17-3-18 | 61000 | 305061 | 26.3.2018 |
| 47 | | അഴിയൂർ മിനിസ്റ്റേഡിയം | 52/17-18 തീയ്യതി- 17-3-18 | 280200 | 1400521 | 22.5.2018 |
| 48 | | ജിഎച്ച്എസ്എസ് ഓർക്കാട്ടേരി കോമ്പൗണ്ട് വാൾ | 53/17-18 തീയ്യതി- 17-3-18 | 360400 | | 4.9.2018 |

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി വെച്ച കരാർ പ്രകാരം മിക്ക പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി അവസാനിച്ചിരിക്കയാണ്. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ വിശദാംശം, പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ 17.12.2018 നകം ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കുന്നതിന് ഓഡിററ് അന്വേഷണക്കുറിപ്പ് (നം.18/17-18) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദാംശം ലഭ്യമാക്കിയിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി നിശ്ചിത സമയപരിധിക്കുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കാത്ത പക്ഷം മുൻകൂർ തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. [ജി.ഒ.(പി)419/2011/ഫിൻ./തീയതി 4.10.2011]. മേൽ പ്രവൃത്തികളിൽ പാർട്ട് ബിൽ/ഫൈനൽ ബിൽ സമർപ്പിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്തവയുടെ വിശദാംശം ഓഡിററിനെ അറിയിക്കേണ്ടതാണ്. നിശ്ചിത കാലാവധിക്കുള്ളിൽ ബിൽ സമർപ്പിച്ച് മുൻകൂർ തുക അഡ്ജസ്റ്റ്ചെയ്യാത്ത പ്രവൃത്തികളുടെ മുൻകൂർ നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-29 ഡെപ്പോസിററ് പ്രവൃത്തികൾ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഓഡിററു വർഷം എൽ.എസ്.ജി.ഡി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി ചുവടെ ചേർത്ത പ്രകാരം നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡിപ്പോസിറ്റ് തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | കല്ലട ഏരിയ WSS പൈപ്പ് ലൈൻ (മടവൂർ ഗ്രാമപഞ്ചായത്ത്) | കെ.ഡബ്ല്യു.എ. | 450000 | 1/17-18 /19.9.2017 |
| 2 | തലക്കുളത്തൂർ WSS പൈപ്പ് ലൈൻ (തലക്കുലത്തൂർ ഗ്രാമപഞ്ചായത്ത്) | കെ.ഡബ്ല്യു.എ. | 1000000 | 2/17-18 /6.1.2018 |
| 3 | ഒളയമ്മൽ കൊളത്തൂർ കനാൽ റോഡ് (നന്മണ്ട ഗ്രാമപഞ്ചായത്ത്) | കുററ്യാടി ഇറിഗേഷൻ പ്രൊജക്ട്, പേരാമ്പ്ര ഡിവിഷൻ | 2000000 | 9/17-18 /19.2.2018 |

| | | | | |
|---|---|---|---|---|
| | | | | |
| 4 | മാവിലാകുന്ന് കനാൽ റോഡ് (കായക്കൊടി ഗ്രാമപഞ്ചായത്ത്) | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റ്, പേരാമ്പ്ര ഡിവിഷൻ | 2000000 | 13/17-18 /28.2.2018 |
| 5 | നമ്പ്യാടത്ത് താഴം പൂളക്കടവ് കനാൽ റോഡ് (കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്) | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റ്, പേരാമ്പ്ര ഡിവിഷൻ | 1500000 | 12/17-18 /28.2.18 |
| | ആകെ | | 6950000 | |

നിർമ്മാണ പ്രവൃത്തികൾക്കായി മേൽപറഞ്ഞ പ്രകാരം മുൻകൂർ തുക അനുവദിച്ചിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. ജി.ഒ.(എം.എസ്.)72/2017/ത.സ്വ.ഭ.വ./29.3.2017 പ്രകാരം സർക്കാർ പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.3(17) അനുസരിച്ച് ഒരു നിർമ്മാണ പ്രവൃത്തിക്ക് കെഎസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേററ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനു മുമ്പ് തന്നെ മുൻകൂർ തുക അനുവദിച്ചതായി കാണുന്നു. ഉദാ: ഒളയമ്മൽ കൊളത്തൂർ കനാൽ റോഡ്, നമ്പ്യാടത്ത് താഴം പൂളക്കടവ് കനാൽ റോഡ്. ആദ്യ പ്രവൃത്തിയ്ക്കായി, എസ്റ്റിമേറ്റ് ലഭ്യമാകുന്നതിനു മുമ്പ് തന്നെ തുക കൈമാറുന്നതിനും പിന്നീട് എസ്റ്റിമേറ്റ് ആവശ്യപ്പെടുന്നതിനും എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തി കാണുന്നു. അതുപോലെ രണ്ടാമത്തെ പ്രവൃത്തിയായ നമ്പ്യാടത്ത് താഴം പൂളക്കടവ് കനാൽ റോഡ് പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുവാൻ 24.9.2018 ലെ ഡി-1/80/18 നമ്പർ കത്തു പ്രകാരം എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയർ കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. എന്നാൽ 28.2.2018 ന് ഡിപ്പോസിറ്റ് തുകയുടെ ആദ്യ ഗഡുവായ 1500000/-രൂപ കൈമാറിക്കഴിഞ്ഞിട്ടുണ്ട്. രണ്ടാമത്തെ ഗഡു അനുവദിക്കുന്നതിനു മുന്നോടിയായിട്ടാണ് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്നും സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റ് ലഭ്യമാകുന്നതിനു മുമ്പ് തന്നെ തുക കൈമാറുന്നതായി വ്യക്തമാണ്. ഇത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.
2. മേൽ ഉത്തരവുപ്രകാരം തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂറായി നൽകാവൂ. എന്നാൽ പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിച്ചിട്ടുള്ളത്.
3. ഡിപ്പോസിറ്റ് തുക വിനിയോഗിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസികൾ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ലക്ഷക്കണക്കിന് രൂപ വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയിട്ടുണ്ടെങ്കിലും ഡിപ്പോസിറ്റ് പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിററി എന്നിവ യാതൊരു വിധ മോണിട്ടറിംഗും നടത്തിയിട്ടില്ല. തുക മുൻകൂറായി നൽകുമ്പോൾ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നും, തുക വിനിയോഗിച്ച് യഥാസമയം പദ്ധതി ലക്ഷ്യം കൈവരിക്കുന്നുണ്ടെന്നും പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും, മേൽ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം, വിനിയോഗ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിററിൽ പരിശോധനക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് ഓഡിററ് എൻക്വയറി (നം.17/17-18/16.12.2018) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
സർക്കാർ നിർദ്ദേശപ്രകാരം ഡിപ്പോസിററ് പ്രവൃത്തികൾക്ക് കൃത്യമായ എസ്റ്റിമേററിന്റെ അടിസ്ഥാനത്തിൽ മാത്രമേ തദ്ദേശഭരണ സ്ഥാപനം മുൻകൂർ തുക കൈമാറാൻ പാടുള്ളൂ. തുകയുടെ ഉപയോഗവും പ്രൊജക്റ്റ് നിർവ്വഹണവും സംബന്ധിച്ച്

മോണിട്ടറിംഗ് തദ്ദേശഭരണ സ്ഥാപനം നടത്തേണ്ടതാണ്. പതിമൂന്നാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവ്വഹിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിററികളായി പ്രവർത്തിക്കേണ്ടതും അവ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മേൽ പ്രൊജക്ടുകളുടെ നിർവ്വഹണം, മുൻകൂർ തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച് യാതൊരു മോണിട്ടറിംഗും നടത്തിയിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായും കാണുന്നില്ല. മാത്രമല്ല പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ മേൽ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ രീതികളിലും നിർവ്വഹണ ഏജൻസിയുമായി തദ്ദേശഭരണ സ്ഥാപനം കരാർ വെക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതും, സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേററ് ലഭ്യമാകുന്നതിനു മുമ്പ് തന്നെ മുൻകൂർ തുക നിർവ്വഹണ ഏജൻസിക്ക് കൈമാറിയതും പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിലെ വീഴ്ചകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-30 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - അപാകതകൾ

ജില്ലാ സാമൂഹ്യ നീതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നിർവ്വഹണം നടത്തിയ പദ്ധതിയിലുൾപ്പെടുത്തി ശരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ചെലവ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 34/18 |
| അടങ്കൽ | 11309500/- |
| ഫണ്ട് | വികസനം (ജനറൽ) |
| ചെലവ് | 11309430/- |
| ബിൽനം, തിയ്യതി | 1/18 / 24.11.2017 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിലൊന്നായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ വിതരണം ചെയ്ത തുക ഗുണഭോക്താക്കൾക്ക് മുഴുവൻ തുക നൽകാൻ പര്യാപ്തമല്ല. പല ഗ്രാമപഞ്ചായത്തുകൾക്ക് ഈ തുക മാർച്ച് 30 ാം തീയതി കൈമാറിയിട്ടുണ്ട്. അതിനാൽ ഈ തുക വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള ധനസഹായം പൂർണ്ണമായും ലഭിക്കാതിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ വിഭാഗങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ജില്ലാ പഞ്ചായത്ത് സംയുക്ത പദ്ധതികൾ തയ്യാറാക്കുമ്പോൾ ഓരോ ഗ്രാമപഞ്ചായത്തുമായിബന്ധപ്പെട്ട് ഇതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച ശേഷം മതിയായ മുന്നൊരുക്കങ്ങൾ നടത്തിയാണ് പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്.എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടില്ല.

2. വിവിധ ഗ്രാമ പഞ്ചായത്തുകൾക്കായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്ക് എത്ര തുക വീതം കൈമാറി എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ഫയലിൽ ഇല്ല. മാത്രമല്ല കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. ജില്ലാപഞ്ചായത്ത് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. സംയുക്ത പദ്ധതികൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ സംബന്ധിച്ച് ആവശ്യമായ ചർച്ചകളും, നിർദ്ദേശങ്ങളും സ്റ്റാൻഡിംഗ് കമ്മിറ്റിയോഗങ്ങളിൽ നടന്നിട്ടില്ല.

4. പല പഞ്ചായത്തുകളുമായി വെച്ച സംയുക്ത പ്രോജക്ടിന്റെ ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ പകുതി തുക മാത്രമേ നൽകിയിട്ടുള്ളൂ. അതിനാൽ ഗുണഭോക്താക്കൾക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുക മുഴുവൻ നൽകാൻ പല പഞ്ചായത്തുകൾക്കും സാധിച്ചിട്ടില്ല. അതിനാൽ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-31 ഔദ്യോഗിക വാഹനങ്ങളിലെ ഡ്രൈവർമാർക്ക് ടി എ നൽകിയതിൽ -യാത്രാബത്ത

<u>പരിധി പാലിച്ചിട്ടില്ല-</u>

കേരള സർവ്വീസ് റൂൾ യാത്രാബത്ത ചട്ടം 107,110 പ്രകാരം ഔദ്യോഗിക വാഹനങ്ങളിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരുടെ യാത്രാബത്ത പ്രതിമാസ പരിധി, ത്രൈമാസ പരിധി ആ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥന് ബാധകമായ പരിധിയുടെ 50%ൽ കവിയരുത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പരിധി ഔദ്യോഗിക വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ബാധകമല്ല. എന്ന് ജി ഒ (പി ) നമ്പർ 296/07 ധന. തീയതി 10.07.2007 വ്യക്തമാക്കിയിട്ടുണ്ട്. അതായത് സ്ഥിരമായുള്ള ഡ്രൈവർമാർക്ക് അനുവദനീയമായ യാത്രാബത്ത അവർക്ക് അനുവദിക്കാവുന്ന യാത്രാബത്തയുടെ മാസപരിധി/ ത്രൈമാസപരിധിയുടെ 50% ൽ പരിമിതപ്പെടുത്തേണ്ടതില്ല. എന്നാൽ ജില്ലാപഞ്ചായത്തിൽ താൽക്കാലികമായി നിയമിക്കപ്പെട്ട ഡ്രൈവർമാർക്ക് യാത്രാബത്ത പരിധി ബാധകമാക്കാതെയാണ് യാത്രാബത്ത നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| യാത്രചെയ്ത ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | വൗച്ചർ നമ്പർ | യാത്ര നടത്തിയ മാസം | നൽകിയ യാത്ര ബത്ത | അനുവദനീയമായ യാത്ര ബത്ത | അധികം നൽകിയ തുക |
|---|---|---|---|---|---|
| അഖിൽ ദത്ത് | 21700134 dt 16/5/17 | 1/2017<br>2//2017<br>3/2017 | 3375<br>3125<br>3125 | 4410 | 5215 |
| ,, | 21700403 dt 14/8/17 | 4/2017<br>5/2017<br>6/2017 | 3500<br>4000<br>3625 | 4410 | 6715 |
| ,, | 21700622 dt 27/10/17 | 7/2017<br>8/2017<br>9/2017 | 3625<br>3875<br>3750 | 4410 | 6840 |
| സത്യൻ കെ | 21700134 dt 16/5/17 | 1/2017<br>2/2017<br>3/2017 | 1760<br>2240<br>2720 | 4410 | 2310 |
| ,, | 21700450 dt 31/8/17 | 4/2017<br>5/2017<br>6/2017 | 1600<br>2720<br>2400 | 4410 | 2310 |
| ,, | 21700450 dt 31/8/17<br>21700886 dt 15/1/18 | 7/2017<br>8/2017<br>9/2017 | 2080<br>2400<br>1760 | 4410 | 1830 |

ഡ്രൈവർമാർക്ക് അനുവദിച്ച യാത്രബത്ത അനുവദനീയമായ പരിധിയിലധികരിച്ച് നൽകിയതിന് അടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടി പ്രകാരം ശ്രീ .അഖിൽദത്തിൽ നിന്നും 18770 രൂപയിൽ ഈടാക്കാൻ അവശേഷിക്കുന്ന 8075/- രൂപയും ശ്രീ. സത്യൻ.കെ യിൽ നിന്നും ഈടാക്കാനുള്ള 6450 /- രൂപയും കൂടി ഈടാക്കി അറിയിക്കേണ്ടതാണ് .

## 3-32 <u>പ്രോക്യൂർമെന്റ് മാന്വൽ നിർദ്ദേശങ്ങൾ അവഗണിച്ചു</u>

നിർവ്വഹണഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചല്ല. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്വർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും, കമ്മിറ്റി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്വർമെന്റ് ടീമിനെ ചുമതല പ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്വർമെന്റ് ടീം ടെണ്ടർ

ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുകനല്കുന്നു. എന്നാൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ/നേരിട്ടുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയാണ് ചെയ്യുന്നത്. ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോ ഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

സാനിട്ടറി നാപ്കിൻ ഇൻസിനേറ്റർ

ജില്ലാ വനിതാ ക്ഷേമ ഓഫീസർ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള 44 ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് നാപ്കിൻ വെൻഡിങ്ങ് മെഷീനും ഇൻസിനേറ്ററും വാങ്ങിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിനു കീഴിലുള്ള വടകരയിലെ ഗവ. ഫാഷൻ ടെക്നോളജി ഇൻസ്റ്റിട്യൂട്ട് സൂപ്രണ്ട് നാപ്കിൻ ഇൻസിനേറ്റർ മാത്രമായി വാങ്ങിയിട്ടുണ്ട്. വനിതാ ക്ഷേമ ഓഫീസറുടെ പ്രോജക്ടിൽ തന്നെ ഉൾപ്പെടുത്തി വാങ്ങുന്നതിന് പകരം GFID ക്ക് പ്രത്യേകമായി ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതിനാൽ താഴെ പറയും വിധം വില വ്യത്യാസമുണ്ടായി.

ഇൻസിനേറ്റർ മാത്രമാണ് പൊതുവായി വാങ്ങിയതെന്നതിനാൽ ആയതിന്റെ വില മാത്രമാണ് താരതമ്യം ചെയ്തത്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇനം | ടെണ്ടർ ലഭിച്ച സ്ഥാപനം | വാങ്ങിയ എണ്ണം | വില വിവരം | പർചേസ് കമ്മറ്റി അംഗീകരിച്ച വിവരം | ഭരണ സമിതി അംഗീകരിച്ച വിവരം |
|---|---|---|---|---|---|---|
| വനിതാ വികസന ഓഫീസർ | സാനിട്ടറി നാപ്കിൻ ഇൻസിനേറ്റർ | മരിയ ഹൈജിൻ സൊല്യൂഷൻ | 88 | 16852.40+ 5%vat = 17695/- | 27.4.17 | 25.7.17 61/17(11) |
| സൂപ്രണ്ട് ജിഐഎഫ്ഡി | -ടി | ബ്ലേസ് ഹൈജിനിക് ലിമിറ്റഡ് | 1 | 33500 +6030 = 39530/- | ഫയലിൽ ലഭ്യമല്ല | 21.10.17 12/17 |

പ്രത്യേകം ടെണ്ടർ /ക്വട്ടേഷൻ നടപടികൾ സ്വകരിച്ചതിനാൽ ഒരേ ആവശ്യത്തിന് സമാന സ്വഭാവമുള്ള ഉൽപ്പന്നത്തിന് 21835/- രൂപ അധികം നൽകേണ്ടി വന്നു.

കൂടാതെ കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ 16.1.2017 ലെ 93/2017 EE 11 കത്ത് പ്രകാരം സാനിട്ടറി നാപ്കിൻ വെൻഡിങ്ങ് മെഷീൻ, ഇൻസിനേറ്റർ എന്നിവ സ്ഥാപിക്കുന്നതിനുള്ള സ്ഥാപനമായി ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിനെ അംഗീകരിച്ചിട്ടുണ്ട്. മേൽ സ്ഥാപനവുമായി ഇക്കാര്യത്തിൽ കത്തിടപാടുകൾ നടത്തിയിട്ടില്ല.

കമ്പ്യൂട്ടറുകൾ

ജില്ലാ പഞ്ചായത്തിനു കീഴിലുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ കമ്പ്യൂട്ടറുകൾ വാങ്ങിയതിന് പ്രത്യേകം പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കുകയും പ്രത്യേകമായി തന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ സ്ഥാപനത്തിനും ആവശ്യമായ കമ്പ്യൂട്ടർ സ്പെസിഫിക്കേഷനുകൾ സമാഹരിച്ച് ഒരു ടെണ്ടർ നടപടി മാത്രം എടുത്തിരുന്നെങ്കിൽ വിലയിൽ മാറ്റം ഉണ്ടാവുമായിരുന്നു. വിശദ വിവരം താഴെ പറയുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇനം | ടെണ്ടർ ലഭിച്ച സ്ഥാപനം | വാങ്ങിയ/ വാങ്ങേണ്ട എണ്ണം | വില വിവരം/ ആകെ തുക | പർചേസ് കമ്മറ്റി അംഗീകരിച്ച വിവരം | ഭരണ സമിതി അംഗീകരിച്ച വിവരം |
|---|---|---|---|---|---|---|
| സൂപ്രണ്ട് ജിഐഎഫ്ഡി, കോഴിക്കോട് | കമ്പ്യൂട്ടർ core i5 window 10 8 GB ram 1 tb memory 18.5” LED | M/s ഡിബ്രെയിൻസ് ഇൻഫോ സിസ്റ്റംസ് കോഴിക്കോട് | 7 | 36977+ 18%gst 305431 | 27.4.17 | 25.7.17 61/17(11) |

| | | | | | | |
|---|---|---|---|---|---|---|
| | monitor | | | | | |
| സൂപ്രണ്ട് ജിഐഎഫ്ഡി, വടകര | Core i5 4GBram 500GB 18.5"Monitor | കെൽട്രോൺ | 2 | 49500 | | |
| ഗവ.കൊമേ ഴ്സ്യൽ ഇൻസ്റ്റിട്യൂട്ട് കൊയിലാണ്ടി | Dual core 4GB 500GB 18.5"Monitor | കെൽട്രോൺ | 10 | 23647.62 +5% vat 248300 | | |
| സർക്കാർ സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ (ഉപ ജില്ലാവിദ്യാഭ്യാസ ഓഫിസർ) | Dual core 4GB 500GB 18.5"Monitor | ഐഡിയൽ സിസ്റ്റംസ് തിരുവനന്തപുരം | 164 | 24399 3999960 | 167/16 15.2.17 | 17/17 15.2.17 |
| തെങ്ങിൻ തൈ ഉൽപാദന കേന്ദ്രം തിക്കോടി | Core i3 4 GB, 500 GB 18.5"Monitor | ഡാറ്റാ ഹാർഡ് ഇൻഫോ സിസ്റ്റം | 1 | 36500 | | |
| ജില്ലാ കൃഷിത്തോട്ടം കൂത്താളി | Core i3 4 GB, 1 TB 18.5"Monitor | അഡോണ ടെക്നോളജിസ് | 1 | 32500 | 17/17 28.9.17 | |

ഫാഷൻ ടെക്നോളജി ഇൻസ്റ്റിട്യൂട്ടുകൾ

ഒരേ രീതിയിലുള്ള സ്ഥാപനങ്ങളിലേക്ക് ഒരേ ആവശ്യത്തിന് സാധനങ്ങൾ വാങ്ങിയതിൽ വ്യത്യസ്ത നിരക്കുകൾ നല്കി.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇനം | ടെണ്ടർ ലഭിച്ച സ്ഥാപനം | വാങ്ങിയ എണ്ണം | വില വിവരം |
|---|---|---|---|---|
| സൂപ്രണ്ട് ജിഐഎഫ്ഡി കോഴിക്കോട് | Poplin cloth | Monal trading | 700m | 58.90/m 41230 |
| | Printed cloth | | 700m | 74.90/m 52430 |
| | Mull | | 500m | 39.90/m 19950 |
| സൂപ്രണ്ട് ജിഐഎഫ്ഡി വടകര | Poplin cloth | EJ brothers | 300m | 48.50/m 14550 |
| | Printed cloth | | 200m | 68/m 13600 |
| | Mull | | 200m | 48/m 9600 |

മേൽ വിവരിച്ച പ്രകാരം ഒരേയിനം സാധനങ്ങൾക്ക് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പ്രത്യേകം ടെണ്ടർ വിളിച്ചതു കാരണം വിവിധ നിരക്കുകളിൽ തുക നൽകേണ്ടി വന്നു. പ്രോക്യൂർമെന്റ് കമ്മിറ്റിയും അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തി. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(36) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-33 സർക്കാർ അനുമതിയില്ലാതെ നിയമനം നടത്തുന്നു - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

നിർവ്വഹണം - ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം)

(1) പ്രോജക്ട് - ആയുർയോഗ വയോജനങ്ങൾക്ക് 780/18

അടങ്കൽ - 230520/-
ചെലവ് – 174065/-

പ്രോജക്ട് ലക്ഷ്യം - വാർദ്ധക്യ കാല ശാരീരിക മാനസിക ആരോഗ്യ പ്രശ്നങ്ങളെയും ജീവിത ശൈലീ രോഗങ്ങളെയും നിയന്ത്രിക്കുക വഴി മെച്ചപ്പെട്ട വാർദ്ധക്യ കാലം പ്രദാനം ചെയ്യൽ

പ്രോജക്ട് അംഗീകാരം - 10/17.3.17 ഡോ. അനിത ജേക്കബ് ഹെൽത്ത് ഡയറക്ടർ

2. ആയുർയോഗ വനിത 746/18

അടങ്കൽ - 451235/- രൂപ
ചെലവ് – 420901/-

പ്രോജക്ട് ലക്ഷ്യം - വീട്ടമ്മമാർക്ക് ആയുർവേദ ജീവിത വീക്ഷണം, ഭക്ഷണക്രമം, യോഗ എന്നിവയിൽ പരിശീലനം നൽകുക

ഒന്നാമത്തെ പ്രോജക്ടിനായി 12.12.2017 ന് നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ഒരു സ്പെഷ്യലിസ്റ്റ് ഡോക്ടറേയും (1365/- രൂപ നിരക്കിൽ)ഒരു യോഗ പരിശീലകയേയും ( 800 രൂപ നിരക്കിൽ) നിയമിക്കുകയും ആയവർ 19.12.2017 ന് പൂർവ്വാഹ്നത്തിൽ എടച്ചേരി ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. മേൽ പദ്ധതിയുടെ ഉദ്ഘാടനം 2018 ഫെബ്രുവരി 6 ന് പയ്യോളി മുനിസിപ്പൽ ഹാളിൽ വച്ച് നടന്നു.

രണ്ടാമത്തെ പ്രോജക്ടിനായി 12.12.2017 ന് നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ഒരു സ്പെഷ്യലിസ്റ്റ് ഡോക്ടറടക്കം രണ്ടു ഡോക്ടർമാരെയും (1365/- രൂപ നിരക്കിൽ)ഒരു യോഗ പരിശീലകയേയും ( 800 രൂപ നിരക്കിൽ) നിയമിക്കുകയും ആയവർ 19.12.2017 ന് പൂർവ്വാഹ്നത്തിൽ എടച്ചേരി ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ പ്രോജക്ടിന്റെ പരിശീലകർക്കുള്ള പരിശീലനം 2018 ജനവരി 11,12 തിയ്യതികളിലായി കോട്ടക്കൽ ആയുർവേദ കോളജിൽ വച്ച് നടക്കുകയും മേൽ രണ്ടു പ്രോജക്ടുകൾക്കായി നിയമിച്ച 5 പേരും വിവിധ ആയുർവേദ ആശുപത്രികളിൽ നിന്നുള്ള 8 ഡോക്ടർമാരും അതിൽ പങ്കെടുക്കുകയും ചെയ്തു.

മേൽ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന കാര്യങ്ങൾ വിശദീകരിച്ചിട്ടില്ല.

1. നിലവിലില്ലാത്ത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല.
2. വികസന ഫണ്ടിൽ നിന്നും ശമ്പളം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കരുതെന്ന സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും മുൻകൂർ അനുമതിയില്ലാതെ പ്രോജക്ട് നടപ്പാക്കി.
3. മേൽ പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എങ്ങനെയെന്ന് വ്യക്തമല്ല.
4. രണ്ടു പ്രോജക്ടുകൾക്കുമായി നിയമിച്ച അഞ്ച് പേരും കോഴിക്കോട് ജില്ലയുടെ ഏതാണ്ട് വടക്കേയറ്റത്ത് കിടക്കുന്ന എടച്ചേരിയിലാണ് ജോലിയിൽ പ്രവേശിച്ചത് . ഏതൊക്ക സ്ഥലത്തു വച്ചാണ് പരിശീലനം നടത്തുന്നതെന്നോ ഏതൊക്ക തിയ്യതിയിൽ നടത്തുമെന്നോ ഉള്ള രേഖകളില്ല.
5. ഗുണഭോക്താക്കൾക്കുള്ള ഏറ്റവും നല്ല സേവനം നൽകുന്നതിനുള്ള പരിശീലകർക്കുള്ള പരിശീലനം നടത്തിയത് 2018 ജനവരി 11,12 തിയ്യതികളിലാണ്. ആയതിന് ശേഷം മാത്രമാണ് പ്രോജക്ട് പ്രവർത്തനം ആരംഭിക്കുന്നതെന്നിരിക്കേ (പദ്ധതി ഉദ്ഘാടനം ചെയ്യുന്നത് നിയമനം നടന്ന് ഏതാണ്ട് രണ്ട് മാസത്തിനു ശേഷമാണ്) നിയമിച്ച ഉദ്യോഗസ്ഥർക്ക് 19.12.2017 മുതൽ തന്നെ ദിവസ വേതനം നല്കി.
6. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമങ്ങളിലെ 177(1) വകുപ്പിലെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുന്ന ജില്ലാപഞ്ചായത്തിന്റെ ചുമതലകളിൽ മേൽ പ്രവർത്തനം ഉൾപ്പെടുന്നില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ആയുഷിന്റെ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് തലത്തിലാണ് നടത്തേണ്ടത്.

മുൻകൂർ അനുമതിയില്ലാതെ പദ്ധതി മാർഗ്ഗരേഖയിൽ നിന്നും നിയമപരമായ ചുമതലകളിൽ നിന്നും വ്യതിചലിച്ചതിനും മറുപടി ലഭിച്ചിട്ടില്ല ചെലവു തുക 594966/- (174065 + 420901) തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(37) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-34 ഹൈടെക്ക് ഡയറി ഫാം - ഡോക്ടർക്ക് വിവിധ നിരക്കിൽ ശമ്പളം നല്കുന്നു

പ്രോജക്ട് - ഹൈടെക്ക് ഡയറിഫാം ആവർത്തന ചെലവുകൾ
പ്രോജക്ട് നമ്പർ – 662/18

അടങ്കൽ 20 ലക്ഷം തനത് ഫണ്ട്

ചെലവ് – 640160/-

നിർവ്വഹണം - ഫാം സൂപ്രണ്ട്, കൂത്താളി ജില്ലാ കൃഷിത്തോട്ടം

കൂത്താളി ജില്ലാ കൃഷിത്തോട്ടത്തോടനബന്ധിച്ചുള്ള ഹൈടെക്ക് ഡയറി ഫാമിലേക്ക് കാലിത്തീറ്റ, വൈക്കോൽ, പശുക്കൾക്ക് മരുന്ന്, തീറ്റപ്പുല്ല്, ഡോക്ടർക്ക് ശമ്പളം എന്നിവയാണ് പ്രോജക്ടിൽ വകയിരുത്തിയത്.

ഡോക്ടറെ നിയമിച്ചതിന്റെയും വേതനം നിർണ്ണയിച്ചതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, സ.ഉ. (എം.എസ്.) നമ്പർ 80/2017ത.സ്വ.ഭ.വ. 03.04.2017 ഖണ്ഡിക 12.2 പ്രകാരം അനുവദിക്കപ്പെട്ട തസ്തികയിൽ അല്ല നിയമനം നടത്തി ശമ്പളം നൽകിയിരിക്കുന്നത്. നിലവിലില്ലാത്ത തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയതായ വിവരം ഫയലിൽ ലഭ്യമല്ല.

18 പശുക്കളെ പരിചരിക്കാൻ മാത്രം ഒരു വെറ്ററിനറി ഡോക്ടറെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കാതെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(38) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-35 പട്ടിക ജാതി വനിതകൾക്ക് തൊഴിൽ പരിശീലനം - അപാകതകൾ (SCDO)

പ്രോജക്ട് 1158/18

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ 21,00,000 വികസന ഫണ്ട് (എസ് സി പി)

2,10,000 ഗുണഭോക്തൃ വിഹിതം

23,10,000
ചെലവ് – 2100000/-

അഭ്യസ്ത വിദ്യരായ പട്ടികജാതിക്കാരായ സ്ത്രീകൾക്ക് വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് കായികശേഷി വികസനവും സാങ്കേതിക പരിജ്ഞാനവും വർദ്ധിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. പ്രോജക്ട് പ്രകാരം സെയിൽസ് ആന്റ് ഹോസ്പിറ്റാലിറ്റി, അക്കൗണ്ടിങ് ആന്റ് ഓഫീസ് ഓട്ടോമേഷൻ, ടെയിലറിങ് ആന്റ് ഫാഷൻ ഡിസൈനിങ്, തൈക്കോണ്ടെ, കരാട്ടെ, വോളിബോൾ , പിഎസ് സി കോച്ചിംഗ് എന്നിവയിലാണ് നിപുണത നല്കേണ്ടത്. പരിശീലനം നൽകിയ സ്കിൽ ഡെവലപ്മെന്റ് സെന്ററുമായുണ്ടാക്കിയ കരാർ പ്രകാരം ദിവസം ശരാശരി 6.5 മണിക്കൂർ വീതം 200 മണിക്കൂർ തൊഴിൽ പരിശീലനം, 75 മണിക്കൂർ മൃദു നൈപുണികൾ, 60 മണിക്കൂർ കായിക പരിശീലനം എന്നിവയടക്കം ആകെ 315 മണിക്കൂർ പരിശീലനമാണ് ഉദ്ദേശിച്ചത്. 25000 രൂപ വീതം 84 പേർക്ക് 21 ലക്ഷം രൂപയും കൂടാതെ ഗുണഭോക്തൃവിഹിതം 250000 രൂപയും ആണ് ഫീസ്. ആയതിൽ ഗുണഭോക്തൃവിഹിതം സ്ഥാപനം എഴുതി തള്ളിയതിനാൽ 21 ലക്ഷം രൂപ മാത്രം നൽകിയാൽ മതിയെന്നും കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പ്രസ്തുത കോഴ്സിന് എത്രയാണ് ഫീസ് എന്ന് സ്കിൽ ഡെവലപ്മെന്റ് സെന്റർ നിർണ്ണയിച്ച് നൽകിയില്ല. 10% ഗുണഭോക്തൃ വിഹിതം ഈടാക്കണമെന്നിരിക്കെ ആയത് ജില്ലാ പഞ്ചായത്തിന്റെ തന്നെ സ്ഥാപനമായ സ്കിൽ ഡെവലപ്മെന്റ് സെന്റർ ഒഴിവാക്കി കൊടുത്തു. ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതില്ലെന്ന് തീരുമാനമെടുക്കാൻ സ്കിൽ ഡെവലപ്മെന്റ് സെന്ററിനുള്ള ആധികാരികത വ്യക്തമാക്കിയില്ല. പരിശീലനാർത്ഥികളെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. പരിശീലനത്തിന് മാത്രമായി പ്രോജക്ട് തയ്യാറാക്കിയതിന് വിശദീകരണം നല്കിയിട്ടില്ല. പരിശീലനം നല്കിയതിന്റെ കൃത്യമായ വിവരം ലഭ്യമല്ല.

സ്ഥാപനവുമായി നടത്തിയ കത്തിടപാടുകളിൽ വ്യാപകമായ വൈരുദ്ധ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

(1) 12.1.2018 ലെ സ്കിൽ ഡെവലപ്മെന്റ് സെന്റർ ഡയറക്ടറുടെ കത്ത് പ്രകാരം പരിശീലനം 1.12.2018 ന് ആരംഭിച്ചതായും ആകെ ഫീസ് തുകയുടെ 50% അനുവദിക്കണമെന്നും ആവശ്യപ്പെട്ടു.

(2) 12.1.2018 ൽ പഠനാർത്ഥികളുടെ ലിസ്റ്റ് സ്കിൽ ഡെവലപ്മെന്റ് സെന്ററിന് കൈമാറിയതായി അറിയിച്ചു.

യഥാർത്ഥത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെങ്ങിനെയെന്നും സ്കിൽ ഡെവലപ്മെന്റ് സെന്ററിന് ഗുണഭോക്തൃ ലിസ്റ്റ് കൈമാറിയതെന്നാണ് എന്നും കോഴ്സിനായി എത്ര പേർ സ്കിൽ ഡെവലപ്മെന്റ് സെന്ററിൽ ഹാജരായി എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ പരിശീലന പരിപാടി മൂലം തൊഴിൽ ലഭിക്കാനുള്ള സാഹചര്യം എങ്ങിനെയാണെന്നും വ്യക്തമാക്കിയിട്ടില്ല. തൊഴിൽ ലഭിക്കുമെന്ന് ഉറപ്പില്ലാതെ പരിശീലനം മാത്രം നൽകിയതിനാൽ പദ്ധതി ലക്ഷ്യത്തിലെത്തിയില്ല. പരിശീലനം ലഭിച്ച എത്ര പേർക്ക് ജോലി ലഭിച്ചു എന്ന രീതിയിൽ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

രേഖകൾ പൂർണ്ണമാക്കി അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(41) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-36 കേരളോൽസവം - മുൻകൂർ നല്കിയ തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല

2017 – 18 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 654 /18 |
| പ്രോജക്ട് | കേരളോൽസവം |
| വകയിരുത്തിയ തുക | 220000 രൂപ |
| ചെലവഴിച്ച തുക | 220000 രൂപ |
| ഫണ്ട് | തനത്ഫണ്ട് |
| ഭരണാനുമതി | 63/17 തിയ്യതി 21.8.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |

ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ചെക്ക് നമ്പർ /

തിയ്യതി തുക (രൂ)

1876732

03.11.2017 10000

1876759

15.11.17 140000 രൂ

1876760

24.11.17 70000 രൂ

മേൽ തുകകൾ മുൻകൂർ നല്കിയതായാണ് കാണുന്നത്. മുൻകൂർ നൽകിയത് ആർക്കൊക്കെയാണെന്നും എന്താവശ്യത്തിനാണെന്നതും അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങളും അറിയിക്കേണ്ടതാണ്.

## 3-37 തൂണേരി ബ്ലോക്ക് പഞ്ചായത്ത് - വയോജന സേവാ കേന്ദ്രം സ്ഥാപിക്കൽ - എല്ലാ നടപടിക്രമങ്ങളും പൂർത്തിയായെങ്കിലും ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറി നല്കിയില്ല

ജില്ലാ സാമൂഹ്യനീതി ഓഫീസർ, 2017 -18 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 1188 / 18 |
| പ്രോജക്ട് | തൂണേരി ബ്ലോക്ക് പഞ്ചായത്ത് - വയോജന സേവാ കേന്ദ്രം - തുക കൈമാറൽ |
| വകയിരുത്തിയ തുക | 15 ലക്ഷം രൂ |
| ചെലവഴിച്ച തുക | ഇല്ല |
| ഫണ്ട് | വികസനഫണ്ട് |
| ഭരണാനുമതി | 74/17 തിയ്യതി 20.10.17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ജില്ല സാമൂഹ്യനീതി ഓഫീസർ |

മേൽ പ്രോജക്ടിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചതാണ്. 16.2.2018 ലെ നോട്ട് ഫയലിലും തുക കൈമാറാവുന്നതാണെന്ന് രേഖപ്പെടുത്തിയതായും ആയതിനു അംഗീകാരം ലഭിച്ചതായും കാണുന്നു. എന്നിരുന്നാലും തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടില്ല. കാലതാമസം വിശദീകരിക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(50) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-38 ഗോത്രായനം - വെള്ളിയോട് ഹയർ സെക്കണ്ടറി സ്കൂൾ വാഹനം വാങ്ങൽ - സർക്കാർ

<u>ഉത്തരവ് ലഭ്യമാക്കിയിട്ടില്ല</u>

ജില്ലാ പഞ്ചായത്ത് സെക്രട്ടറി 2017-18 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 916 / 18 |
| പ്രോജക്ട് | ഗോത്രായനം-വെള്ളിയോട് ഹയർ സെക്കണ്ടറി സ്കൂൾ വാഹനം വാങ്ങൽ |
| വകയിരുത്തിയ തുക | 1931772 രു |
| ചെലവഴിച്ച തുക | 1815000 രു |
| ഫണ്ട് | ടി.എസ്.പി |
| ഭരണാനുമതി | 50 / 17 തിയ്യതി 23.05.2017 |
| വിതരണക്കാരൻ | PSN Automotive Marketing Pvt Ltd ,<br>Kannur Road , Calicut |
| ഇൻവോയ്സ് നമ്പർ | 111 / 2.6.2017 |
| ഇൻവോയ്സ് തുക | 1815000 രു |
| വാങ്ങിയ വാഹനം | Eicher 51 seater school bus. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ല പഞ്ചായത്ത് സെക്രട്ടറി. |

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ കൂടി പഠിക്കുന്നതിനാൽ TSP ഫണ്ട് മാത്രം ഉപയോഗിച്ച് സ്കൂളിലേക്ക് സ്കൂൾ ബസ് വാങ്ങുന്നതാണ് പദ്ധതി. നടപടിക്ക് 1.3.2017 ലെ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം (ഇനം 49 ) പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ അനുമതി ഉത്തരവ് ലഭ്യമാക്കിയിട്ടില്ല . ആയത് ഹാജരാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം സർക്കാർ ഉത്തരവായി കണക്കാക്കിയാണ് പദ്ധതി നടപ്പാക്കിയത് എന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിനായി അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്നുമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്. ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(47) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-39 <u>പുറക്കാട്ടിരി ആയുർവ്വേദ ആശുപത്രി , ജില്ല ആയുർവ്വേദ ആശുപത്രി എന്നിവക്ക് മരുന്ന് വാങ്ങൽ പദ്ധതി - നടപ്പാക്കിയതിലെ അപാകത</u>

2017 – 18 വർഷത്തിലെ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 36 |
| പ്രോജക്ടിന്റെ പേര് | പുറക്കാട്ടിരി ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തിയ തുക | 10 ലക്ഷം രു |
| ചെലവഴിച്ച തുക | 10 ലക്ഷം രു |
| ഫണ്ട് | MG(NR) |
| ട്രഷറി ബിൽ നമ്പർ, തുക | 3/2017-18 , 16.11.17 ,<br>10 ലക്ഷം രു |
| ഫയൽ നമ്പർ | എ – 824 /17 |
| പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്/ ചീഫ് മെഡിക്കൽ ഓഫീസർ ,<br>ജില്ല ആയുർവ്വേദ ആശുപത്രി |
| തുക കൈപ്പറ്റിയത് | മാർക്കറ്റിങ് മാനേജർ ,<br>ഔഷധി, കണ്ണൂർ |

പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. ഔഷധിയിൽ നിന്നും 10 ലക്ഷം രൂപക്കുള്ള കൈപ്പറ്റ് രശീത് ലഭിച്ചിട്ടില്ല.

2. മരുന്നുകൾ വിതരണം ചെയ്തിട്ടില്ല.

3. DMO യുടെ Non Availabilty Certificate ലഭിച്ചിട്ടില്ല.

4. അംഗീകരിച്ച പ്രോജക്റ്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല.

5. മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല .
മേൽ കാരണങ്ങളാൽ 10 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(53) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-40 ജില്ലാ ആയുർവ്വേദ ആശുപത്രിക്ക് സാധനങ്ങൾ / ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതി - നടപ്പാക്കിയതിലെ അപാകത

താഴെപ്പറയുന്ന പ്രോജക്റ്റ് വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 767 /18 |
| പ്രോജക്റ്റ് | ജില്ലആയുർവ്വേദ ആശുപത്രിക്ക് സാധനങ്ങൾ / ഉപകരണങ്ങൾ വാങ്ങൽ |
| വകയിരുത്തിയ തുക | 10 ലക്ഷം രൂ |
| ചെലവഴിച്ച തുക | 182393 രൂ |
| ഫണ്ട് | MG(NR) |
| ഫയൽ നമ്പർ | എ 208 /2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട് / CMO ജില്ലാ ആയുർവ്വേദ ആശുപത്രി |

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ഇനം | എണ്ണം | വിതരണക്കാരൻ | ഇൻവോയ്സ് നം | തുക (രൂ) |
|---|---|---|---|---|
| Bench with back rest (teak wood) 150x30x75 cm | 10 | Sidco ഗവ വുഡ് വർക്ക് ഷോപ്പ് | 92/15.11.17 | 101540 |
| Steel cabinet 198x90x48 cm , guage 20 | 3 | Sidco | Sekkd/17- 18/pi/264/ 11.1.18 | 28197 + 18% GST |
| Steel cabinet with 3 shelves 127x76x43 cm, guage 20 | 1 | Sidco | ടി | 6540+ 18% GST |
| ആകെ | | | | 142530 |

പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. ആകെ 182393 രൂ യുടെ ചെലവുണ്ടെങ്കിലും 142530 രൂപയുടെ ചെലവ് രേഖകൾ മാത്രമേ പരിശോധനക്ക് ലഭിച്ചിട്ടുള്ളൂ.

2. 101540 രൂ , 40990 (ഇനം 2 , 3 ) എന്നിവക്കുള്ള ഉല്പന്നങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

3. 101540 , 40990 എന്നീ തുകകൾക്കുള്ള കൈപ്പറ്റ് രശീതുകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

4. അംഗീകരിച്ച പ്രോജക്റ്റ് രേഖകൾ , പർച്ചേസ് കമ്മിറ്റി മിനുട്സ് എന്നിവയും പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

182393/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(54) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-41 വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങാൻ ധനസഹായം - അപാകതകൾ

പ്രോജക്റ്റ് - 1092/18

നിർവ്വഹണം - പട്ടിക ജാതി വികസന ഓഫീസർ

അടങ്കൽ - 10 ലക്ഷം രൂപ (വികസന ഫണ്ട് - എസ് സി പി)
ചെലവ് – 300000/-

ജില്ലയിലെ അർഹരായ പട്ടിക ജാതി വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങാൻ ധനസഹായം നൽകുന്നതിനാണ് മേൽ പ്രോജക്റ്റ് ലക്ഷ്യമിട്ടത്. ഗുണഭോക്താവ് വാഹനം വാങ്ങുന്നതിനായി ബാങ്ക് വായ്പ ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കുകളിലേക്ക് 50000/- രൂപ വീതം നല്കുന്നതിനാണ് ഉദ്ദേശിച്ചത്. ആയതിനായി നരിക്കുനി ഗ്രാമപഞ്ചായത്തിൽ നിന്നും 4 പേരെയും കുന്ദമംഗലം, കായക്കൊടി എന്നിവിടങ്ങളിൽ നിന്ന് ഒന്നു വീതവും ഗുണഭോക്താക്കളെ കണ്ടെത്തി. ഇവർക്ക് ബാങ്ക് ലോൺ അനുവദിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്ററർ ചെയ്ത വിവരമോ കൃത്യമായി രജിസ്ട്രേഷൻ പുതുക്കുന്ന വിവരമോ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്റ്റ് 3.4.17 ലെ 80/2017/തസ്വഭവ സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകളാണ് നടപ്പാക്കേണ്ടത് എന്നിരിക്കേ പദ്ധതികൾക്ക് ഇരട്ടിപ്പ് വരുന്ന രീതിയിൽ ജില്ലാപഞ്ചായത്ത് ഏറ്റെടുത്തതിന് വിശദീകരണം നൽകിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(44) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-42 മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ മരുന്ന് വാങ്ങുന്നതിനുള്ള പ്രോജക്റ്റ് - വിതരണ ഏജൻസികളുമായി കരാർ വെച്ചില്ല

2017 -18 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 002 / 2018 | | |
| പ്രോജക്റ്റ് | ജില്ല വെറ്ററിനറി കേന്ദ്രം ,<br>ലാബ്, ഫാം എന്നിവിടങ്ങളിലേക്ക് ആവശ്യമായ മരുന്നുകളും റിയേജന്റുകളും ജൈവസുരക്ഷ കെമിക്കലുകളും വാങ്ങൽ | | |
| വകയിരുത്തിയ തുക | 10 ലക്ഷം രൂ | | |
| ചെലവഴിച്ച തുക | 971704/- രൂപ | ട്രഷറി ബിൽ നമ്പർ | തുക (രൂപ) |
| | | DP8/17-18/06.03.2018 | 874217/- |
| | | DP10/17-18/26.03.2018 | 97487/- |
| | | | 971704/- |
| ഫണ്ട് | MG ( NR ) | | |
| ഭരണാനുമതി | 50/17 /23.05.2017 | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ<br>( മൃഗ സംരക്ഷണം ) | | |

ജില്ല വെറ്ററിനറി കേന്ദ്രം , Regional Poultry Farm

ചാത്തമംഗലം , കൂത്താളി ഡയറിഫാം എന്നിവിടങ്ങളിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നതാണ് വിഭാവനം ചെയ്തത് . താഴെപ്പറയുന്ന സ്ഥാപനങ്ങളാണ് മരുന്നുകൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്തത് .

1. Jai Maruthi Associates , Nurani , Palakkad

2. Dynavet , 18/561B , ZC north road . Kozhikode

പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. മരുന്നുകളുടെ Non Availability certificate ലഭ്യമാക്കിയിട്ടില്ല .

2. Dynavet എന്ന സ്ഥാപനത്തിന് 6.12.2017 തിയ്യതിയിലെ ബി 4 – 6955 / 2017 നമ്പർ കത്ത് പ്രകാരം സെലക്ഷൻ നോട്ടീസ് നല്കിയതാണെങ്കിലും പ്രസ്തുത സ്ഥാപനം, ജില്ല പഞ്ചായത്ത് അധികൃതരുമായി കരാർ ഒപ്പിട്ടിട്ടില്ല.
3. മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. 971704/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(46) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-43 വനിതകൾക്ക് വിവിധ തൊഴിൽ പരിശീലനം .-എസ്.ഡി.സി മുഖേന-പ്രൊജക്ട് മാർഗരേഖക്ക് വിരുദ്ധം

പ്രൊ/ജക്ട് നമ്പർ- 1156/18

നിർവഹണം - സെക്രട്ടറി

വകയിരുത്തിയ തുക 2750000

ചെലവുതുക 2375000(ബിൽ നമ്പർ54/26.3.18)

ജില്ലയിലെ ചെറുകിട വ്യാപാര വ്യവസായ മേഖലകളിലും, ചെറുകിട സംരഭങ്ങളിലും, ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ആവശ്യമായിവരുന്ന ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റുമാർ, അക്കൗണ്ടന്റുമാർ എന്നീമേഖലകളിലുള്ള തൊഴിലവസരങ്ങൾ അഭ്യസ്ത വിദ്യരായ വനിതകൾക്ക് ലഭ്യമാക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് ലക്ഷ്യം വച്ച് സ്കിൽ ഡവലപ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കുന്നതാണ് പ്രൊജക്ട്. പ്രൊജക്ട് പ്രകാരം 100 വനിതകൾക്ക്പ്രസ്തുത മേഖലകളിൽ പരിശീലനം നൽകുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടതെങ്കിലും ഗുണഭോക്തൃ വിഹിതം അടവാക്കിയ 95 പേർക്ക് സ്കിൽ ഡവലപ്മെന്റ് സെന്ററിന്റെ കോഴിക്കോട്,നന്മണ്ട, കക്കട്ടിൽ എന്നീ കേന്ദ്രങ്ങളിൽ വെച്ച് പരിശീലനം നൽകിയിട്ടുണ്ട്.പ്രൊജക്ട് പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1 സ.ഉ.(എം.എസ്.) നമ്പർ 80/17 ത.സ്വ.ഭ.വ തി.3.4.17 ഖണ്ഡിക 13 പ്രകാരം സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാത്രമെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങൾ പരിശീലന പരിപാടികൾ ഏറ്റെടുക്കാൻ പാടുള്ളൂ.എന്നാൽ ജില്ലാ പഞ്ചായത്ത് സ്വയം തൊഴിൽ സംരഭങ്ങൾ ഏറ്റെടുത്തതിന്റെ ഭാഗമായിട്ടല്ല പരിശീലനം നടത്തിയിരിക്കുന്നത്.

2 പരിശീലന പരിപാടികൾ ഒരുലക്ഷം/രണ്ട് ലക്ഷം വരുമാന പരിധിക്ക് വിധേയമായി യഥാക്രമം പൊതുവിഭാഗം, പട്ടികജാതി പട്ടികവർഗം ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുക്കേണ്ടതാണ്. എന്നാൽ വിവിധ ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ചു നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വരുമാന പരിധി പരിഗണിക്കാതെയാണ് തൊഴിൽ പരിശീലനം നൽകിയിരിക്കുന്നത്

3 പരിശീലനാനന്തരം തൊഴിൽ സെല്ലുകൾ രൂപീകരിച്ച് അതുവഴി തൊഴിൽദാതാക്കളും തൊഴിൽ അന്വേഷകരും പരസ്പരം ബന്ധിപ്പിക്കുന്നതിന് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നെങ്കിലും ഇത്തരമൊരു പ്രവർത്തനം പരിശീലനാനന്തരം നടപ്പിലാക്കിയതായി കാണുന്നില്ല.

4 ഗ്രാമ/ബ്ലോക്ക/ജില്ലാ പഞ്ചായത്തുകൾക്കുള്ള ജി.ഒ.എം.എസ്. നമ്പർ72/17 ത.സ്വ.ഭ.വ തി. 29.03.17 പദ്ധതി മാർഗരേഖ ഖണ്ഡിക 12.5.3(2) പ്രകാരം ജില്ലാ പഞ്ചായത്തുകൾ തൊഴിൽ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യാൻ നിഷ്കർഷിക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് മാർഗരേഖക്ക് വിരുദ്ധമാണെന്ന് നിർവഹണഉദ്യോഗസ്ഥനായ സെക്രട്ടറി ഒരുഘട്ടത്തിലും ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല. പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട വനിതാവികസനം വർക്കിംഗ് ഗ്രൂപ്പ് ആയത് നിർവഹിച്ചതായി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. ചെലവുതുക 2375000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-44 പട്ടികജാതിക്കാർക്ക് വിദേശ തൊഴിലിന് ധനസഹായം - പ്രോജക്ട് - കൂടുതൽ രേഖകൾ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

ജില്ല പട്ടികജാതി വികസന ഓഫീസർ , 2017-18 വർഷത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 010 / 18 |

| | |
|---|---|
| | |
| പ്രോജക്ട് | പട്ടികജാതിക്കാർക്ക് വിദേശ തൊഴിലിന് ധനസഹായം |
| വകയിരുത്തിയ തുക | 10 ലക്ഷം രൂ |
| ചെലവഴിച്ച തുക | 10 ലക്ഷം രൂപ |
| ഫണ്ട് | എസ്.സി.പി |
| ഭരണാനുമതി | 50/17 തിയ്യതി 23.5.17 |

പ്രോജക്ട് പ്രകാരം 50000/- രൂപ വീതം ധനസഹായം ലഭിച്ച ചില ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെപ്പറയുന്നു.

| ഗുണഭോക്താവ് | റേഷൻ കാർഡ് ഹാജരാക്കിയിട്ടുണ്ടോ | പാസ്പോർട്ട് നമ്പർ | റിമാർക്സ് |
|---|---|---|---|
| അദ്വീദ് ഗോപാൽ.കെ.ചേളന്നൂർ ഗ്രാ.പ | ഇല്ല | K5236429 | UAE മിനിസ്ട്രി ഓഫ് ഇന്റീരിയർ, Dept of immigeration ൽ നിന്നുള്ള work permit no 68612180 പകർപ്പാണ് അപേക്ഷയോടൊപ്പം ഹാജരാ ക്കിയത്. ഇതിൽ permit validity period 4.2.2017 ആണ്. |
| നമിജേഷ് .സി.പി<br>കായണ്ണ ഗ്രാ.പ | ഇല്ല | M3110135 | - |
| ഷാജി. പി<br>മാവൂർ | ഉണ്ട് | M7748024 | കുവൈറ്റ് Gen. .Dept of Residency Affairs ൽ നിന്നുള്ള കത്താണ്<br>(entry visa) ഹാജരാക്കിയത്. ഇതിൽ ആളുടെ പേരൊഴികെ ബാക്കിയെല്ലാം അറബിക് ഭാഷയിലാണ്. തൊഴിൽ വിസയാണോ എന്താണ് ജോലി എന്നതൊന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. |
| റജിൻ ലാൽ.ഒ<br>പേരാമ്പ്ര ഗ്രാ.പ | ഇല്ല | L4888456 | UAE ministry of interior e-visa പ്രകാരം entry permit no 7074086/2016/201 ആണ്. ഇഷ്യൂ തിയ്യതി 27.3.16<br>പ്രാബല്യം 25.5.16 |
| അഖിൽ.വി<br>പടനിലം | ഇല്ല | K6229624 | സൗദിഅറേബ്യയിൽ നിന്നുള്ള വിസയാണ് ലഭിച്ചത് . തിയ്യതി 31.1.17<br>പ്രാബല്യം 90 ദിവസം<br>തൊഴിൽ വിസയാണോ എന്നത് വ്യക്തമല്ല. |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സ.ഉ.(എം.എസ്) 80/2017/തസ്വഭവ തിയ്യതി 03.04.2017 ഖണ്ഡിക 2.15 പ്രകാരമുള്ള നിബന്ധന പാലിച്ചിട്ടുണ്ടോ

എന്നറിയുന്നതിന് മേൽ പട്ടികയിലെ ക്രമനമ്പർ 1,2,4,5 എന്നീ കേസുകളിൽ റേഷൻ കാർഡ് പകർപ്പുകൾ ഹാജരാക്കിയിട്ടില്ല.

2. ക്രമനമ്പർ 4,5 പോലുള്ള കേസുകളിൽ വളരെ ചുരുങ്ങിയ തൊഴിൽ കാലയളവ് ആണുള്ളത് . മുഴുവൻ പേരുടേയും പാസ്പോർട്ടുകളിൽ വിസ പതിപ്പിച്ചത് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ഗുണഭോക്തൃ ലിസ്റ്റുകൾ ഗ്രാമസഭകൾ അംഗീകരിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല.

4. പട്ടികജാതി വകുപ്പിൽ നിന്നും മേൽ പരാമർശിച്ചവർക്ക് ഇതേ ആവശ്യത്തിന് ധനസഹായം ഒന്നും ലഭിച്ചിട്ടില്ല എന്നുള്ളതിന് വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയതായി കാണുന്നില്ല.

അപാകതകൾ വിശദീകരിക്കുകയും ആവശ്യമായ രേഖകൾ ഹാജരാക്കുകയും ചെയ്യേണ്ടതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(58) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-45 ആശ്രയ വൃദ്ധസദനം ചെങ്ങോട്ട്കാവ് അടിസ്ഥാന സൗകര്യ വികസനം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വൃദ്ധസദനത്തിന് പുസ്തകങ്ങൾ വാങ്ങിനൽകുന്നതിന് വേണ്ടി ജില്ലാ സാമൂഹ്യ നീതി ഓഫീസറാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട്നം | 47/18 |
| അടങ്കൽ | 100000/- |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 49502/- |
| ബിൽ നം.തീ. | 12/2.3.2018 |

മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലും, രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ജി.ഒ.(എം.എസ്) നം.80/2017ത.സ്വ.ഭ.വ. തി. 03.04.2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വദ്ധസദനങ്ങൾക്ക് പുസ്തകം വാങ്ങി നൽകുന്നതിന് പരാമർശമില്ല. പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് വികസനഫണ്ട് വിനിയോഗിക്കുന്നത് ശരിയായ നടപടിയല്ല.

2. സർക്കാർ, ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്ന് പത്രപരസ്യം മുഖേനയാണ് പുസ്തകങ്ങൾവാങ്ങേണ്ടതെന്നാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിരിക്കുന്നത് പുസ്തകങ്ങൾ വാങ്ങിയിരിക്കുന്നത് ബുക്ക്മാർക്കിൽ നിന്നോ, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ നിന്നോ അല്ല മറിച്ച് വ്യത്യസ്തരായ മൂന്ന് പ്രസാധകരിൽനിന്നാണ്. കറന്റ് ബുക്ക് ഹൗസ്,ദേശാഭിമാനി ബുക്ക്ഹൗസ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് എന്നിവിടങ്ങളിൽ നിന്ന്.

3. ചെങ്ങോട്ട്കാവ് വൃദ്ധസദനം ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണോ എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ലഭ്യമല്ല.

4. പുസ്തകം വാങ്ങിയതുമായിബന്ധപ്പെട്ട് പ്രക്യൂർമെന്റ് മിനുട്സ്,പുസ്തകങ്ങളുടെ സ്റ്റോക്ക് ആന്റ് ഇഷ്യൂരജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ, കമ്മറ്റിയോഗങ്ങളിൽ ഇത് സംബന്ധിച്ച് ചർച്ചകൾ നടന്നതായോ, തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖ പാലിക്കുന്നുണ്ടന്നത് ഉറപ്പുവരുത്തുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾക്ക് ചെലവ് വരുത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.

## 3-46 മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ ഡ്രിപ്പ് ഇറിഗേഷൻ പ്രോജക്ട് - പാഴ് ചെലവ്

പ്രോജക്ട് -ഡ്രിപ്പ് ഇറിഗേഷൻ 931/17 12/18
അടങ്കൽ വികസന ഫണ്ട് - 200000
തനത് ഫണ്ട് - 100000
300000
നിർവ്വഹണം - ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, കൂത്താളി
അംഗീകാരം - DAF/01/17 1.2.17 സി.ഹരിദാസൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ

ചെലവ് 100000 ബിൽ 2/17-18
173570 3/17-18

കുത്താളി കൃഷി ഫാമിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് ഇരുന്നൂറോളം നല്ലയിനം തെങ്ങിൻ തൈകൾ 2016-17 ൽ വച്ചു പിടിപ്പിച്ചിരുന്നു. തെങ്ങിൻ തൈകൾ നനയ്ക്കുന്നതിനായി ആധുനിക രീതിയിലുള്ള ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം വയ്ക്കുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ആയതിനായി കൃഷി വകുപ്പ് ഒരു ലക്ഷം രൂപ ലഭ്യമാക്കിയിരുന്നു. പ്രവൃത്തി 2017 മാർച്ചിനകം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ വകുപ്പ് അനുവദിച്ച ഒരു ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും( 27.2.2017 ലെ ബി 73/17 നടപടി ക്രമം പ്രകാരം തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് ജില്ലാ പഞ്ചായത്തിന്റെ 716011400000023 എന്ന എസ് ബി അക്കൗണ്ടിൽ നിക്ഷേപിച്ചു.) 2017- 18 ൽ ജില്ലാപഞ്ചായത്തിന്റെ 2 ലക്ഷം രൂപ കൂടി ചേർത്ത് രണ്ട് പാർട്ടായി പൂർത്തിയാക്കുകയും ചെയ്തു. ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ട് എന്ന നിലയിലാണ് തുക ചെലവു കാണിച്ചത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഫാം സൂപ്രണ്ട് ആണെങ്കിലും പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതും ടെണ്ടർ വിളിച്ചതും പ്രവൃത്തി നടപ്പാക്കിയതും കൃഷി വകുപ്പിലെ അസി. എക്സി. എഞ്ചിനീയറായിരുന്നു. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയത് 284 നമ്പർ എം ബുക്ക് പ്രകാരമാണെന്ന് ഫയലിൽ പറയുന്നുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ വർക്ക് ബിൽ പ്രകാരമുള്ള273570 /- രൂപയിൽ ഒരു ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും 173570/- രൂപ വികസന ഫണ്ടിൽ നിന്നും അനുവദിച്ചു. സമാന സ്വഭാവമുള്ള പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നത് അസി. എക്സി. എഞ്ചിനീയറാണെന്നിരിക്കെ മേൽ പ്രോജക്ടിന് രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരുണ്ടായതിന് വിശദീകരണം ലഭ്യമാക്കിയില്ല.

ഓഡിറ്റിനായി ഫാം സന്ദർശിപ്പോൾ മേൽ പദ്ധതി നടപ്പിലാക്കിയ ഫാം പ്രദേശം ഒരു ഭാഗം മുഴവൻ കാടാണെന്നും മുൻവശത്ത് മാത്രം ഉയരത്തിൽ മതിൽ കെട്ടിയിട്ടുള്ളതായും കണ്ടു. 273570/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഡ്രിപ്പ് ഇറിഗേഷൻ ഉപകരണങ്ങളെല്ലാം കാട്ടു പന്നികൾ നശിപ്പിച്ചതായും ബാക്കിയുള്ളവ ചുരുട്ടിക്കെട്ടി വച്ചതായും കണ്ടു. ഡ്രിപ്പ് ഇറിഗേഷനു വേണ്ടിയുള്ള ചെറിയ ഹോസുകളെല്ലാം ഉപയോഗ ശൂന്യമായ നിലയിലാണ്. ഇരുന്നൂറോളം വരുന്ന തെങ്ങിൻ തൈകൾ ഉണങ്ങി നശിച്ചു പോയിട്ടുണ്ട്. ഈ പ്രോജക്ട് ഉദ്ദേശിച്ച നിലയിൽ നടപ്പിലാക്കാൻ കൃത്യമായ പ്ലാനിങ്ങിന്റെ അഭാവത്തിൽ കഴിഞ്ഞില്ല. ഡ്രിപ്പ് ഇറിഗേഷനായും തെങ്ങിൻ തൈകൾ വാങ്ങാനും നടാനുമുള്ള ചെലവ് പാഴ് ചെലവായി മാറി.

മതിയായ സുരക്ഷാ സംവിധാനമൊരുക്കി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്ക് വേണ്ടി വാങ്ങിയ സാധനങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തി അറിയിക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് ഇപ്പോൾ ഡ്രിപ്പ് ഇറിഗേഷനുവേണ്ടി ചെയ്ത പൈപ്പുകൾ നന്നാക്കുകയും നശിച്ചുപോയ തൈകൾക്ക് പകരം പുതിയ തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുപന്നി ശല്യം തടയുന്നതിന് മഞ്ഞൾകൃഷി വിപുലമായി ചെയ്തിട്ടുണ്ട് എന്നുമാണ് മറുപടിയിൽ നൽകിയത്. തെങ്ങിൻതൈകളെയും ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റവും കാട്ടുപന്നികളിൽ നിന്ന് സംരക്ഷിക്കുന്നതിനായി മഞ്ഞൾ കൃഷി ചെയ്യുൽ മാത്രമാണ് പരിഹാരനടപടിയായി സ്വീകരിച്ചിരുക്കുന്നത് എന്നത് ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തുന്നു.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(35) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-47 അസി. എക്സി.എഞ്ചിനിയർ (കൃഷി) നടപ്പിലാക്കിയ പ്രോജക്ടുകൾ - ഡെപ്പോസിറ്റ് വർക്ക് - അപാകത

2017 -18 വർഷത്തിൽ അസി. എക്സി. എഞ്ചിനിയർ (കൃഷി), ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 827 /18 |
| പ്രോജക്ട് | ജില്ലാ കൃഷി ഫാം - കുത്താളി ഡയറി യൂണിറ്റ്- 3 ഫേസ് വയറിങ് |
| വകയിരുത്തിയ തുക | 5 ലക്ഷം രൂ |
| ചെലവഴിച്ച തുക | 5 ലക്ഷം രൂ |
| ഫണ്ട് | MG(NR) |
| ട്രഷറി ബിൽ നമ്പർ ,തുക | DPCB/07/17-18 , 5ലക്ഷം രൂ |
| തുക കൈപ്പറ്റിയ ഏജൻസി | PWD ഇലക്ട്രിക്കൽ വിഭാഗം |
| PWD എസ്റ്റിമേറ്റ് നമ്പർ | 20.11.17 ലെ EL –2- 1778/17 നമ്പർ കത്ത് പ്രകാരമുള്ളത് |

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 5 ലക്ഷം രൂ |

18.1.2018 തിയ്യതിയിൽ മേൽ തുക BIMS മുഖേന കൈമാറിയിട്ടുണ്ട് . എന്നാൽ തുകക്ക് കൈപ്പറ്റ് രശീത് ലഭിച്ചിട്ടില്ല.

കൂടാതെ PWD വിഭാഗവുമായി ജില്ലാ പഞ്ചായത്ത് അധികൃതർ കരാർ ചമച്ചിട്ടില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്. എന്ന ഓഡിറ്റ് പരാമർശത്തിനുള്ള മറുപടിയായി 18-01-2018 ന് ചലാൻ പ്രകാരം തുക അടവാക്കിയതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.പ്രവൃത്തി നടത്തിപ്പിനായി ആ ഈ ഓഫീസുമായി എഗ്രിമെന്റിൽ ഏർപ്പെടാൻ നടപടികൾ സ്വീകരിക്കാൻ പി.ഡബ്ള്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടും പി.ഡബ്ള്യൂ.ഡി യാതൊരുതുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് വർക്കിനായി തുക നൽകുന്നതിനു മുൻപേ നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടാഞ്ഞതാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവർത്തിയുടെ പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(63) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-48 പുതുപ്പാടി - SSF - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

2017 -18 വർഷത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കീഴിലുള്ള പുതുപ്പാടി സ്റ്റേറ്റ് സീഡ് ഫാമിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 736 |
| പ്രോജക്ടിന്റെ പേര് | മാതൃവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ |
| വകയിരുത്തിയ തുക | 1 ലക്ഷം രൂ |
| ചെലവഴിച്ച തുക | 1 ലക്ഷം രൂ |
| ഫണ്ട് | വികസന ഫണ്ട് |
| ട്രഷറി ബിൽ നമ്പർ , തുക | CB1 / 2017-18 , 19.1.18, 1ലക്ഷം രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥ | സീനിയർ അഗ്രി.ഓഫീസർ, പുതുപ്പാടി SSF |

പ്രോജക്ട് പ്രകാരം ഗുണമേൻമയുള്ള തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് മാതൃവൃക്ഷത്തൈകൾ ഫാമിൽ വെച്ചു പിടിപ്പികലാണ് ലക്ഷ്യമിട്ടത്. ആയതിന് വന്ന പ്രധാനചെലവുകൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | കാഷ് ബിൽ | തുക (രൂ) | വിതരണക്കാരൻ , കരാറുകാരൻ |
|---|---|---|---|---|
| 1 | വളം | 6053/22.11.17 | 29900 | മടവൂർ ,SCB |
| 2 | ചെടിച്ചട്ടികൾ | 5385/19.12.17 | 13950 | കേരള സർവ്വോദയ സംഘം , കോഴിക്കോട് |
| 3 | നടീൽ വസ്തുക്കൾ | 003/17-18 25.11.17 | 35000 | IISR ചെലവൂർ |
| 4 | വേസ്റ്റ് ടാങ്ക് | 015 / 6.1.18 | 12000 | ഉദയ, വടകര |
| 5 | വണ്ടി വാടക | - | 2400 | - |
| 6 | പെയിന്റ് | GS649 /15.1.18 | 1900 | Paint House , താമരശ്ശേരി |

പ്രോജക്ട് നടപ്പാക്കിയതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. മേൽ പരാമർശിച്ച പട്ടികയിലെ ക്രമനമ്പർ 1,2,3,4,6 എന്നിവയിൽ കൈപ്പറ്റ് രശീതുകൾ ലഭിച്ചിട്ടില്ല.

2. ക്രമനമ്പർ 5 ലെ ചെലവിന്റെ കാര്യത്തിൽ വണ്ടിയുടെ ട്രിപ്പ് ഷീറ്റ് ലഭ്യമല്ല.

3. ക്രമനമ്പർ 3 ന്റെ കാര്യത്തിൽ IISR ൽ നിന്നും കൈപ്പറ്റിയ തുകക്കുള്ള ഉല്പന്നങ്ങൾ ലഭിച്ചിട്ടില്ല. ഏജൻസിയുമായി കരാർ വെച്ചിട്ടില്ല.

4. പ്രോജക്ടിന്റെ മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

ആവശ്യപ്പെട്ട രേഖകളും വിശദീകരണങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(64) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-49 ഗവ. സ്കൂളുകളിൽ സോളാർ ലൈറ്റ് സ്ഥാപിച്ച പദ്ധതി - അപാകത

2017-18 വർഷത്തിൽ ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം (DDE) ഗവ. സ്കൂളുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനായി താഴെപ്പറയും പ്രകാരം പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 165 /18 |
| പ്രോജക്ട് | ഗവ.സ്കൂളുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ - |
| ഫയൽ നമ്പർ | ഡി4 / 16693 /16 |
| ഭരണാനുമതി | 43/17 തിയ്യതി 26.04.2017 |
| വികസന ഫണ്ടിൽ നിന്നും വകയരുത്തിയ തുക | 587786 രൂ |
| ചെലവഴിച്ച തുക | 587786 രൂ |
| തനത്ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 4 ലക്ഷം രൂ |
| ചെലവഴിച്ച തുക | ഇല്ല |
| ട്രഷറി ബിൽ നമ്പർ ,തുക | 1/2017-18 , 30.06.17,<br>587786 രൂ |
| സോളാർ വിളക്കുകൾ സ്ഥാപിച്ചത് | കെൽട്രോൺ |

ബന്ധപ്പെട്ട ഫയലിന്റെ നോട്ട് ഫയലിൽ 987786 രൂപയാണ് അത്തോളി GHSS ൽ സോളാർ വിളക്കുകൾ സ്ഥാപിക്കാൻ ചെലവായത്. എന്നാൽ ഈ തുകക്കുള്ള കെൽട്രോണിൽ നിന്നുള്ള കാഷ് ബിൽ പരിശോധനക്ക് ലഭിച്ചിട്ടില്ല. അത്തോളി സ്കൂളിൽ 3 ഫേസിൽ 7.5 kw ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് ആണ് സ്ഥാപിച്ചത് ഇതിൽ 4.5 kw ലോഡിലേക്കും 3 kw ബാറ്ററി റീചാർജ്ജ് ചെയ്യുന്നതിനുമാണ് സ്കൂൾ അധികൃതരുമായി സംസാരിച്ചതിൽ, പ്ലാന്റ് കമ്മീഷൻ ചെയ്തെങ്കിലും നിലവിൽ പ്രവർത്തനക്ഷമമല്ല എന്നാണ് അറിയാൻ കഴിഞ്ഞത് . എന്നാൽ പ്ലാന്റിന്റെ 5 വർഷ വാറന്റി കാലയളവ് ഇപ്പോഴും പ്രാബല്യത്തിലുണ്ട്. പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പ്ലാന്റിന്റെ വാറന്റി കാർഡ്, നിലവിലെ അപാകത കെൽട്രോണിൽ അറിയിച്ച രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. പ്രോജക്ട് മോണിറ്ററിങ് റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്, 587785/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(52) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-50 ജില്ലാ പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റ് നിലവിലെ അവസ്ഥ സംബന്ധിച്ച്

(കെ.എസ്.എ.കെ.കെ.ഡി.എസ്.1/459/18/15.03.18 പ്രകാരം പുറപ്പെടുവിച്ച പ്രത്യേക പരിശോധനാ റിപ്പോർട്ടിലെ പ്രസക്ത വിഷയങ്ങൾ)

കോഴിക്കോട് ജില്ലയുടെ സമഗ്രമായ വ്യവസായ പുരോഗതി ലക്ഷ്യമാക്കി കോഴിക്കോട് ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയാണ് ചെറുവണ്ണൂർ-നല്ലളം മിനി വ്യവസായ എസ്റ്റേറ്റ്. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിലെ 2.7964 ഹെക്ടർ ഭൂമി റവന്യൂ വകുപ്പ് വഴി ലാന്റ് അക്വിസിഷൻ പ്രകാരം 11.08.2000 ൽ ജില്ലാപഞ്ചായത്ത് ഏറ്റെടുത്തു. 01.11.2010 മുതൽ ഈ ഗ്രാമപഞ്ചായത്ത് കോഴിക്കോട് നഗരസഭയിൽ ലയിപ്പിച്ചെങ്കിലും എസ്റ്റേറ്റ് ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണുള്ളത്. വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ വ്യവസായ സംരംഭകർക്ക് ഹയർ പർച്ചേസ് വില അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നിയമാവലി സ.ഉ.(സാധാ) നം.1566/07/തസ്വഭവ തീയതി. 31.05.2007 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2.7964 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന വ്യവസായ എസ്റ്റേറ്റ് 45 പ്ലോട്ടുകളായി തിരിച്ച് 40 വ്യവസായ സംരംഭകർക്കായി 2010-11 വർഷം അലോട്ട് ചെയ്തു. ഹയർ പർച്ചേസ് വില പൂർണ്ണമായും അടച്ചുതീർത്ത സംരംഭകർക്ക് ആധാരം അവരുടെ പേരിൽ രജിസ്റ്റർ ചെയ്തു നൽകുന്നതിനും നിയമാവലിയിൽ വ്യവസ്ഥയുണ്ട്. 27.02.2018 ന് എസ്റ്റേറ്റ്

നേരിൽ പരിശോധിച്ചതിൽ, 31 വ്യവസായ സംരംഭങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 22.05.2015 ന് നാടിന് സമർപ്പിച്ച ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏക വ്യവസായ എസ്റ്റേറ്റ് നിലവിലും നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്. 5 പ്ലോട്ടുകളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചില്ല. 3 യൂണിറ്റുകളിൽ കെട്ടിട നിർമ്മാണം പൂർത്തിയായില്ല. ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചുവെങ്കിലും നിലവിൽ ഉൽപാദനം നിർത്തിവെച്ചിരിക്കയാണ്. ഹയർ പർച്ചേസിൽ പ്ലോട്ട് വാങ്ങിയവരും ജില്ലാപഞ്ചായത്തും തമ്മിൽ വ്യക്തമായ കരാറിലേർപ്പെട്ടിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറി, ജില്ലാ വ്യവസായ വികസന ഓഫീസർ, വ്യവസായ സംരംഭകർ, മറ്റ് ഉദ്യോഗസ്ഥ -ജന- പ്രതിനിധികൾ എന്നിവർ ചേർന്ന ഒരു കമ്മിറ്റിയും യോഗം ചേർന്ന് തീരുമാനങ്ങളെടുക്കാറുണ്ട്. എന്നാൽ ഈ തീരുമാനങ്ങളെല്ലാം തന്നെ ഫലപ്രദമായ രീതിയിൽ ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്നില്ല. എസ്റ്റേറ്റിന്റെ ശരിയായ പ്രവർത്തനത്തിന് സർക്കാർ അംഗീകരിച്ച നിയമാവലിയുണ്ടെങ്കിലും കുടിശ്ശിക ഈടാക്കൽ, ഭൂമി തിരിച്ചെടുക്കൽ തുടങ്ങിയവയുടെ കാര്യത്തിൽ ആയതിലെ നിബന്ധനകൾ പാലിക്കപ്പെടുകയോ വ്യവസായ എസ്റ്റേറ്റുകളുടെ പരിപാലന സംരക്ഷണ പ്രവൃത്തികളിൽ ജില്ലാപഞ്ചായത്ത് വേണ്ടത്ര ജാഗ്രത പുലർത്തുകയോ ചെയ്യുന്നില്ല. താഴെ പറയുന്ന ഖണ്ഡികകളിൽ ഇതു സംബന്ധിച്ച വിശദാംശങ്ങളുണ്ട്. വ്യവസായ വികസനത്തിനു വേണ്ടി 2016-17 സാമ്പത്തിക വർഷം 2 കോടി രൂപയും 2017-18 വർഷം 25 ലക്ഷം രൂപയും ജില്ലാപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2016-17 വർഷം തുകയൊന്നും തന്നെ ചെലവഴിച്ചില്ല. 2017-18 വർഷം വകയിരുത്തിയ തുകയ്ക്ക് തയ്യാറാക്കിയ പ്രോജക്ട് നിർവ്വഹണ ഘട്ടത്തിലാണ്. ചെറുവണ്ണൂർ-നല്ലളം മിനി വ്യവസായ എസ്റ്റേറ്റിനെ സംബന്ധിച്ച ജില്ലാ പഞ്ചായത്തിലെയും ജില്ലാ വ്യവസായ വികസന കേന്ദ്രത്തിലെയും ലഭ്യമായ ഫയലുകൾ പരിശോധിച്ചതിന്റെയും വ്യവസായ എസ്റ്റേറ്റ് നേരിൽ സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് താഴെ കൊടുക്കുന്നു.

I)പ്ലോട്ടുകളുടെ തവണസംഖ്യാ കുടിശ്ശിക 2.395 കോടി രൂപ. തുക പിരിച്ചെടുക്കുന്നതിൽ നിയമാനുസൃത നടപടി സ്വീകരിച്ചില്ല.

ചെറുവണ്ണൂർ - നല്ലളം വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ വ്യവസായികൾക്ക് വിൽപനക്കും ഹയർപർച്ചേസിനും നൽകുന്നതിനുള്ള സർക്കാർ അംഗീകരിച്ച നിയമാവലിയിലെ വ്യവസ്ഥ (2) പ്രകാരം ഭൂമിയുടെ വില 31.12.2007 വരെയുള്ള പലിശസഹിതം സെന്റൊന്നിന് 1,31,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. നിയമാവലിയിലെ വ്യവസ്ഥ (14) പ്രകാരം ഭൂമി ലഭിക്കുന്ന അലോട്ടി ആയത് കൈവശപ്പെടുത്തുന്നതിനു മുൻപായി 11ാം വ്യവസ്ഥയനുസരിച്ച് നിശ്ചയിക്കുന്ന വിലയുടെ 20% അടച്ചിരിക്കണം. വിലയുടെ ബാക്കിവരുന്ന 80% തുക 9% വാർഷിക പലിശനിരക്കിൽ 10 വാർഷിക ഗഡുക്കളായി 10 വർഷ കാലപരിധിക്കുള്ളിൽ ജില്ലാപഞ്ചായത്തിൽ അടച്ചുതീർക്കേണ്ടതാണ്. ആദ്യ ഗഡു ഭൂമി കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ ഒരു വർഷം തികയുന്ന ദിവസവും തുടർന്നു വരുന്ന ഓരോ ഗഡുവും അതേ തീയതിക്ക് മുൻപും അടച്ചിരിക്കേണ്ടതാണ് (വ്യവസ്ഥ- 15). ഗഡുക്കൾ കുടിശ്ശിക വരുത്തിയാൽ ആയത് അടവാക്കുന്ന നാൾ വരെ 9% നിരക്കിൽ പലിശ ഈടാക്കുന്നതും വീഴ്ച വരുത്തുന്നപക്ഷം ഓരോ ഗഡുവിനും താമസം വരുത്തിയ ദിവസം മുതൽ തുക അടക്കുന്ന ദിവസം വരെ 2% നിരക്കിൽ പിഴപലിശ ഈടാക്കുന്നതാണ്. വ്യവസായ എസ്റ്റേറ്റിൽ ആകെയുള്ള 45 പ്ലോട്ടുകൾ 40 സംരംഭകർക്കായി വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രത്തിലെ രജിസ്റ്റർ പരിശോധിച്ചതിൽ 31.01.2018 വരെ പ്ലോട്ടു വിലയിനത്തിൽ (ഗഡു + പലിശ + പിഴപലിശ) ജില്ലാപഞ്ചായത്തിന് പിരിഞ്ഞു കിട്ടേണ്ട തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്ലോട്ട് നം. | പ്ലോട്ടുടമ | വാർഷിക ഗഡു | കുടിശ്ശിക ഗഡു ക്കളുടെഎണ്ണം | ആകെ ഗഡു കുടിശ്ശിക (ഭാഗികമായി അടവാ ക്കിയ ഗഡുക്കളും ഉൾപ്പെടുന്നു) | പലിശ | പിഴ പലിശ | ആകെ |
|---|---|---|---|---|---|---|---|---|
| 1. | 2A | ടി.മുജീബ് റഹ്മാൻ | 284333 | 5 | 14,21,665 | 1141994 | 68559 | 2632218 |
| 2. | 2B | അബ്ദുൾ റൗഫ് | 119472 | 7 | 836121 | 708461 | 44242 | 1588824 |
| 3. | 3 | ആഷിക് റഹ്മാൻ.പി.വി | 161676 | 4 | 592164 | 231079 | 24809 | 848052 |
| 4. | 4 A | എ.പി. വസീം | 179208 | -- | | | | -- |
| 5. | 4 B | എ. പ്രബീഷ് കുമാർ | 119472 | 3 | 260136 | 65299 | 5475 | 330910 |
| 6. | 5 | സജീവ് എൻ | 58164 | 1 | 59338 | 50781 | 3789 | 113908 |
| 7. | 6 | എം.എസ് നിഷാദ് | 93160 | 1 | | | | -- |
| 8. | 7 | എം.എസ് ഷാജി. | 116459 | 1 | | | | -- |
| 9. | 8 | എം. കുഞ്ഞാമൂട്ടി | 175624 | -- | | | | -- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10. | 9 | പ്രദീപ് കുമാർ സി.എസ് | 230330 | -- | | | | -- |
| 11. | 10 | ഡോ. വി ഷീബ | 69875 | 4 | 279694 | 156953 | 14977 | 451624 |
| 12. | 11 | ജിക്കി ജോൺ | 298680 | 2 | 597360 | 316559 | 20720 | 934639 |
| 13. | 12 | ജംഷീദ് ആറ്റശ്ശേരി | മുഴുവൻ തുകയും അടവാക്കി | | | | | |
| 14. | 13A | എം. സുരേശൻ (പ്രസിഡണ്ട്) | 77657 | -- | | | | -- |
| 15. | 13B | എം.പ്രസന്നൻ | 47396 | 1 | 49479 | 13656 | 800 | 63935 |
| 16. | 14 | എം. നഫീസ | 184814 | -- | | | | -- |
| 17. | 15 | സി.വി. രാധിക | 143367 | 1 | | | | |
| 18. | 16, 17,18 | മധു.സി.ജി | 349252 | 4 | 1524500 | 615633 | 62733 | 2202866 |
| 19. | 19,20 | സി.പി. ഫാത്തിമ | 206201 | 3 | 684638 | 27133 | 4274 | 716045 |
| 20. | 21A,22 | ഷാജി.എം.എസ് | 253878 | -- | | | | -- |
| 21. | 21B | സുലക്ഷ് കോളിയോട്ട് | 238944 | -- | | | | -- |
| 22. | 23 | കെ. സുരേഷ് കുമാർ | 93338 | 1 | 94365 | 29827 | 1497 | 125689 |
| 23. | 24 | രമിത പി | 55863 | 3 | 167589 | 74295 | 5905 | 247789 |
| 24. | 25A | സുന്ദർ രാജൻ | 134029 | 7 | 927165 | 210371 | 30257 | 1167793 |
| 25. | 25B | ഷക്കീർ ഹുസൈൻ | 131718 | 7 | 922000 | 760493 | 83903 | 1766396 |
| 26. | 26 | എം. സലീം | 115128 | 2 | 230317 | 65187 | 4031 | 299535 |
| 27. | 27 | എം. സജീഷ് | 115127 | 4 | 460727 | 72450 | 2415 | 535592 |
| 28. | 28 | എം ഷൈലേഷ് | 114556 | 2 | 229112 | 92606 | 4696 | 326414 |
| 29. | 29 | സജിത്.സി | 114589 | 2 | 229743 | 25956 | 695 | 256394 |
| 30. | 30 | അപ്പുക്കുട്ടൻ. പി | 116459 | 8 | 931672 | 510941 | 68458 | 1511071 |
| 31. | 31 | എം. സലീം | 107525 | 1 | 107525 | 61611 | 2115 | 171251 |
| .32. | 32,32A | സി.വി. ഗോകുൽദാസ് | 94662 | 3 | 388900 | 70922 | 8091 | 467913 |
| 33. | 33 | അബ്ദുൾ മനാഫ്.ഇ | 116328 | 8 | 887879 | 299504 | 47861 | 1235244 |
| 34. | 34 | സതീഷ് കുമാർ.പി | 116459 | 8 | 931672 | 346561 | 32143 | 1310376 |
| 35. | 35 | ഷരീഫ് അബ്ദുൾ | 202212 | 7 | 1459672 | 224153 | 39651 | 1723476 |
| 36. | 36 | പി.ടി. റഫീഖ് | 120520 | -- | | | | -- |
| 37. | 37 | സന്തോഷ്. കെ.കെ | 115128 | 6 | 746642 | 121440 | 20405 | 888487 |
| 38. | 38 | സി.എം. മുസ്തഫ | 93062 | 8 | 685510 | 428899 | 22360 | 1136769 |
| 39. | 39 | അശ്വിൻ പവിത്രൻ പി. | 238944 | -- | | | | -- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 40. | 40 | സുരേഷ് കുമാർ പി.കെ | 174492 | 3 | 598359 | 277506 | 24705 | 900570 |
| ആകെ | | | | | | | | 23953780 |

നിയമാവലിയിലെ വ്യവസ്ഥ 17 പ്രകാരം വീഴ്ച വരുത്തുന്ന ഗഡു പിഴപ്പലിശ സഹിതം രണ്ടു വർഷം വരെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അധികാരം ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും. അലോട്ടി അടവാക്കാനുള്ള കുടിശ്ശിക കേരള റവന്യൂ റിക്കവറി ആക്ട് അനുസരിച്ച് ജില്ലാപഞ്ചായത്തിനുള്ള കുടിശ്ശിക എന്ന് കണക്കാക്കി നടപടി നടത്തി വസൂലാക്കുന്നതിനുള്ള അധികാരം ജില്ലാപഞ്ചായത്തിന് ഉണ്ടായിരിക്കുന്നതാണ്. മേൽ പട്ടികയിലെ 33,34,38 ക്രമനമ്പരായുള്ള പ്ലോട്ടുടമകൾ 8 ഗഡുക്കളും 2,24,25,35 എന്നീ ക്രമനമ്പരായുള്ള പ്ലോട്ടുടമകൾ 7 ഗഡുക്കളും അടവാക്കൻ ബാക്കിയുണ്ടായിട്ടും കുടിശ്ശിക ഈടാക്കുന്നതിന് ഇവർക്കെതിരെ നിയമാവലി പ്രകാരമുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചില്ല. കുടിശ്ശികക്കാർക്കെതിരെ റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കാൻ ജില്ലാ വ്യവസായ വികസന കേന്ദ്രം മാനേജർ നിരന്തരം ആവശ്യപ്പെട്ടെങ്കിലും ജില്ലാപഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല. ഓൺലൈൻ മുഖേന ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും യൂസർ നെയിം, പാസ് വേർഡ് എന്നിവ ലഭ്യമാക്കുന്നതിന് ജില്ലാപഞ്ചായത്ത് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്യുന്ന നടപടികൾ പൂർണ്ണമായും ഓൺലൈൻ മുഖേനയാക്കിയത് 01.01.2017 മുതലാണ്. അതിനു മുൻപുള്ള 2015, 2016 വർഷങ്ങളിൽ ഓൺലൈനായും മാന്വലായും ശുപാർശ ചെയ്യാമായിരുന്നു. എന്നാൽ മേൽ പറഞ്ഞ വർഷങ്ങളിലും അതിന് മുൻപും ആർ.ആർ നടപടികൾ സ്വീകരിക്കുമെന്ന് പ്ലോട്ടുടമകളെ അറിയിക്കുകയല്ലാതെ ഒരു കുടിശ്ശികക്കാരനെതിരെയും ജില്ലാപഞ്ചായത്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചില്ല.

II) പ്ലോട്ടുവിലയുടെ തിരിച്ചടവ് - ജില്ലാ പഞ്ചായത്തിൽ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

സർക്കാർ അംഗീകരിച്ച നിയമാവലിയിലെ ചട്ടം- 14 പ്രകാരം അലോട്ടി ഭൂമി കൈവശപ്പെടുത്തുന്നതിനു മുൻപായി പ്ലോട്ട് വിലയുടെ 20% വരുന്ന തുക ജില്ലാപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. വിലയുടെ ബാക്കിവരുന്ന 80% തുക 9% വാർഷിക പലിശനിരക്കിൽ 10തുല്യ ഗഡുക്കളായി 10 വർഷത്തെ കാലപരിധിക്കുള്ളിൽ അടച്ചുതീർക്കേണ്ടതാണ് . നിശ്ചിത സമയപരിധിക്കുള്ളിൽ ഗഡുക്കൾ അടവാക്കാത്തപക്ഷം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്ന് പലിശയടക്കമുള്ള തുക അടവാക്കാനാവശ്യപ്പെട്ടുകൊണ്ട് അലോട്ടിക്ക് ഡിമാന്റ് നോട്ടീസ് അയക്കുകയും തുക ജില്ലാപഞ്ചായത്തിൽ അടവാക്കിയതിനു ശേഷം രസീതി ജില്ലാവ്യവസായ കേന്ദ്രത്തിൽ സമർപ്പിക്കുന്നതാണ് നിലവിൽ സ്വീകരിച്ചു വരുന്ന രീതി. എന്നാൽ ഇത് സംബന്ധിച്ച കൃത്യമായ കണക്ക് ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ല. അടവു വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. തുക ജില്ലാപഞ്ചായത്തിലാണ് അടവാക്കുന്നതെങ്കിലും കുടിശ്ശിക വിവരം അറിയുന്നതിന് പലപ്പോഴായി ജില്ലാവ്യവസായ കേന്ദ്രത്തോട് ആവശ്യപ്പെടുന്നു. വ്യവസായ സംരംഭകർ തുക ജില്ലാപഞ്ചായത്തിൽ അടവാക്കുകയും രസീതി വ്യവസായ കേന്ദ്രത്തിൽ ഹാജരാക്കാതിരുന്ന അവസരവും ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി ശ്രീമതി. ഫാത്തിമ (പ്ലോട്ട് നം. 19&20) 28.08.2014, 02.02.2016എന്നീ തിയ്യതികളിൽ യഥാക്രമം 1,40,000/-, 2,50,000/- ഗഡുക്കൾ ജില്ലാപഞ്ചായത്തിൽ അടവാക്കിയെങ്കിലും രസീതി ജില്ലാവ്യവസായ കേന്ദ്രത്തിൽ സമർപ്പിച്ചില്ല. ഇതുമൂലം വ്യവസായ കേന്ദ്രത്തിൽ നിന്ന് അലോട്ടിയുടെ പേരിൽ പിന്നീടുള്ള കുടിശ്ശിക കണക്കാക്കുന്നതിൽ അപാകം സംഭവിക്കുന്നുണ്ട്.

ഗഡുക്കൾ അടവാക്കേണ്ട അവധിയാകുന്ന മുറയ്ക്ക് ജില്ലാവ്യവസായ കേന്ദ്രത്തിൽ നിന്നും മുതൽ, പലിശ, പിഴപലിശ എന്നിവ കണക്കാക്കി അലോട്ടിക്ക് ഡിമാന്റ് നോട്ടീസ് അയക്കുന്നു. ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയതിനു ശേഷം ദിവസങ്ങൾ വൈകി തുക ജില്ലാപഞ്ചായത്തിൽ അടവാക്കുന്ന അവസരത്തിൽ അടവാക്കുന്ന തീയതിവരെയുള്ള കുടിശ്ശികയാണ് ജില്ലാപഞ്ചായത്ത് കണക്കാക്കുന്നത്. ആയതിനാൽ ജില്ലാവ്യവസായ കേന്ദ്രം കണക്കാക്കിയ മുതൽ, പലിശ, പിഴപലിശ എന്നിവ ജില്ലാപഞ്ചായത്ത് കണക്കാക്കിയതിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, അലോട്ടി ഹയർ പർച്ചേസ് തുക ജില്ലാപഞ്ചായത്തിൽ അടവാക്കുന്ന അവസരത്തിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതും ജില്ലാവ്യവസായ കേന്ദ്രം കണക്കാക്കിയ കുടിശ്ശിക തുക തന്നെ ജില്ലാ പഞ്ചായത്തിൽ സ്വീകരിക്കേണ്ടതുമാണ് (മുതൽ, പലിശ, പിഴപലിശ എന്നിവയിൽ വ്യത്യാസമില്ലാതെ). കൂടാതെ കുടിശ്ശിക കണക്കാക്കുന്നതിന്റെയും അടവാക്കലിന്റെയും കൃത്യത ഉറപ്പ് വരുത്തുന്നതിന്, ഇതിനായി ജില്ലാവ്യവസായ കേന്ദ്രത്തിലും ജില്ലാപഞ്ചായത്തിലും സൂക്ഷിക്കുന്ന രജിസ്റ്ററുകൾ തമ്മിൽ വാർഷികമായി പൊരുത്തപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

III) പ്ലോട്ട് വില പുനർനിർണ്ണയം ചെയ്തില്ല.

ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ വ്യവസായികൾക്ക് വിൽപനക്കും ഹയർപർച്ചേസിനും നൽകുന്നതിന് ഭൂമിയുടെ വില 31.12.2007 വരെയുള്ള പലിശസഹിതം സെന്റൊന്നിന് 1,31,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. നിയമാവലിയിലെ വ്യവസ്ഥ 11 അനുസരിച്ച് എസ്റ്റേറ്റിൽ റോഡുകൾക്കും മറ്റ് പൊതു സൗകര്യങ്ങൾക്കും വേണ്ടി ചെലവഴിക്കുന്ന തുക കൂടി ഉൾപ്പെടുത്തി പ്ലോട്ടുകളുടെ വില പുനർനിർണ്ണയം ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ജില്ലാ

പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 06.11.2014 ലെ 97/14(3)ാം നമ്പർ തീരമാനം, 07.07.2015 ലെ 64ാം നമ്പർ തീരുമാനം എന്നിവ പ്രകാരം എസ്റ്റേറ്റിൽ നാളിതുവരെ ചെലവഴിച്ച തുക കണക്കാക്കുന്നതിനും വില പുനർനിർണ്ണയിക്കുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രം മാനേജരെ ചുമതലപ്പെടുത്തിയിരുന്നു. എസ്റ്റേറ്റിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ചെലവഴിച്ച തുകയിലെ അവ്യക്തത കാരണം ഭൂമി വിതരണം ചെയ്ത് 8 വർഷത്തിനു ശേഷവും അടിസ്ഥാന വിലയിൽ മാറ്റം വരുത്തിയില്ല. എസ്റ്റേറ്റിലെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സംബന്ധിച്ച ഒരു റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ 28.08.2015 ന് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ടിനു ശേഷവും തുക ചെലവഴിച്ചതായി എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചെങ്കിലും തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി താഴെ പറയും പ്രകാരം 35,67,442 രൂപ ചെലവഴിച്ചിട്ടുണ്ട്.

ട്രാൻസ്ഫോർമർ - 13,66,000/-

തെരുവ് വിളക്ക് - 1,83,825/- (87825+96000)

പമ്പ് ഹൗസ് - 27,943/-

വൈദ്യുതീകരണം - 2,15,896/-

നെയിം ബോർഡ്&ഗേറ്റ് - 4,86,016/-

ചുറ്റുമതിൽ - 8,14,698/-

ചുറ്റുമതിൽ (കാന്റീൻ കെട്ടിടം) - 4,73,064/- (1,22,212+3,50,852)

മേൽ സാഹചര്യത്തിൽ വ്യവസായ എസ്റ്റേറ്റിലെ അടിസ്ഥാന സൗകര്യത്തിനും വികസനത്തിനുമായി ജില്ലാപഞ്ചായത്ത് സെക്രട്ടറി, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ എന്നിവർ നിർവ്വഹണം നടത്തി ആകെ ചെലവഴിച്ച തുക കൃത്യമായി തിട്ടപ്പെടുത്തി പ്ലോട്ടിന്റെ വില പുനർനിർണയം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും അധിക വില പ്ലോട്ടുടമകളിൽ നിന്നും ഭൂമിയുടെ വിസ്തീർണ്ണത്തിനാനുപാതികമായി ഈടാക്കേണ്ടതുമാണ്. നിയമാവലിയിലെ വ്യവസ്ഥ (11ബി) പ്രകാരം റോഡുകൾക്കും മറ്റ് പൊതു സൗകര്യങ്ങൾക്കും വേണ്ടി ചെലവഴിക്കുന്ന തുകയുടെ 50% മാത്രമാണ് പ്ലോട്ടുവിലയിൽ ഉൾപ്പെടുത്തേണ്ടത് എന്ന് പറയുന്ന അവസരത്തിൽ തന്നെ (11സി) പ്രകാരം വികസന പ്രവർത്തനത്തിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക മുഴുവൻ വിൽപനയ്ക്കുള്ള പ്ലോട്ടിന്റെ വിലയിൽ ചേർക്കണമെന്നും സൂചിപ്പിക്കുന്നു. ഈ വ്യവസ്ഥകളിലെ അവ്യക്തത നീക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

IV) പ്ലോട്ടിന്റെ വില മുഴുവനായി അടവാക്കിയിട്ടും ഭൂമി അലോട്ടിക്ക് പതിച്ചു നൽകിയില്ല.

ചെറുവണ്ണൂർ - നല്ലളം വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ വ്യവസായികൾക്ക് വിൽപനക്കും ഹയർപർച്ചേസിനും നൽകുന്നതിനുള്ള സർക്കാർ അംഗീകരിച്ച നിയമാവലിയിലെ വ്യവസ്ഥ (19) പ്രകാരം വ്യവസായം തുടങ്ങിയ ശേഷം അലോട്ടിക്ക് അനുവദിക്കപ്പെട്ട ഭൂമിയുടെ വിലയായ മുഴുവൻ തുകയും അടച്ച് തീർക്കുന്ന മുറയ്ക്ക് ഭൂമി പതിച്ചു നൽകപ്പെടുന്നതിന് ആവശ്യമായ രേഖകൾ സഹിതമുള്ള അപേക്ഷ അലോട്ടി ജില്ലാപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ജനുവരി 2018 വരെയുള്ള കാലയളവിൽ താഴെ പറയുന്ന 6 വ്യവസായ സംരംഭകർ പ്ലോട്ടിന്റെ വില പൂർണ്ണമായും അടച്ചു തീർത്തിട്ടുണ്ട്.

| ക്രമ നം | പ്ലോട്ട് നം | അലോട്ടിയുടെ പേര് | മുഴുവൻ തുക യും അടവാ ക്കിയ തീയതി | പട്ടയത്തിന് അപേക്ഷിച്ച തീയതി |
|---|---|---|---|---|
| 1. | 9 | പ്രദീപ്കുമാർ സി.എസ് | 20.04.2016 | -- |
| 2. | 12 | ജംഷീദ് ആറ്റശ്ശേരി | 31.10.2013 | 17.08.2017 |
| 3. | 13A | എം. സുരേശൻ | 25.05.2016 | -- |
| 4. | 21B | സുലക്ഷ് കോളിയോട്ട് | 02.08.2014 | -- |
| 5. | 36 | പി.ടി. റഫീഖ് | 04.03.2015 | -- |
| 6. | 4A | എ.പി. വസീം | 09.06.2016 | 14.06.2016 |

ഭൂമിയുടെ വിലയായ മുഴുവൻ തുകയും അടച്ച് തീർത്ത പ്ലോട്ടുടമകൾക്ക് പട്ടയം നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിരന്തരം ജില്ലാപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. മേൽ പട്ടികയിലെ ശ്രീ.പി.ടി. റഫീഖ്, ശ്രീ.എ.പി. വസീം എന്നിവർ പട്ടയം അനുവദിച്ച് കിട്ടുന്നതിന് അപേക്ഷ നൽകിയെങ്കിലും ആയത് നൽകുന്നതിന് ഫലപ്രദമായ നടപടി ജില്ലാപഞ്ചായത്ത് സ്വീകരിച്ചില്ല. നിയമാവലിയിലെ വ്യവസ്ഥ (11ബി) അനുസരിച്ച് എസ്റ്റേറ്റിൽ

റോഡുകൾക്കും മറ്റ് പൊതു സൗകര്യങ്ങൾക്കും വേണ്ടി ചെലവഴിക്കുന്ന തുക കൂടി ഉൾപ്പെടുത്തി പ്ലോട്ടുകളുടെ വില പുനർനിർണ്ണയം ചെയ്യേണ്ടതാണെന്ന് വ്യക്തമാകുന്നുണ്ട്. ഈ ഇനത്തിൽ ചെലവ് ചെയ്ത തുകയുടെ കൃത്യമായ കണക്ക് ജില്ലാപഞ്ചായത്തിലോ ജില്ലാ വ്യവസായ കേന്ദ്രത്തിലോ ലഭ്യമല്ല. ആയതിനാൽ മുഴുവൻ തുകയും അടവാക്കിയ അലോട്ടികളിൽ നിന്നും (പുനർ നിർണ്ണയത്തിനു ശേഷം) ഇനി എത്ര തുക കൂടി ഈടാക്കണമെന്ന് വ്യക്തതയില്ല. ഈ സാഹചര്യത്തിൽ അലോട്ടിയും ജില്ലാപഞ്ചായത്തും തമ്മിൽ ഒരു ഈട് ഉടമ്പടി (indemnity bond) ചമച്ച് ഭൂമിയുടെ വില ഹയർപർച്ചേസ് തവണകളിൽ അടച്ച് തീർത്ത പ്ലോട്ടുടമകൾക്ക് ആധാരം അലോട്ടിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

V) ജില്ലാപഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിന്റെ പരിപാലന സംരക്ഷണ പ്രവൃത്തികൾ കാര്യക്ഷമമല്ല.

27.02.2018 ന് വ്യവസായ എസ്റ്റേറ്റ് പ്രാദേശികമായി സന്ദർശിച്ചതിൽ കുടിവെള്ളത്തിനും വ്യവസായ ആവശ്യങ്ങൾക്കുമായി എസ്റ്റേറ്റിൽ ജില്ലാപഞ്ചായത്ത് നിർമ്മിച്ച രണ്ട് കിണറുകളാണുള്ളതെന്ന് കണ്ടു. ഇതിനു പുറമെ പ്ലോട്ടുടമകൾ സ്വന്തമായി നിർമ്മിച്ച മറ്റു കിണറുകളും കുഴൽ കിണറുകളുമുണ്ട്. പൊതു ആവശ്യങ്ങൾക്കായുള്ള പ്രധാന കിണറിന്റെ ഉൾവശങ്ങളിൽ നിന്ന് മണ്ണ് ഇടിഞ്ഞ് വീണ് അടിഭാഗം പൂർണ്ണമായി തകർന്ന അവസ്ഥയിലാണ്. ഇതുകാരണം കിണർ തകർന്നു വീഴാനും സമീപത്തുള്ള കെട്ടിടങ്ങൾക്ക് ഭീഷണിക്കും സാധ്യതയുണ്ട്. കിണറിനകത്ത് വളരുന്ന വലിയ മരത്തിന്റെ വേരുകൾ മൂലം മുകൾഭാഗത്ത് വിള്ളലുകൾ ഉണ്ടായിട്ടുണ്ട്. കൂടാതെ ജലവിതരണ പൈപ്പുകളും വാൾവുകളും തകരാറിലായതുകാരണം ജലവിതരണം കാര്യക്ഷമമായ രീതിയിൽ നടക്കുന്നില്ല. രണ്ടാമത്തെ കിണറിൽ സമീപത്തുള്ള പുഴയിൽ നിന്നും ഉപ്പുവെള്ളം കലരുന്ന അവസ്ഥയുണ്ട്. കൂടാതെ ഈ കിണറിന്റെ വശങ്ങൾ തകർന്ന നിലയിലുമാണ്. പ്ലോട്ട് നം. 20 ൽ ആശുപത്രി ഉപകരണങ്ങൾ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ അതിരിനോട് ചേർന്ന ചുറ്റുമതിൽ തകർന്നിരിക്കുന്നു. ഏതാണ്ട് രണ്ട് വർഷത്തോളമായി ഇത് തകർന്നു കിടക്കുന്നുവെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഈ സ്ഥാപനത്തിന്റെ പിൻവശത്ത് സംരക്ഷണ ഭിത്തിയോട് ചേർന്ന് അശാസ്ത്രീയമായി നിർമ്മാണം നടത്തിയതാണ് സംരക്ഷണഭിത്തി തകരാൻ ഇടയായതെന്ന് അനുമാനിക്കുന്നതായും ഇതുമൂലം ജില്ലാപഞ്ചായത്തിന് 1,40,000/- രൂപയുടെ നഷ്ടമുണ്ടായതായും ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 01.07.2015 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ കെട്ടിടത്തിന്റെ പിൻഭാഗം അപകടാവസ്ഥയിലാണുള്ളത്.

മേൽ സാഹചര്യത്തിൽ രണ്ടു കിണറുകളുടെയും അറ്റകുറ്റ പണിയും അനുബന്ധപ്രവൃത്തികളും അടിയന്തിരമായി നടത്തി ജലവിതരണം കാര്യക്ഷമമാക്കേണ്ടതും പ്ലോട്ട് നം.20 ന്റെ പിൻഭാഗം സംരക്ഷിക്കുന്നതിന് പ്ലോട്ടുടമയുടെ നഷ്ടോത്തരവാദത്തിൽ തകർന്ന ചുറ്റുമതിൽ പുനർനിർമ്മിക്കേണ്ടതുമാണ്.

VI) വ്യവസായ എസ്റ്റേറ്റിൽ അടിസ്ഥാന, ഭൗതിക സാഹചര്യങ്ങൾ പൂർണ്ണ തോതിലില്ല.

27.02.2018 ന് വ്യവസായ എസ്റ്റേറ്റ് പ്രാദേശികമായി സന്ദർശിച്ചതിൽ, ചെറുവണ്ണൂർ-നല്ലളം മിനി വ്യവസായ എസ്റ്റേറ്റിൽ 40 സംരഭകർക്കായി അലോട്ട് ചെയ്ത പ്ലോട്ടുകളിൽ 31 വ്യവസായങ്ങൾ നിലവിൽ പ്രവൃത്തിച്ചുവരുന്നതായി കണ്ടു. പരിശോധന വേളയിൽ താഴെ പറയുന്ന അടിസ്ഥാന, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടു.

1) ആവശ്യമായ ക്ഷമതയിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചില്ല : എസ്റ്റേറ്റിൽ നിലവിൽ 250 KVA യുടെ മൂന്ന് ട്രാൻസ്ഫോർമറുകൾ മാത്രമാണുള്ളത്. ഇത് സംരഭങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പര്യാപ്തമല്ല. എസ്റ്റേറ്റിൽ കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിന് ജില്ലാവ്യവസായ കേന്ദ്രം മാനേജർ 03.08.2011 മുതൽ പലതവണ ജില്ലാപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടെങ്കിലും ട്രാൻസ്ഫോമറുകൾ പുതുതായി സ്ഥാപിച്ചില്ല. 2017-18 വർഷം എസ്റ്റേറ്റിൽ 2 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിന് ഒരു പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (നം.09/2018). പ്രോജക്ടിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ഒരു ട്രാൻസ്ഫോമറിന്റെ വിലയായി 13.66 ലക്ഷം രൂപ ഒക്ടോബർ മാസം 2017 ന് കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുമുണ്ട്. 3 മാസക്കാലാവധിക്കുള്ളിൽ സ്ഥാപിക്കുമെന്ന് നിബന്ധനയുണ്ടായിരുന്നെങ്കിലും സന്ദർശന സമയത്തും (27.02.2018) ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചില്ല.

2) ചുറ്റുമതിൽ നിർമ്മാണം ഭാഗികം : പ്ലോട്ട് നം.2A യിലെ വ്യവസായ സംരഭകന് അനുവദിച്ച സ്ഥലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് 15മീറ്ററോളം നീളത്തിൽ ചുറ്റുമതിൽ നിർമ്മിച്ചില്ല. ഈ ഭാഗത്തെ മണ്ണ് റോഡിലേക്ക് ഊർന്ന് വീണിട്ടുണ്ട്. പുഴയോരത്തുള്ള പ്ലോട്ട് നം.21A, 22ലെ വ്യവസായ സംരഭകൻ പുഴയോട് ചേർന്ന ഭാഗം 3 മീറ്ററോളം നീളത്തിൽ സംരക്ഷണ ഭിത്തി സ്വന്തം ചെലവിൽ നിർമ്മിച്ചിട്ടുണ്ട്. പുഴയോട് ചേർന്ന ബാക്കി ഭാഗം സംരക്ഷണഭിത്തി കെട്ടിയില്ല. പ്ലോട്ട് നം.32ലെ തെക്ക് ഭാഗത്തുള്ള അതിരിൽ നിന്ന് ഏകദേശം 4 മീറ്ററോളം പുറകിലേക്ക് മാറിയാണ് ചുറ്റുമതിൽ കെട്ടിയതെന്ന് പ്രദേശവാസികളോടുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. അതിരിനോട് ചേർന്ന സ്ഥലത്ത് നിന്ന് മണ്ണ് നീക്കം ചെയ്തതിനാൽ വ്യവസായ എസ്റ്റേറ്റിലെ രണ്ട് കെട്ടിടങ്ങൾ അപകട ഭീഷണിയിലാണ് നിൽക്കുന്നത്. ചുറ്റുമതിൽ നിർമ്മാണം പല ഘട്ടങ്ങളിലായി നടപ്പിലാക്കിയതിനാലും ഭാഗികമായതിനാലും എസ്റ്റേറ്റിന് വേണ്ടി ഏറ്റെടുത്ത സ്ഥലം അന്യാധീനപ്പെടുകയോ കയ്യേറുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. എസ്റ്റേറ്റിലെ പ്ലോട്ടുടമകൾ തമ്മിലും പലപ്പോഴായി അതിർത്തിത്തർക്കം ഉണ്ടാകാറുണ്ട്. ആയതിനാൽ ചെറുവണ്ണൂർ-നല്ലളം മിനി വ്യവസായ എസ്റ്റേറ്റിന് വേണ്ടി ഏറ്റെടുത്ത ഭൂമി

മുഴുവനായി സർവ്വെ നടത്തി അളന്ന് തിട്ടപ്പെടുത്താനും ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) തൊഴിലാളികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ല : വ്യവസായ എസ്റ്റേറ്റിൽ സംരഭകർക്കായി അലോട്ട് ചെയ്ത 40 പ്ലോട്ടുകളിൽ 31 വ്യവസായങ്ങൾ നിലവിൽ പ്രവൃത്തിച്ചുവരുന്നുണ്ട്. 500 ൽ പരം തൊഴിലാളികൾ ജോലി ചെയ്യുന്ന എസ്റ്റേറ്റിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള പൊതു സൗകര്യങ്ങളില്ല. കുടിവെള്ളത്തിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സന്ദർശനവേളയിൽ തൊഴിലാളികൾ അറിയിച്ചു. 22.05.2015ന് കാന്റീൻ -കം കോൺഫറൻസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തിയെങ്കിലും പ്രാദേശിക പരിശോധന സമയത്തും (27.02.2018) കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനം പോലും തുടങ്ങിയില്ല. എസ്റ്റേറ്റിനകത്തെ വിവിധ പ്ലോട്ടുകളിലെ കെട്ടിടങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ താമസിപ്പിക്കുന്നത് ഒഴിവാക്കുന്നതിന് ജില്ലാപഞ്ചായത്ത് ഓരോ പ്ലോട്ടുടമയ്ക്കും കത്തുമുഖേന (നം.പി-7/666/10)കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നിലവിലും അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ എസ്റ്റേറ്റിനകത്ത് താമസിക്കുന്നതായി പ്രാദേശിക പരിശോധന സമയത്ത് ബോധ്യപ്പെട്ടു.

VII) പ്ലോട്ട് അലോട്ട് ചെയ്ത് 7 വർഷം കഴിഞ്ഞിട്ടും വ്യവസായ സംരംഭം തുടങ്ങിയില്ല.

ചെറുവണ്ണൂർ-നല്ലളം മിനി വ്യവസായ എസ്റ്റേറ്റിൽ ആകെയുള്ള 45 പ്ലോട്ടുകളിൽ 44 എണ്ണം 2010-11 വർഷം 39 വ്യവസായ സംരംഭകർക്കും ഒരു പ്ലോട്ട് വർഷം 2012-13ഒരു സംരംഭകനും അലോട്ട് ചെയ്തിട്ടുണ്ട്. 27.02.2018ൽ പദ്ധതി സ്ഥലം നേരിൽ സന്ദർശിച്ചതിൽ 9 പ്ലോട്ടുകളിൽ നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്ലോട്ട് നം | അലോട്ടിയുടെ പേര് | അലോട്ട് ചെയ്ത തീയതി | ആരംഭിക്കാനുദ്ദേശിച്ച സംരംഭം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1. | 2B | അബ്ദുൾ റൗഫ് | 14.09.2010 | ടൈൽസ & ബ്രിക്സ് | നിലവിൽ പ്രവർത്തിക്കു ന്നില്ല. സന്ദർശന സമയത്ത് അന്വേഷിച്ച തിൽ സിമന്റ് ബ്രിക്സ് ഉണ്ടാക്കുന്ന സ്ഥാപനം ഒരാഴ്ചയായി അടച്ചിട്ടതായി അറിയിച്ചു. |
| 2. | 2A | മുജീബ് റഹ്മാൻ | 18.01.2013 | ----- | കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചു വരുന്നു. വ്യവസായം ആരംഭി ച്ചില്ല. |
| 3. | 4B | പ്രബീഷ് കുമാർ.എ | 12.10.2010 | ഇന്റർ ലോക്ക്, ഫ്ലോറിംഗ് ടൈൽസ് | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. വ്യവസായം ആരംഭിച്ചില്ല. |
| 4. | 8 | കുഞ്ഞാമുട്ടി.എം | 17.02.2011 | പേപ്പർ ക്യാരി ബാഗ് | കെട്ടിടത്തിന്റെ നിർമ്മാ ണം പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചു. . വ്യവസായം ആരംഭി ച്ചില്ല. |
| 5. | 13A | ജൂബിലി കോപ്പറേറ്റീവ് സൊസൈറ്റി | 02.02.2011 | ബേക്കറി ഉൽപന്നങ്ങൾ | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. വ്യവസായം ആരംഭിച്ചില്ല. |
| 6. | 23 | സുരേഷ് കുമാർ.കെ | 03.02.2011 | പ്രിന്റിംഗ് | കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. സംരംഭം ആരംഭിച്ചില്ല. |
| 7. | 33 | അബ്ദുൾമനാഫ്.ഇ | 13.04.2010 | ബാറ്ററി അസംബ്ലിംഗ് | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചില്ല. |
| 8. | 38 | മുസ്തഫ സി.എം | 13.04.2010 | ബേബി സൈക്കിൾ | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ വ്യവസാ യം ആരംഭിച്ചില്ല. |
| 9. | 12 | ജംഷീദ് ആറ്റശ്ശേരി | 02.02.2010 | ചെരുപ്പ് നിർമ്മാണം | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ വ്യവസാ യം ആരംഭിച്ചില്ല. |

സർക്കാർ അംഗീകരിച്ച നിയമാവലിയിലെ വ്യവസ്ഥ (8ഡി) പ്രകാരം ഒരു വർഷത്തിനകമോ ജില്ലാപഞ്ചായത്ത് അനുവദിക്കുന്ന സമയ പരിധിക്കകത്തോ വ്യവസായം തുടങ്ങുന്നതിന് ഫലപ്രദമായ നടപടി സ്വീകരിച്ചില്ലെങ്കിൽ പ്ലോട്ട് ജില്ലാപഞ്ചായത്തിന് തിരിച്ചെടുക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്ലോട്ട് അലോട്ട് ചെയ്തത് 7 വർഷത്തിനു ശേഷവും വ്യവസായം ആരംഭിക്കാത്ത മേൽ പറഞ്ഞവരിൽ നിന്നും പ്ലോട്ട് തിരിച്ചെടുക്കുന്നതിനുള്ള നിയമാനുസൃതമായ യാതൊരു നടപടിയും ജില്ലാപഞ്ചായത്ത് സ്വീകരിച്ചില്ല. പ്ലോട്ടുടമകൾക്ക് വ്യവസായം തുടങ്ങുന്നതിന് സമയപരിധി നീട്ടിക്കൊടുത്തതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല. തങ്ങൾക്കനുവദിച്ച സ്ഥലത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിരവധി തവണ ജില്ലാപഞ്ചായത്തും ജില്ലാവ്യവസായ കേന്ദ്രവും കത്ത് മുഖേനയും പ്ലോട്ടുടമകൾ ഉൾപ്പെടുന്ന യോഗങ്ങളിലും ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് നഗരസഭാ പ്രദേശത്ത് വ്യവസായ സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നം അടിസ്ഥാന

സൗകര്യങ്ങളുടെയും സ്ഥലത്തിന്റെയും ദൗർലഭ്യമാണ്. ഭൂമി കൈവശം ലഭിച്ചശേഷം ഒരു വർഷത്തിനകം വ്യവസായം തുടങ്ങാതിരിക്കുകയോ സമയപരിധി നീട്ടി നൽകുകയോ ചെയ്യാത്ത സാഹചര്യത്തിൽ അത്തരം പ്ലോട്ടുകൾ തിരിച്ചുപിടിക്കേണ്ടതും മറ്റൊരു വ്യവസായ സംരഭകന് പുനർ വിതരണം നടത്തേണ്ടതുമാണ്.

VIII) അനധികൃത നിർമ്മാണം - ഫലപ്രദമായ തുടർനടപടി ഉണ്ടായില്ല:

വ്യവസായ എസ്റ്റേറ്റിനു വേണ്ടി ഏറ്റെടുത്ത സ്ഥലത്ത് ക്ഷേത്രം ഉണ്ടെന്ന് പറഞ്ഞ് കൈയേറിയിരിക്കുന്നതായും അക്വിസിഷന്റെ നോട്ടിഫിക്കേഷൻ സമയത്തോ (11.05.1999) തുടർന്നുള്ള പ്രഖ്യാപന സമയത്തോ (28.02.2000) ആരും തന്നെ യാതൊരു ആക്ഷേപവും ക്ഷേത്രം നിലനിന്നതിനെപ്പറ്റി ഉന്നയിച്ചിട്ടില്ലെന്നും ജില്ലാപഞ്ചായത്ത് സെക്രട്ടറി കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ, ചെറുവണ്ണൂർ സർക്കിൾ ഇൻസ്പെക്ടർ എന്നിവർക്കയച്ച കത്തിൽ സൂചിപ്പിക്കുന്നു. കൂടാതെ സ്ഥലം ജില്ലാപഞ്ചായത്തിന് കൈമാറിയ സമയത്തോ (11.08.2000) സർവ്വെ നടത്തിയ സമയത്തോ യാതൊരു പരാതിയും ലഭിച്ചില്ലെന്നും കൈയേറ്റക്കാരെ ഒഴിപ്പിക്കണമെന്നും 08.02.2001 ലെ പ്രസ്തുത കത്തിൽ വ്യക്തമാക്കുന്നുണ്ട്.(കത്ത് നം.പി7-573/98/(എം.ഐ.ഇ).

അനധികൃത നിർമ്മാണം തുടർന്നത് കാരണം, അനുവാദമില്ലാതെ ക്ഷേത്ര നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായും ആയത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കലക്ടർ, ആർ.ഡി.ഒ, നല്ലളം സർക്കിൾ ഇൻസ്പെക്ടർ എന്നിവർക്ക് ജില്ലാപഞ്ചായത്ത് സെക്രട്ടറി വീണ്ടും കത്തയച്ചു. (07.02.2014 ലെ പി-7 -667/10ാം നമ്പർ കത്ത്)

ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ 10.06.2014 ന്റെ പ്രാദേശിക പരിശോധനാ റിപ്പോർട്ടിൽ ക്ഷേത്രനിർമ്മാണത്തിനായി ആശാരിപ്പണികൾ നടക്കുന്നുണ്ടെന്നും ക്ഷേത്രത്തിന്റെ മേൽക്കൂര ടാർപായകൊണ്ട് വലിച്ചു കെട്ടിയിരിക്കുന്നതായും വ്യക്തമാക്കുന്നുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ 22.04.2016 ന് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്കയച്ച റിപ്പോർട്ടിൽ, താൽക്കാലിക ക്ഷേത്രം നിൽക്കുന്നതായും പരിശോധന സമയത്ത് ക്ഷേത്രത്തിന്റെ മുൻവശത്തായി ഒരു കിണർ കുഴിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത ക്ഷേത്രത്തിന്റെ പേരിൽ നടക്കുന്ന ബാഹ്യ ഇടപെടലുകൾ എസ്റ്റേറ്റിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും അമ്പലം നിയമവിധേയമായി ജില്ലാപഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരുന്നതിന് വേണ്ടി ജില്ലാ കലക്ടർ, റവന്യ‍ു വകുപ്പ്, ദേവസ്വം വകുപ്പ് എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിക്കാനും പ്രസ്തുത റിപ്പോർട്ടിൽ ആവശ്യപ്പെടുന്നു.

27.02.2018 ന് ഓഡിറ്റ് ടീം പ്രാദേശികപരിശോധന നടത്തിയ സമയത്ത് ക്ഷേത്ര നിർമ്മാണം പൂർത്തീകരിച്ചതായും പ്രധാന ക്ഷേത്രത്തിനടുത്തായി ഒരു ഉപക്ഷേത്രവും ഊട്ടുപുരയും കിണറും ചുറ്റുമതിലും നിർമ്മിച്ചതായും കണ്ടു. പ്ലോട്ടിലേക്കുള്ള വഴി തന്നെയാണ് നിലവിൽ ക്ഷേത്രത്തിലേക്കുള്ള വഴിയായി ഉപയോഗിച്ചു വരുന്നത്. റോഡിൽ നിന്നും 2എ നമ്പർ പ്ലോട്ടിലൂടെ ക്ഷേത്രത്തിലേക്ക് ഒരു വഴി വെട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും സന്ദർശന സമയത്ത് ബോധ്യപ്പെട്ടു. ക്ഷേത്രത്തിൽ നിത്യ പൂജ നടക്കുന്നുണ്ടെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

കോഴിക്കോട് താലൂക്കിലെ ചെറുവണ്ണൂർ വില്ലേജിൽപ്പെട്ട 2.7964 ഹെക്ടർ സ്ഥലം ജില്ലാപഞ്ചായത്തിന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി കോഴിക്കോട് സ്പെഷൽ തഹസിൽദാർ (എൽ.എ)അക്വയർ ചെയ്തതും ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിൽ മാത്രം നിക്ഷിപ്തമായതുമാണ്.

IX) ഓഡിറ്റ് ശുപാർശകൾ:

- പ്ലോട്ടിന്റെ വില അടവാക്കുന്നതിൽ കുടിശ്ശിക വരുത്തിയ അലോട്ടീസിൽ നിന്നും തുക ഈടാക്കുന്നതിന് ആർ.ആർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പ്ലോട്ടിന്റെ വില അടവാക്കുന്നതിന്റെ കൃത്യമായ വിവരം ജില്ലാപഞ്ചായത്തിലും ജില്ലാ വ്യവസായ കേന്ദ്രത്തിലും സൂക്ഷിക്കേണ്ടതും പരസ്പരം വാർഷികമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- സർക്കാർ അംഗീകരിച്ച നിയമാവലിയിലെ വ്യവസ്ഥ പ്രകാരം പ്ലോട്ടിന്റെ വില പുനർനിർണയം ചെയ്യേണ്ടതാണ്.
- പ്ലോട്ടിന്റെ വില മുഴുവനായി അടച്ചുതീർത്തവർക്ക് സ്ഥലത്തിന്റെ ആധാരം അവരുടെ പേരിൽ രജിസ്റ്റർ ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതും വ്യവസായ എസ്റ്റേറ്റ് ജില്ലാ സർവ്വയറെക്കൊണ്ട് അളന്ന് തിട്ടപ്പെടുത്തുകയും ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലവിതരണം എന്നിവ പൂർണ്ണതോതിലാക്കേണ്ടതും കാന്റീൻ കെട്ടിട നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതുമാണ്.
- വ്യവസായ എസ്റ്റേറ്റിനകത്തെ അനധികൃത നിർമ്മാണം തടയുന്നതിന് കർശന നടപടി സ്വീകരിക്കേണ്ടതാണ്.

- ഇനിയും സംരഭങ്ങൾ ആരംഭിക്കാത്ത അലോട്ടീസിൽ നിന്നും പ്ലോട്ടുകൾ നിയമ വ്യവസ്ഥ പ്രകാരം തിരിച്ചുപിടിക്കേണ്ടതും മറ്റ് വ്യവസായ സംരംഭകർക്ക് പുനർവിതരണം നടത്തേണ്ടതുമാണ്.
- വ്യവസായ എസ്റ്റേറ്റിനെ സംബന്ധിച്ച് സർക്കാർ അംഗീകരിച്ച നിയമാവലിയിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
- വ്യവസായ എസ്റ്റേറ്റിനകത്ത് താമസിക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ എസ്റ്റേറ്റിനകത്തെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-51 ഡെപ്പോസിറ്റ് പ്രവൃത്തി സംബന്ധിച്ച പ്രത്യേക ഓഡിറ്റ് റിപ്പോർട്ട്.

കെ.എസ്.എ.കെ.കെ.ഡി.എസ്.1/559/18(3) തീയതി.15.03.18 നമ്പറായി പുറപ്പെടുവിച്ച പ്രത്യേക പരിശോധനാ റിപ്പോർട്ട് ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(67) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-52 മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

കെ.എസ്.എ.കെ.കെ.ഡി.എസ്.1/421/18(2) തീയതി.15.03.18 ആയി പുറപ്പെടുവിച്ച പ്രത്യേക പരിശോധനാ റിപ്പോർട്ട് ഈ റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(68) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-53 റോഡുകളുടെ ചുമതലാവിഭജനം സംബന്ധിച്ച റിപ്പോർട്ട്.

കെ.എസ്.എ.കെ.കെ.ഡി.എസ്.1/423/18(5) തീയതി.09.03.18 ആയി പുറപ്പെടുവിച്ച പരിശോധനാ റിപ്പോർട്ട് ഈ റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്.
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(69) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

## 3-54 കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

2017 -18 വർഷത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നെൽകൃഷിക്ക് കൂലിചെലവ് – പഞ്ചായത്തുകൾ മുഴുവൻ തുകയും വിനിയോഗിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 096/18 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി |
| വകയിരുത്തിയ തുക | 6316775 രൂപ |
| ചെലവഴിച്ച തുക | 6316775 രൂപ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| ഭരണാനുമതി | 20.10.17 ലെ 74/17 നമ്പർ ഭരണസമിതി തീരുമാനം |
| ട്രഷറി ബിൽ നമ്പർ,തിയ്യതി,തുക | 1/17-18, 27.10.17 , 1670250 രൂ<br>2/17-18, 31.10.17 , 1848750 രൂ<br>3/17-18, 30.11.17, 922250 രൂ<br>4/17-18, 23.1.18, 1522775 രൂ<br>5/17-18, 28.2.18, 352750 രൂ<br>ആകെ : 6316775 രൂ |

മേൽ വിശദാംശങ്ങൾ പ്രകാരം തുക പിൻവലിച്ച ശേഷം കർഷകരായ ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി പഞ്ചായത്തുകളിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ചില പഞ്ചായത്തുകൾകൈപ്പറ്റിയ തുക മുഴുവൻ ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | കൈപ്പറ്റിയ തുക | ട്രഷറി ബിൽ നമ്പർ, | ചെലവഴിക്കുവാൻ ബാക്കി (രൂ) |
|---|---|---|---|---|

| | | (രൂ) | തിയ്യതി | |
|---|---|---|---|---|
| 1. | തിരുവമ്പാടി | 34000 | 5/17-18 | 5100 |
| 2. | തിരുവള്ളൂർ | 148750 | 1/17-18 | 55250 |
| 3. | കോട്ടൂർ | 425000 | 1/17-18 | 34000 |
| 4. | ഒളവണ്ണ | 106250 | 3/17-18 | 21250 |
| 5. | പുറമേരി | 63750 | 1/17-18 | 18785 |
| 6. | എടച്ചേരി | 127500 | 4/17-18 | 12925 |
| 7. | വേളം | 1275000 | 2/17-18 | 686330 |

ചെലവഴിക്കുവാൻ ബാക്കിയുള്ള തുകയുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കേണ്ടതാണ്.

2. ഫാമുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കൽ നാളിതുവരെ പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 759/18 |
| പ്രോജക്ട് | ഫാമുകളുടെ സമഗ്ര മാസ്റ്റർ പ്ലാൻ<br>തയ്യാറാക്കൽ |
| തനത് ഫണ്ടിൽ നിന്നുംവകയിരുത്തിയ തുക | 5 ലക്ഷം രൂ |
| ചെലവഴിച്ച തുക | 5 ലക്ഷം രൂ |
| വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 5 ലക്ഷം രൂ |
| ചെലവഴിച്ച തുക | 0 |
| ഭരണാനുമതി | 23.5.17 തിയ്യതിയിലെ 50/17 നമ്പർ തീരുമാനം |
| അംഗീകാരം നല്കിയത് | ശ്രീമതി.എൻ.നന്ദിനി,<br>പ്രിൻസിപ്പൽ അഗ്രി . ഓഫീസർ<br>15/7/17 ലെ പി.എ.ഒ/22/ഡിപി/1/<br>17-18 നമ്പർ ഉത്തരവ് പ്രകാരം |
| സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശ | വികസന കാര്യ സ്റ്റാ.ക യുടെ<br>8.5.17ലെ69/17 നമ്പർ തീരുമാനം |
| തനത് ഫണ്ട് ചെലവ് വിശദാംശം | 2017-18ബിൽ രജിസ്റ്ററിലെ ക്രമനമ്പർ 729 ,<br>പേജ് നമ്പർ 59<br>(ചെക്ക് നമ്പർ നല്കിയിട്ടില്ല) |
| ഫയൽ നമ്പർ | TB(1) 13066 / 17 |
| തുക കൈപ്പറ്റിയത് | കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ ആൻഡ് എഞ്ചിനീയറിങ്<br>.തവനൂർ<br>കേരള കാർഷിക സർവ്വകലാശാല സ്ഥാപനം. |

ഫാമുകളുടെ സൗന്ദര്യവൽക്കരണം, ശാസ്ത്രീയ കൃഷിരീതി അവലംബിച്ചുകൊണ്ടുള്ള ഫാമുകളുടെ വികസനം, ഫാം ടൂറിസം വഴി വരുമാന വർദ്ധനവ് എന്നിവക്ക് ആവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനാണ് പ്രോജക്ട് വഴി ഉദ്ദേശിച്ചത്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. പദ്ധതി നടത്തിപ്പിനായി 500000 രൂപ കേരള കാർഷിക സർവ്വകലാശാലാ സ്ഥാപനം മുൻകൂറായി കൈപ്പറ്റിയെങ്കിലും കൈപ്പറ്റ് രശീത് നല്കിയിട്ടില്ല.

2. 2/2018 ൽ ജില്ലാ പഞ്ചായത്തുമായി ഒപ്പിട്ട കരാർ പ്രകാരം (നമ്പർ ഇല്ല) കരാർ ഒപ്പിട്ട തിയ്യതി മുതൽ 4 മാസത്തിനകമാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കേണ്ടത്. മാർച്ച് 15 നകം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കണം. എന്നാൽ ഓഡിറ്റ് പരിശോധിച്ച 10/2018 ലും മാസ്റ്റർ പ്ലാൻ തയ്യാറായിട്ടില്ല.

അപാകത വിശദീകരിക്കേണ്ടതാണ്.

## 3-55 മൃഗ സംരക്ഷണ പ്രോജക്ടുകൾ നടപ്പാക്കിയതിലെ അപാകത

മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവുകൾ പരിശോധിച്ചതിൽ വിശദാംശങ്ങൾ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I. ഹൈടെക് ഡയറിഫാം - പശുക്കളെ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | എസ്.ഒ 001/18, ഹൈടെക് ഡയറിഫാം - പശുക്കളെ വാങ്ങൽ. |
| വകയിരുത്തിയ തുക | 280000 രൂ |
| ചെലവഴിച്ച തുക | 231184 രൂ |
| ഫണ്ട് | വികസനഫണ്ട് - പൊതുവിഭാഗം |
| സ്റ്റാ.ക ശുപാർശ | 69/17 തിയ്യതി 8.5.17 (വികസനം) |
| ഭരണാനുമതി | 50/17 തിയ്യതി 23.5.17 |
| ട്രഷറി ബിൽ നമ്പർ,തിയ്യതി,തുക | DP5/17-18 തിയ്യതി12.1.18, 63192 രൂ<br>DP7/17-18 തിയ്യതി 6.3.18, 66232 രൂ<br>DP9/17-18 തിയ്യതി 26.3.18, 50880 രൂ<br>DP12/17-18 തിയ്യതി 31.3.18, 50880 രൂ |
| ഫയൽ നമ്പർ | ബി4/7179/17 |

വാങ്ങിയ പശുക്കളുടെ ഇൻഷ്വറൻസ് വിശദാംശങ്ങൾ

| ക്രമ നമ്പർ | പശുവിന്റെ ടാഗ് നമ്പർ | ഇൻഷ്വർ തുക (രൂ) | പ്രീമിയം (രൂ) | ഇൻഷ്വറൻസ് നല്കി കമ്പനി |
|---|---|---|---|---|
| 1. | 420012/942850 | 70000 | 3192 | ന്യൂഇന്ത്യ അഷ്വറൻസ് |
| 2. | 420028/882085 | 70000 | 1232 | |
| 3. | 420028/882030 | 50000 | 880 | |
| 4. | 420028/057616 | 50000 | 880 | |

പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. ഇൻഷ്വറൻസ് പ്രീമിയം അടച്ചതിന് ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും രശീത് ലഭിച്ചിട്ടില്ല.

2. വാങ്ങിയ പശുക്കളെ കുത്താളി ഫാമിന്റെ ലൈവ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി പറയുന്നുണ്ടെങ്കിലും ആയത് പരിശോധനക്ക് ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. ഓരോ പശുവിന്റേയും ഇൻഷ്വറൻസ് പ്രീമിയം തുക എന്ന ഇനത്തിൽ ചക്കിട്ടപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം എന്ന ഏജൻസിയുടെ രശീതുകൾ ഫയലിൽ കാണുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചക്കിട്ടപ്പാറ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ രശീത് നമ്പർ, തിയ്യതി | തുക (രൂ) |
|---|---|---|
| 1. | 129/8.12.17 | 3192 |
| 2. | 143/26.2.18 | 1232 |
| 3. | 146/20.3.18 | 880 |

| | | |
|---|---|---|
| 4. | 147/22.3.18 | 880 |

വികസന ഫണ്ട് ഉപയോഗിച്ച് കൂത്താളി ഹൈടെക് ഡയറിഫാമിലേക്ക് പശുക്കളെ വാങ്ങി നല്കുന്ന പ്രോജക്ടിൽ ചക്കിട്ടപ്പാറ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പങ്ക് എന്താണെന്ന് വ്യക്തമല്ല. 231184/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

II. മരുന്ന് വാങ്ങൽ പ്രോജക്ട്

| | |
|---|---|
| പ്രോജക്ട് നമ്പർ | 2/18 |
| പ്രോജക്ട് | ജില്ല വെറ്ററിനറി കേന്ദ്രം ലാബ്,ഫാമുകൾ എന്നിവിടങ്ങളിലേക്ക് ആവശ്യമായ മരുന്നുകളും റിയേജന്റുകളും ജൈവസുരക്ഷ കെമിക്കലുകളും വാങ്ങൽ. |
| വകയിരുത്തിയ തുക | 10 ലക്ഷം രൂ |
| ചെലവഴിച്ച തുക | 971704 രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| സ്റ്റാന്റിങ് കമ്മിറ്റി ശുപാർശ | 69/17-18 തിയ്യതി 8.5.17 (വികസനം) |
| ഭരണാനുമതി | 50/17 തിയ്യതി 23.5.17 |
| ട്രഷറി ബിൽ , തിയ്യതി, തുക | DP8/17-18 തിയ്യതി 06.03.18, 874217 രൂ<br>DP10/17-18 തിയ്യതി 26.03.18,<br>97487 രൂ<br>ആകെ 971704 രൂ |
| മരുന്ന് വിതരണം ചെയ്ത ഏജൻസികൾ | 1.ഡൈനാവെറ്റ് , കോഴിക്കോട്.<br>2. ജയ് മാരുതി അസോസിയേറ്റ്സ്<br>പാലക്കാട്. |
| മരുന്നുകൾ കൈപ്പറ്റിയത് | കോഴിക്കോട് ജില്ല വെറ്ററിനറി കേന്ദ്രം, ചാത്തമംഗലം റീജിയനൽ പൌൾട്രി ഫാം, കൂത്താളി ഹൈഹെക് ഡയറി ഫാം. |

മേൽപ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. 6.12.17 ലെ ബി4 – 6955/2017 നമ്പർ കത്ത് പ്രകാരമാണ് ജയ് മാരുതി എന്ന സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് / സപ്ലൈ ഓർഡർ നല്കിയത്. കത്ത് പ്രകാരം, ആവശ്യപ്പെട്ട മരുന്നുകൾ കത്ത് കൈപ്പറ്റി 7 ദിവസത്തിനകം അതാത് സ്ഥാപനങ്ങളിൽ വിതരണം നടത്തണം. കൂടാതെ 200 രൂപ മുദ്രപത്രത്തിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള എഗ്രിമെന്റ് വെക്കണം. എന്നാൽ ഇപ്രകാരം എഗ്രിമെന്റ് വെച്ചതായി ഫയലിൽ കാണുന്നില്ല. 23.2.2018 ലെ ബി4 – 6955 2017 നമ്പർ കത്ത് പ്രകാരം ഓർഡർ നല്കി 2 1/2 മാസം കഴിഞ്ഞിട്ടും മരുന്നുകൾ വിതരണം ചെയ്തില്ല എന്ന് ജില്ല മൃഗസംരക്ഷണ ഓഫീസ് ജയ് മാരുതി എന്ന ഏജൻസിയെ അറിയിച്ചതായി കാണുന്നു. എന്നാൽ ഇതിൽ കൂടുതൽ നടപടികളൊന്നും ഉണ്ടായില്ല. വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് സമിതിയുടെ ഇടപെടലും ഇക്കാര്യത്തിൽ ഉണ്ടായില്ല. ഒടുവിൽ സാമ്പത്തിക വർഷാവസാനമാണ് മരുന്നുകൾ വിതരണം ചെയ്തത്.

2. ജില്ല വെറ്ററിനറി കേന്ദ്രം, ആർ.പി.എഫ് ചാത്തമംഗലം , കൂത്താളി ഹൈടെക് ഫാം എന്നിവിടങ്ങളിലെ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭിച്ചിട്ടില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

III. ABC പദ്ധതി പ്രോജക്ട് നടപ്പാക്കിയതിലെ അപാകത
(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(60) 01.04.2017-31.12.2017 ചെലവ് ഓഡിറ്റ് റിപ്പോർട്ട് കൂടി കാണുക).

| | |
|---|---|
| പ്രോജക്ട് നമ്പർ | 177 |
| പ്രോജക്ട് | എ,ബി,സി പദ്ധതി വിഹിതം |
| വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 1618 രൂ |
| ചെലവഴിച്ച തുക | 0 |

| | |
|---|---|
| മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളിൽ നിന്നും വകയിരുത്തിയ തുക | 17456650 രൂ |
| ചെലവഴിച്ച തുക | 1490635 രൂ |

പ്രോജക്ട് ചെലവ് സംബന്ധിച്ച താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. പ്രോജക്ട് നിർവ്വഹണം ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് മോണിറ്റർ ചെയ്യതായി കാണുന്നില്ല. ആയത് 29.3.17തിയ്യതിയിലെ സ.ഉ.(എം.എസ്) 72/17/തസ്വഭവ നമ്പർ നിർദ്ദേശത്തിലെ ഖണ്ഡിക 14.6(1) പ്രകാരമുള്ള നിർദ്ദേശത്തിന് വിരുദ്ധമാണ്.

2. 3.4.17 തിയ്യതിയിലെ സ.ഉ.(എം.എസ്)80/17 തസ്വഭവ ഖണ്ഡിക 11.3 – 2 (1) പ്രകാരം സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ പ്രോജക്ട് നടപ്പാക്കുമ്പോൾ ഒരു നായയെ വന്ധ്യംകരിക്കുന്നതിന് സംഘടനക്ക് പരമാവധി നല്കാവുന്നത് 1900 രൂപയാണ്. എന്നാൽ ഇവിടെ "Animal Cruelty and Torture Prevention Squad (Action Squad)"എന്ന നിർവ്വഹണ ഏജൻസിക്ക് നല്കിയത് 1950 രൂ നിരക്കാണ്. 28.9.17 ലെ ഭരണസമിതി തീരുമാനം നമ്പർ 68/17(1) ക്രമനമ്പർ 2 പ്രകാരമാണ് നിരക്ക് 1950 രൂപയായി ഉയർത്തിയത്. അധികനിരക്ക് നല്കുന്നത് സാധൂകരിക്കുന്ന തരത്തിലുള്ള സർക്കാർ ഉത്തരവുകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ABC പദ്ധതി നടപ്പാക്കുന്നതിന് കോഴിക്കോട് ജില്ലയിലുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ നിരക്കുകളിലുള്ള തുകകൾ ലഭിച്ചിട്ടുണ്ട്. ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്നത് ടി.എസ്.ബി 716011400000023 നമ്പർ അക്കൌണ്ടിലാണ്. ജില്ല പഞ്ചായത്ത് സെക്രട്ടറി തയ്യാറാക്കി നല്കിയ കണക്ക് പ്രകാരം ഈ അക്കൗണ്ടിൽ നിന്നുള്ള വരവ് - , ചെലവ് വിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | വർഷം | വരവ് (രൂ), തുക നല്കിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ചെലവ് (രൂ) | നീക്കിയിരിപ്പ് (രൂ) |
|---|---|---|---|---|
| 1. | 2015-16 | 2600000 (13 ഗ്രാ.പ) | 1541732 | 13019588 |
| 2. | 2016-17 | 9711320 (49 ഗ്രാ.പ) | - | |
| 3. | 2016-17 | 1500000 (കോഴിക്കോട് ജില്ലാ പഞ്ചായത്ത്) | - | |
| 4. | 2016-17 | 750000 (3 മുനിസിപ്പാലിറ്റികൾ) | - | |
| 5. | 2017-18 | - | 2126485 | 10893103 |
| ആകെ | | 14561320 | 3668217 | 10893103 |

കൂടാതെ ABCഫണ്ടിലേക്ക് തുകകൾ നല്കിയ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈപ്പറ്റ് രശീതുകളോ, വിനിയോഗ സാക്ഷ്യപത്രമോ ജില്ല പഞ്ചായത്തിൽ നിന്നും നല്കിയിട്ടില്ല.എന്നാൽ ഈ അക്കൗണ്ടിന്റെ 31.3.2018 ലെ സ്റ്റേറ്റ്മെന്റ് വാങ്ങി പരിശോധിച്ചപ്പോൾ നീക്കിയിരിപ്പ് 18003434 രൂപയാണ്. അപാകത വിശദീകരിക്കേണ്ടതാണ്.

4. നിർവ്വഹണ ഏജൻസിയുടെ പ്രവർത്തനത്തെക്കുറിച്ച് ബഹുജന പരാതികൾ ഉയരുകയും പേരാമ്പ്രയിലെ എ.ബി.സി യൂണിറ്റിൽ 22.4.18 തിയ്യതിയിൽ 24 നായകൾ ചത്തൊടുങ്ങുകയും ചെയ്ത സാഹചര്യത്തിൽ

മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഏജൻസിക്ക് 30.4.18 ന് സ്റ്റോപ്പ് മെമ്മോ നല്കുകയും ഇവർക്ക് നല്കേണ്ട 156000 രൂപയുടെ (I.T അടക്കമുള്ള തുക) പേയ്മെന്റ് തടസ്സപ്പെടുത്തുകയും ചെയ്തു. ഇതിനെതിരെ നിർവ്വഹണ ഏജൻസി WP(C) 16132/2018 നമ്പറായി ബഹു.ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തു. കേസ് ഇപ്പോൾ ബഹു.കോടതിയുടെ പരിഗണനയിലാണ്. കേസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്.

5. 18.9.18 ലെ ABC review meeting minutes പ്രകാരം കുടുംബശ്രീ മിഷനെ പ്രോജക്ട് നടത്തിപ്പ് ഏല്പിക്കുന്നതിനെപ്പറ്റി ആലോചിച്ചിരുന്നു.
എന്നാൽ അംഗങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നല്കി പ്രോജക്ട് മുന്നോട്ട് കൊണ്ടുപോകുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ ഈ സാമ്പത്തിക വർഷം കൂടി ജില്ലാപഞ്ചായത്ത് നേരിട്ട് പ്രോജക്ട് നടപ്പാക്കുന്നതിന് തീരുമാനിച്ചു. ഇത് എത്രത്തോളം ഫലപ്രദമായി എന്നത് വ്യക്തമല്ല.പ്രോജക്ടിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കേണ്ടതാണ്.

6. ജില്ല മൃഗസംരക്ഷണ ഓഫീസറുടെ 11.9.18 ലെ ബി4 – 1893/17 നമ്പർ കത്ത് പ്രകാരം പേരാമ്പ്ര , കൊയിലാണ്ടി , ബാലുശ്ശേരി എന്നീ സ്ഥലങ്ങളിലെ സീനിയർ വെറ്ററിനറി സർജൻമാരോട് ആക്ഷൻ സ്കാഡിന് കൈമാറിയിരുന്ന സാധന സാമഗ്രികൾ തിരിച്ച ലഭിച്ചോ എന്നത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

7. ഡെപ്യൂട്ടിഡയറക്ടർ മൃഗസംരക്ഷണ വകുപ്പ് കോഴിക്കോട് ജില്ല കലക്ടർക്ക് നല്കിയ 3.5.18 ലെ ബി 4 -1893/17 കത്ത് പ്രകാരം ABC സെന്ററുകളായി ഉപയോഗിക്കുന്നതിന് കെട്ടിടങ്ങൾ നവീകരിക്കുന്നതിന് 469017 രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 693232 രൂപയും നായകളുടെ കൂട് നിർമ്മിക്കുന്നതിന് 848500 രൂ.യും ഓപ്പറേഷനുകൾ നടത്തിയ വകയിൽ 1657468 രൂയും ഇതുവരെ ആകെ ചെലവ് വന്നിട്ടുള്ളതാണ്. ഇത്രയധികം തുക ചെലവഴിച്ചുവെങ്കിലും നിലവിൽ പദ്ധതി സ്തംഭനാവസ്ഥയിലാണ്.

8. ഓഡിറ്റിന് പരിശോധനക്ക് ലഭിച്ച പ്രോജക്ടിന്റെ 2017 -18 വർഷത്തെ ചെലവിന്റെ സംക്ഷിപ്തം താഴെപ്പറയുന്നു.

| ക്രമ നമ്പർ | കാലയളവ് | വന്ധ്യംകരിച്ച നായകളുടെ എണ്ണം | നിരക്ക് (രൂ) | ആകെ (രൂ) | റിമാർക്സ് |
|---|---|---|---|---|---|
| 1. | 14.06.17 - 30.6.17 | 72 | 1450 | 104400 | - |
| 2. | 01.07.17 - 06.07.17 | 15 | 1450 | 21750 | - |
| 3. | 14.07.17 - 17.08.17 | 123 | 1450 | 178350 | - |
| 4. | 29.09.17 - 07.10.17 | 98 | 1950 | 191100 | - |
| 5. | 19.10.17 - 18.11.17 | 128 | 1950 | 249600 | - |
| 6. | 20.11.17 - 23.11.17 | 45 | 1950 | 87750 | - |
| 7. | 13.12.17 - 03.01.18 | 208 | 1950 | 405600 | - |
| 8. | 09.01.18 - 15.01.18 | 45 | 1950 | 87750 | - |
| 9. | 08.03.18 - 20.03.18 | 153 | 1950 | 298350 | - |
| 10 | 23.03.18 - 28.03.18 | 80 | 1950 | 156000 | തുക നല്കിയിട്ടില്ല. |

2017-18 വർഷത്തിൽ ആകെ പേയ്മെന്റ് : 1624650 രൂപ.
എന്നാൽ 2017 -18 വർഷത്തെ ഐ.കെ.എം ചെലവ് സ്റ്റേറ്റുമെന്റ് പ്രകാരം പ്രോജക്ടിന്റെ തൻവർഷത്തെ ആകെ ചെലവ് 1490635 രൂപയാണ്. അപാകത വിശദീകരിക്കേണ്ടതാണ്.

## 3-56 ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ പ്രോജക്ട് - അപാകത

2017 -18 വർഷത്തിൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വിതരണം ചെയ്യുന്നതിനായി താഴെപ്പറയും പ്രകാരം പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 033/18 |
| പ്രോജക്ട് | സമുദ്രമത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങൽ |
| വകയിരുത്തിയ തുക | 748000 രൂ |
| ചെലവഴിച്ച തുക | 691924 രൂ |

| ഫണ്ട് | വികസന ഫണ്ട് |
|---|---|
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 1/17-18,17.3.18,528293 രൂ<br>2/17-18,24.3.18,163631 രൂ<br>ആകെ 691924 രൂ |
| സ്റ്റാ.ക ശുപാർശ | വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 22.12.17 ലെ 123/17നമ്പർ തീരുമാനം |
| ഭരണാനുമതി | 28.12.17 ലെ 89/17(13) നമ്പർ തീരുമാനം |
| ഫർണിച്ചർ വിതരണം ചെയ്ത ഏജൻസി | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) |
| ഇൻവോയ്സ് നമ്പറുകൾ, തിയ്യതി | kadco/NRO/sales/17-18/233 തിയ്യതി 3.3.18<br>kadco/NRO/sales/17-18/304<br>തിയ്യതി 19.3.18 |
| വിതരണം ചെയ്ത ഫർണിച്ചർ | 1.സ്റ്റീൽ മേശ (120x60x75 cm 20 G) – 113 എണ്ണം<br>സ്റ്റീൽ കസേര – 113 എണ്ണം<br>തുക 528293 രൂ (18% GST അടക്കം, ആദ്യത്തെ ഇൻവോയ്സ് പ്രകാരം)<br>2. സ്റ്റീൽ മേശ – 35 എണ്ണം<br>സ്റ്റീൽ കസേര - 35 എണ്ണം<br>തുക 163631 രൂ (രണ്ടാമത്തെ ഇൻവോയ്സ് പ്രകാരം) |

ആകെ 148 വിദ്യാർത്ഥികൾക്കാണ് ഫർണിച്ചർ വിതരണം ചെയ്തത്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിതരണ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | ഫർണിച്ചർ കൈപ്പറ്റിയവർ |
|---|---|---|
| 1. | മൂടാടി | 7 |
| 2. | തിക്കോടി | 3 |
| 3. | അഴിയൂർ | 15 |
| 4. | ഒഞ്ചിയം | 88 |
| 5. | ചോറോട് | 35 |
| ആകെ | | 148 |

പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ 1.8.17 തിയ്യതിയോടെ വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അയച്ച കത്ത് പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹത മാനദണ്ഡങ്ങളും മുൻഗണന മാനദണ്ഡങ്ങളും താഴെപ്പറയുന്നവയാണ്.

| ക്രമ നമ്പർ | അർഹത മാനദണ്ഡങ്ങൾ |
|---|---|
| 1. | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾ. |
| 2. | 8,9,10, +1, +2 വരെയുള്ള ക്ലാസ്സുകളിൽ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ. |

| ക്രമ നമ്പർ | മുൻഗണന മാനദണ്ഡം | മാർക്ക് |
|---|---|---|
| 1. | കടൽ മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾ , BPL കുടുംബം | 1 |
| 2. | മാരകരോഗങ്ങൾ ബാധിച്ച മാതാപിതാക്കളുടെ മക്കൾ | 1 |
| 3. | മാതാവോ പിതാവോ നഷ്ടപ്പെട്ട കുട്ടികൾ | 1 |
| 4. | പെൺകുട്ടികൾ മാത്രമുള്ള കുടുംബം | 1 |
| 5. | മുൻപ് ധനസഹായം ലഭിക്കാത്തവർ | 1 |

പദ്ധതിയുടെ നോട്ട് ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി മുൻഗണന ക്രമത്തിൽ തെരഞ്ഞെടുക്കുന്നതിന് വിവിധ പഞ്ചായത്തുകളെ അറിയിച്ചുവെങ്കിലും ഒരു പഞ്ചായത്തും വിവരങ്ങൾ ലഭ്യമാക്കിയില്ല (നോട്ട് ഫയൽ 1.8.17, 11.8.17). 15.08.17 ലെ ഭരണസമിതി യോഗത്തിൽ പദ്ധതിക്കാവശ്യമായ ഗുണഭോക്താക്കളുടെ പട്ടിക പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കേണ്ടതില്ല എന്നും പകരം മത്സ്യത്തൊഴിലാളികളുടെ മക്കൾ കൂടുതലായി പഠിക്കുന്ന സ്കൂളുകളിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ട് ഗുണഭോക്തൃപട്ടിക തയ്യാറാക്കുവാൻ ജില്ല പഞ്ചായത്ത് സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ വാക്കാൽ നിർദ്ദേശം നല്കിയതായി രേഖപ്പെടുത്തി കാണുന്നു. തുടർന്ന് 27.09.17 വരെ 7 സ്കൂളുകളിൽ നിന്നായി 101 ആൺകുട്ടികളുടേയും 107 പെൺകുട്ടികളുടേയും പേരുവിവരങ്ങൾ ലഭിച്ചു. എന്നാൽ പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിരുന്നത് 125 പെൺകുട്ടികൾക്കും 75 ആൺകുട്ടികൾക്കും ഫർണിച്ചർ വിതരണം ചെയ്യുവാനാണ്. അപേക്ഷകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഓഫീസിൽ ലഭ്യമാക്കിയ തിയ്യതിയുടെ മുൻഗണന ക്രമത്തിൽ പരിഗണിക്കുവാൻ ജില്ല പഞ്ചായത്ത് സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ വാക്കാൽ നിർദ്ദേശം നല്കിയതായും ഹാജരാക്കിയ രേഖകളുടെയും കൂടി അടിസ്ഥാനത്തിൽ പരിശോധിച്ച് ജില്ല പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുന്നതായും 27.9.18 ലെ നോട്ട് ഫയൽ രേഖപ്പെടുത്തൽ കാണുന്നു. ഇങ്ങനെ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം 75 ആൺകുട്ടികളും 107 പെൺകുട്ടികളുമാണ് ഉണ്ടായിരുന്നത്.

സ.ഉ. (എം.എസ്.) നമ്പർ 80/2017 ത.സ്വ.ഭ.വ. തീയതി 03.04.2017 പ്രകാരം മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങൾക്ക് മാത്രമാണ് നടപ്പാക്കാവുന്നത്. പ്രോജക്ട് നടത്തിപ്പിലെ മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലോ അവ നടപ്പാക്കുന്നതിലോ ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല.

2. പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം ഗുണഭോക്താക്കളായ വിദ്യാർത്ഥികളെ എല്ലാ പഞ്ചായത്തുകളിൽ നിന്നും മുൻഗണന മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമസഭകൾ വഴി തെരഞ്ഞെടുത്ത് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ പഞ്ചായത്തുകളിൽ നിന്നും സമയോചിത പ്രതികരണം ഉണ്ടാകാത്തതിനാൽ മത്സ്യത്തൊഴിലാളികളുടെ മക്കൾ കൂടുതലായി പഠിക്കുന്ന സ്കൂളുകൾ വഴിയാണ് പദ്ധതി നടപ്പാക്കിയത്. ഇവിടെ ക്രിയാത്മക ഇടപെടൽ നടത്താൻ വർക്കിംഗ് ഗ്രൂപ്പിനോ മേൽനോട്ടം വഹിക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ സാധിച്ചിട്ടില്ല.

3. വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരവും സ്പെസിഫിക്കേഷനും പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ പ്രോക്യൂർമെന്റ് കമ്മിറ്റി എന്തെങ്കിലും ഇടപെടൽ നടത്തിയതായി ബന്ധപ്പെട്ട മിനട്സ് പരിശോധിച്ചതിൽ കാണുന്നില്ല.

4. ഗുണഭോക്താക്കളെ അതാത് പഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട മിനട്സ് ബുക്കുകളുടെ പ്രസക്ത ഭാഗങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധിക്കേണ്ടതുണ്ട്. ഇവ ഫയലിൽ ലഭ്യമല്ല.

5. ജില്ല പഞ്ചായത്ത് പ്രോജക്ടിന്റെ ഗുണഭോക്താക്കൾ ചിലപ്പോൾ അതാത് പഞ്ചായത്തുകളുടെ സമാന പ്രോജക്ടുകളിലും ഗുണഭോക്താക്കളായി വരാൻ സാധ്യതയുള്ളതായും ഇരട്ടിപ്പ് സംഭവിക്കാൻ സാധ്യതയുള്ളതായും ജില്ല പഞ്ചായത്ത് സെക്രട്ടറി 13.11.17 ലെ ഡി.ഡി.എഫ് / 2017 നമ്പർ കത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. എന്നാൽ ഇരട്ടിപ്പിനുള്ള സാധ്യത പൂർണ്ണമായും ഒഴിവാക്കുന്നതിന് ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല. ഏതൊക്കെ പഞ്ചായത്തുകളിലാണ് സമാന പ്രോജക്ട് തൻവർഷം/മുൻവർഷങ്ങളിൽ നടപ്പാക്കിയതെന്നും ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് ഫർണിച്ചർ ലഭിച്ചതെന്നുമുള്ള വിവരങ്ങൾ അതാത് പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയതായി കാണുന്നില്ല.

6. ഫർണിച്ചർ കൈപ്പറ്റിയ ചില വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുണ്ടെങ്കിലും പ്രോജക്ട് നടപ്പാക്കിയ വർഷത്തിൽ അംഗത്വം പുതുക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | പഠിക്കുന്ന ക്ലാസ് | രക്ഷിതാവിന്റെ ക്ഷേമനിധി ബോർഡ് അംഗത്വ നമ്പർ |
|---|---|---|---|
| 1. | അനന്തു കൃഷ്ണ.ബി<br>D/o ജയശീലൻ.ബി<br>ഒഞ്ചിയം പഞ്ചായത്ത്. | 9 | 362 |
| 2. | വൈഷ്ണവ് | 8 | 1123 |

| | | | |
|---|---|---|---|
| | S/oപ്രദീപൻ<br>ഒഞ്ചിയം പഞ്ചായത്ത്. | | |
| 3. | മുഹമ്മദ് ലിലാൽ<br>S/oശക്കരിയ്യ സി.പി<br>അഴിയൂർ പഞ്ചായത്ത്. | 8 | 660 |
| 4. | ആദിത്യൻഎം<br>S/oവനീഷ്, ഒഞ്ചിയം പഞ്ചായത്ത്. | 8 | 871 |
| 5. | സായൂജ്.പി.പി,<br>S/oബാബു,<br>ഒഞ്ചിയം പഞ്ചായത്ത് | 9 | 634 |
| 6. | റയിസ് .ഇ.സി,<br>S/oനഫിദ്.ഇ.സി<br>അഴിയൂർ പഞ്ചായത്ത് | 10 | 525 |
| 7. | അക്ഷയ പ്രസാദ്<br>S/oപ്രസാദ്,<br>ഒഞ്ചിയം പഞ്ചായത്ത്. | 9 | 648 |
| 8. | ആകാശ് പി.പി<br>S/oസുകമാരൻ .പി.പി<br>ഒഞ്ചിയം പഞ്ചായത്ത്. | 9 | 831 |

7. 03.04.2017 തീയതിയിലെ സ.ഉ.(എം.എസ്.) 80/2017 ത.സ്വ.ഭ.വ. ഖണ്ഡിക 12.1 ലെ നിർദ്ദേശം പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രോജക്ട് നടപ്പാക്കിയത് വിശദീകരിക്കേണ്ടതാണ്. അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 3-57 ജില്ലാ പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, നെറ്റ് വർക്കിംഗ്. I.K.M.പരിശോധനാ റിപ്പോർട്ട് പ്രകാരമുള്ള കമ്പ്യൂട്ടറുകൾ ലഭ്യമായില്ല

പ്രോജക്ട് നമ്പർ – 920/18.

വകയിരുത്തിയ തുക 870000. (തനത് ഫണ്ട്)

ചെലവു തുക 680400.

ജില്ലാപഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ, നറ്റ് വർക്കിംഗ്, ലാപ് ടോപ്പ്, യു.പി.എസ്, ക്യാമറ, എന്നിവ വാങ്ങിക്കുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം ടെണ്ടർ നടപടികളിലൂടെ ബിസയർ പവർ സൊല്യൂഷൻ, വാട്ടർ അതോറിറ്റി റോഡ് മലാപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും 10 ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, ഒരു ലാപ് ടോപ്പ്, ഒരു U.P.S. എന്നിവ വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് മുമ്പേ ആയതിന്റെ സ്പെസിഫിക്കേഷൻ I.K.M. ടി.എ പരിശോധിച്ച് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്, കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 5 വർഷ വാറന്റിയോട് കൂടി ലഭിച്ച 10 കമ്പ്യൂട്ടറുകളിൽ രണ്ടെണ്ണത്തിന്റെ I.K.M. ടി.എ. യുടെ പരിശോധനാ റിപ്പോർട്ട് പ്രകാരമുള്ള C.P.U.സീരിയൽ നമ്പറും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സീരിയൽ നമ്പറും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.വിശദ വിവരം താഴെ

| I.K.M.ടിഎയുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം സീരിയൽ നമ്പർ | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള C.P.U. സീരിയൽ നമ്പർ |
|---|---|
| UXBIJSIC 62H 1873626 | UXBIJSIC 62H 1873565 |
| UXBIJSI 630H 0694373 | UXBIJS 0630H 0694444 |

പരിശോധനാറിപ്പോർട്ട് പ്രകാരമല്ലാതെ ലഭിച്ച രണ്ട് കമ്പ്യൂട്ടറുകൾ ഉൾപ്പെടെ 4 കമ്പ്യൂട്ടറുകൾ ഇപ്പോൾ കേടായ അവസ്ഥയിലാണെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. ഗുണമേൻമ കുറഞ്ഞതും, I.K.M.ടിഎ യുടെ പരിശോധന റിപ്പോർട്ടിൽ രേഖപ്പെടുത്താത്തതുമായ കമ്പ്യൂട്ടറുകൾ ലഭിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും, U.P.S, ലാപ് ടോപ്പ് എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാനമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ തങ്ങളുടെ ഉത്തരവാദിത്വം ശരിയായ രീതിയിൽ നിറവേറ്റാത്തതാണ് ഇത്തരം അപാകതൾക്ക് കാരണം.കമ്പ്യൂട്ടറുകൾ മാറിലഭിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കേടായ കമ്പ്യൂട്ടറുകളുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതുമാണ്.

## **3-58** <u>നാളീകേര ഉത്പാദക കമ്പനികൾക്ക് ധനസഹായം- ഉത്പാദക കമ്പനികൾക്ക് കൈമാറിയ ധനസഹായം പൂർണമായും വിനിയോഗിച്ചില്ല.</u>

പ്രൊജക്ട് നമ്പർ – 1192/18

വകയിരുത്തിയ തുക – 6000000

